● വാർഷിക വരിസംഖ്യ: ₹ 60

# മലബാർ വിഷൻ

താമരശ്ശേരി രൂപതാ മുഖപത്രം

● 2025 ● ജൂലൈ-ആഗസ്റ്റ് ● പുസ്തകം: 08 ● ലക്കം: 04 ● RNI Regn No: KERMAL/2017/73545

# ഏകാധിപത്യവൽക്കരിക്കപ്പെടുന്ന ജനാധിപത്യം

**ഭരണഘടന ഉറപ്പു നൽകുന്ന സ്വാതന്ത്ര്യത്തോടെ ജീവിക്കാനും തന്റേതായ നിലപാടുകളിൽ ഉറച്ചു നിൽക്കാനും ഒരു പൗരന് ഇന്ന് സാധിക്കുന്നുണ്ടോ? മാറി വരുന്ന രാഷ്ട്രീയ സാഹചര്യങ്ങൾക്കനുസരിച്ച് തങ്ങളുടെ ജീവിതശൈലികളും ഭക്ഷണരീതികളും വരെ മാറ്റേണ്ട സാഹചര്യങ്ങൾ ഇന്ന് നിലവിലില്ലേ?**

## കവർ സ്റ്റോറി

ഫാ. മനോജ് കൊല്ലംപറമ്പിൽ

അരങ്ങുകളിലും മാധ്യമങ്ങളിലെ പരസ്യ പ്രചാരണങ്ങളിലും സാമൂഹിക സമ്പർക്ക മാധ്യമങ്ങളിലും ആഘോഷിക്കപ്പെട്ടു തീരേണ്ട ഒരു അവകാശവാദമല്ല സ്വാതന്ത്ര്യം. മറിച്ച് ഓരോ പൗരനും ഇരുപത്തിനാലു മണിക്കൂറും ജീവവായുപോലെ അനുഭവിക്കേണ്ട അവകാശമാണ്. അതാകട്ടെ സാമൂഹികവും, സാംസ്ക്കാരികവും രാഷ്ട്രീയപരവുമായ സ്വാതന്ത്ര്യങ്ങളുടെ ഒരു സങ്കലനവുമാണ്. ഇതിലേതെങ്കിലുമൊന്ന് അറിഞ്ഞോ അറിയാതെയോ അടർത്തി മാറ്റപ്പെട്ടാൽ ഈ സ്വാതന്ത്ര്യവും ആഘോഷങ്ങളും അർത്ഥശൂന്യമാകും.

ഭൂമിയിൽ സ്വാതന്ത്ര്യത്തോടെ ജീവിക്കാൻ കൊതിക്കാത്ത ആരുമുണ്ടാകില്ല. സ്വാതന്ത്ര്യത്തോടെ ജീവിക്കുന്നവർ യഥാർത്ഥത്തിൽ അതിന്റെ വില അറിയുന്നുമില്ല. പ്രാണൻ പോലെ വിലപ്പെട്ടതാണ് സ്വാതന്ത്ര്യം. ഭക്ഷണവും വസ്ത്രവും പാർപ്പിടവും മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങളിൽപ്പെട്ടതാണെന്ന് നമുക്ക് അറിയാം. ഇതൊക്കെയുണ്ടെങ്കിലും സ്വാതന്ത്ര്യമില്ലെങ്കിൽ ജീവിതം അർത്ഥമില്ലാത്തതായി മാറും.





റഷ്യയിൽ നിന്ന് ഒരു നായ അമേരിക്കയിൽ എത്തിയ കഥയുണ്ട്. 'എന്തിനാണ് അമേരിക്കയിലേക്ക് വന്നത്?' നായയോട് ഉദ്യോഗസ്ഥൻ ചോദിച്ചു. പല ഉത്തരങ്ങളും പ്രതീക്ഷിച്ചായിരുന്നു ചോദ്യം. എല്ലാവരെയും അമ്പരപ്പിച്ചുകൊണ്ട് നായയുടെ ഉത്തരമെത്തി, 'ഉച്ചത്തിലൊന്ന് കുരയ്ക്കാൻ.'

സ്വാതന്ത്ര്യം ഇല്ലാത്തതിന്റെ നൊമ്പരം അനുഭവിച്ചവർക്ക് സ്വാതന്ത്ര്യത്തെ കൂടുതൽ ആസ്വദിക്കാൻ കഴിയും എന്നതാണ് യാഥാർഥ്യം.

സ്വാതന്ത്ര്യത്തെക്കുറിച്ച് ഏറ്റവും നന്നായി ഒറ്റ വരിയിൽ പറഞ്ഞത് ചരിത്രത്തിൽ കൂടുതൽ കാലം സ്വാതന്ത്ര്യത്തിനു വേണ്ടി പാരതന്ത്ര്യം അനുഭവിച്ച നെൽസൺ മണ്ടേലയാണ്. അദ്ദേഹം എഴുതി, 'ഒരാളുടെയെങ്കിലും സ്വാതന്ത്ര്യം അടർത്തി മാറ്റുന്നത് എല്ലാ ജനങ്ങളുടെയും സ്വാതന്ത്ര്യം നിഷേധിക്കുന്നതിന് തുല്യമാണ്.'

### നമ്മൾ ഇന്നെവിടെ?

ബ്രിട്ടീഷുകാരുടെ നീണ്ടകാലത്തെ അടിമത്തത്തിൽ നിന്ന് രക്ഷപ്പെട്ടതിനോപ്പം ലക്ഷക്കണക്കിനുപേർ മരിക്കുകയും ഒന്നരക്കോടിയോളം ജനങ്ങൾ അഭയാർത്ഥികളാകുകയും ചെയ്ത സന്ദർഭവുമാണ് ഇന്ത്യൻ സ്വാതന്ത്ര്യലബ്ധി. പക്ഷേ, ആ മുറിവുകളിൽ നിന്ന് രോഗങ്ങളുടെയും പട്ടിണി മരണങ്ങളുടെയും നിരന്തര പീഡകളുടെയും പരീക്ഷണ കാലഘട്ടത്തിൽ നിന്ന് നാം ഏറെ മുന്നോട്ടു പോയിരിക്കുന്നു. ഇന്ന് ആഗോള നയതന്ത്രരംഗത്തെ പ്രധാന ജനാധിപത്യ രാഷ്ട്രമായും സാമ്പത്തിക, സാങ്കേതിക ശക്തിയായും എല്ലാ വികസ്വരരാജ്യങ്ങളുടെയും ഊർജ്ജമായും തലയെടുപ്പോടെ നിൽക്കുകയാണ് നമ്മുടെ രാജ്യം.

പ്രസിദ്ധമായ അർധരാത്രി പ്രസംഗത്തിൽ ജവഹർലാൽ നെഹ്റു ഉദ്ഘോഷിച്ചതുപോലെ സ്വാതന്ത്ര്യം പ്രദാനം ചെയ്ത അവസരം ഉപയോഗിച്ച് ധൈര്യത്തോടെയും വിവേകത്തോടെയും ഭാവിവെല്ലുവിളികളെ നേരിട്ട് മുന്നോട്ടു നീങ്ങിയ ഒരു സമൂഹമാണോ നമ്മുടേത്? ഇക്കഴിഞ്ഞ വർഷങ്ങൾകൊണ്ട് സ്വതന്ത്രമായ ഒരു രാജ്യമെന്ന നിലയിൽ നമ്മുടെ സ്വാതന്ത്ര്യം കൂടുതൽ അർത്ഥപൂർണമായോ? ഒരു പൗരന് ഭരണഘടന ഉറപ്പു നൽകുന്ന സ്വാതന്ത്ര്യത്തോടെ ജീവിക്കാനും തന്റെ നിലപാടുകളിൽ ഉറച്ചു നിൽക്കാനും ഇന്ന് സാധിക്കുന്നുണ്ടോ? മാറി വരുന്ന രാഷ്ട്രീയ സാഹചര്യങ്ങൾക്കനുസരിച്ച് തങ്ങളുടെ ജീവിതശൈലികളും ഭക്ഷണരീതികൾ വരെയും മാറ്റേണ്ട സാഹചര്യങ്ങൾ ഇന്ന് നിലവിലുണ്ട് എന്നത് ചിന്തിക്കേണ്ടതല്ലേ? സ്വന്തം ആഗ്രഹം അനുസരിച്ച് സാംസ്കാരികാനുരൂപണത്തിന്റെ ഭാഗമായി പാശ്ചാത്യ ശൈലിയിലുള്ള വസ്ത്ര ധാരണം പോലും സൈബർ ഇടങ്ങളിൽ നിശിതമായ വിമർശനങ്ങൾക്ക് വഴി തുറക്കുന്നിടത്ത് സ്വാതന്ത്ര്യത്തിന്റ വ്യാപ്തി പുനനിർവചിക്കപ്പെടേണ്ടതല്ലേ?

പേജ് മൂന്നിൽ തുടരുന്നു ▸



## എഡിറ്റോറിയൽ

● പുസ്തകം: 8 ● ലക്കം: 4

# സ്വാതന്ത്ര്യദിന പുലരിയിലെ ആത്മവിശ്വാസവും ആശങ്കകളും

1947 ആഗസ്റ്റ് 14–ന് പാതിരാമണി മുഴങ്ങിയപ്പോൾ ഇന്ത്യ ഉണർന്നെഴുന്നേറ്റത് ഒരു പുതുജീവിതത്തിലേക്കും സ്വാതന്ത്ര്യത്തിലേക്കുമാണ്. ചരിത്രത്തിൽ അത്യപൂർവമായി മാത്രം വരുന്ന നിമിഷം. പഴമയിൽ നിന്ന് പുതുമയിലേക്ക് കാലെടുത്തു വച്ചിരിക്കുന്നു. ദീർഘകാലം അടിച്ചമർത്തപ്പെട്ടുകിടന്ന ഒരു ജനതയുടെ ആത്മാവിന് ഊർജം ലഭിക്കുകയാണ്. യഥാർത്ഥത്തിൽ ഈ ദിനം ആത്മവിശ്വാസത്തിന്റെയും ആത്മവിചാരണയുടേതുമാണ്.

ലോകത്തെ ഏറ്റവും വലിയ ജനാധിപത്യരാജ്യമായ നമ്മുടെ രാജ്യം അഖണ്ഡമായി നിലനിൽക്കുന്നത് ചെറിയ ആത്മവിശ്വാസമല്ല തരുന്നത്. അടിയന്തരാവസ്ഥക്കാലം ഒഴിച്ചു നിർത്തിയാൽ രാജ്യത്തിന്റെ ഭരണഘടന മരവിച്ചുനിന്ന ഒരു ഘട്ടവും ഉണ്ടായിട്ടില്ല. നിയമനിർമ്മാണ നീതിന്യായ ഭരണനിർവഹണ വിഭാഗങ്ങൾ ഭരണഘടനാദത്തമായ സന്തുലിതാവസ്ഥ വിട്ട് ഒന്ന് മറ്റൊന്നിലേക്ക് കടന്നു കയറുന്നില്ല. വലിയ രാഷ്ട്രീയ കുതന്ത്രങ്ങൾ അരങ്ങേറുമ്പോഴും ഇന്ത്യൻ മതേതരത്വവും മതസൗഹാർദവും വലിയ അട്ടിമറികളില്ലാതെ മുന്നോട്ടുപോകുന്നുണ്ട്.

ബഹുമത, ബഹുസ്വര സമൂഹത്തിന്റെ സഹിഷ്ണുതയും പാരസ്പര്യവും വിട്ടുവീഴ്ച്ചകളും ഇവിടെ പുലരുന്നു. രാഷ്ട്രത്തിലെ വ്യക്തികൾക്ക് വിഭിന്നമായ മതമുണ്ട് എന്നാൽ രാഷ്ട്രത്തിന് മതമില്ല എന്ന അടിസ്ഥാന തത്വം ലംഘിക്കപ്പെടുമ്പോഴെല്ലാം ശക്തമായ ചോദ്യങ്ങൾ ഉയർന്നുവന്നത് ആവേശകരമാണ്. വിയോജിപ്പിനുള്ള ഇടം ചുരുക്കിക്കളയാൻ ഭരണകൂടം അതിന്റെ മർദ്ദനോപാധികൾ ഉപയോഗിച്ച് പരമാവധി പരിശ്രമിക്കുമ്പോഴും ശക്തമായ എതിർസ്വരങ്ങളും ചെറുത്തുനിൽപ്പുകളും ഉയരുന്നത് ഇന്ത്യൻ ജനാധിപത്യം ജീവനുള്ള ഒന്നായി തുടരുന്നതിന്റെ തെളിവല്ലാതെ മറ്റെന്താണ്.

ഈ ആത്മവിശ്വാസങ്ങൾക്കെല്ലാം അപ്പുറത്ത് ഉയരുന്ന ഗുരുതരമായ ചില ആശങ്കകളുണ്ട്. അതിൽ ഏറ്റവും പ്രധാനം ജനാധിപത്യത്തിന്റെ തിരുത്തൽശേഷി അസ്തമിക്കുന്നുവോ എന്നതാണ്. നമുക്കൊപ്പം സ്വാതന്ത്ര്യം നേടിയ പല രാജ്യങ്ങളിലും ഇന്ന് പേരിനുപോലും ജനാധിപത്യം അവശേഷിക്കുന്നില്ല എന്നത് ഇന്ത്യയെ വേറിട്ടുനിർത്തുന്നു.

ഇന്ത്യയെന്നത് അത്രപെട്ടന്ന് അണഞ്ഞുപോകുന്ന ദീപമല്ല, കാരണം നമ്മുടെ ഭരണഘടന അത്രമേൽ ശക്തവും കരുത്തുറ്റതുമാണ്.

# കാത്തുസൂക്ഷിക്കണം സ്വാതന്ത്ര്യം, കണ്ണിലെ കൃഷ്ണമണി പോലെ

## ഇടയശബ്ദം



**മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**

*'നിങ്ങൾ സത്യം അറിയുകയും സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും' (യോഹ. 8:32).*

തിന്മയുടെ അടിമത്തത്തിന്റെ നുകം അഴിച്ചു മാറ്റി ക്രിസ്തു നമ്മെ സ്വാതന്ത്ര്യത്തിലേക്ക് കൈപിടിച്ചുയർത്തി. ആഗസ്റ്റ് പതിനഞ്ച് ഓരോ ഭാരതീയനെ സംബന്ധിച്ചും അഭിമാനദിനമാണ്. രാജ്യത്തിന്റെ സ്വാതന്ത്ര്യദിനവും പരിശുദ്ധ ദൈവമാതാവിന്റെ സ്വർഗാരോപണ തിരുനാളും ഒരേ ദിവസമാണ് നാം ആചരിക്കുന്നത്.

ഭരണപരമായ സ്വാതന്ത്യം നേടിയ നമ്മുടെ രാജ്യം എല്ലാ പൗരന്മാർക്കും ഭരണ സ്വാതന്ത്ര്യത്തിന്റെ ഗുണപരമായ പങ്ക് നൽകുന്നതിന് പരിശ്രമിച്ചുകൊണ്ടിരിക്കണം. സമത്വവും സാഹോദര്യവും ഭരണപരമായ സ്വാതന്ത്ര്യത്തിന്റെ നിദർശന ഭാവങ്ങളാണ്. ഈ രാജ്യത്തിന്റെ ഐശ്വര്യത്തിന്റെ പങ്ക് സമത്വഭാവങ്ങളോടു കൂടി എല്ലാവർക്കും അനുഭവിക്കാൻ കഴിയുന്ന അവസ്ഥയും രാജ്യത്തിന്റെ നന്മകളും സാധ്യതകളും എല്ലാവർക്കും നൽകുന്നതിനുള്ള നിശ്ചയദാർഢ്യവും ഭരണസ്വാതന്ത്ര്യത്തിന്റെ നേർക്കാഴ്ച്ചയാണ്. ലോകരാഷ്ട്രങ്ങൾക്കിടയിൽ വൻശക്തിയാകുവാൻ ഭാരതം ശ്രമിക്കുന്നതിനിടയിൽ നമ്മുടെ സഹോദരങ്ങളെ നമ്മുടെ നാട്ടിൽ ജാതിയുടെയും മതത്തിന്റെയും നിറത്തിന്റെയും അടിസ്ഥാനത്തിൽ അകറ്റി നിർത്തുന്നതും പീഡനത്തിന് വിധേയരാക്കുന്നതും നാടിന് തീരാക്കളങ്കമാണ്. നീതിന്യായ വ്യവസ്ഥകൾ അഭംഗുരം പാലിക്കപ്പെടണം. ഭരണഘടന അട്ടിമറിക്കപ്പെടരുത്. ഭരണസ്വാതന്ത്ര്യം ലഭിച്ച നമ്മുടെ നാട്ടിൽ നമ്മുടെ പൂർവപിതാക്കന്മാർ ആലോചനയോടെ കുറിച്ചുവച്ച വിശ്വപ്രസിദ്ധമായ ഇന്ത്യൻ ഭരണഘടനയിലെ മതസ്വാതന്ത്ര്യം അന്യൂനമായി പരിരക്ഷിക്കപ്പെടുന്നു എന്നുള്ളത് സ്വതന്ത്ര ഭാരതത്തിന്റെ വ്യക്തിത്വത്തെ വിളിച്ചറിയിക്കുന്നു.

ഭാരതീയ സംസ്ക്കാരത്തിന്റെ അടിത്തറ തന്നെ ലോകാഃ സമസ്താഃ സുഖിനോ ഭവന്തു എന്ന ആത്മീയ ചിന്തയാണെന്ന് ഓർക്കാം. മതസൗഹാർദത്തിനും സഹിഷ്ണുതയ്ക്കും അഹിംസയ്ക്കും പേരുകേട്ട നമ്മുടെ മതേതരത്വത്തിന്റെ യശസ് എന്നും വാനോളം ഉയരട്ടെ.

പരിശുദ്ധ ദൈവമാതാവിന്റെ സ്വർഗാരോപണ തിരുനാൾ ഇമ്മാനുവേൽ അനുഭവത്തിന്റെ തുടർച്ചയാണ്. സ്വർഗ്ഗത്തിൽ തന്റെ പുത്രന്റെ സന്നിധിയിൽ നമുക്കായി ഒരുക്കപ്പെട്ടിരിക്കുന്ന വാസസ്ഥലത്ത് പരിശുദ്ധ അമ്മ രാജ്ഞിയായി അവരോധിക്കപ്പെട്ടിരിക്കുന്നു.

ദൈവഹിതം അന്വേഷിച്ചും ദൈവഹിതത്തിന് വിധേയപ്പെട്ടും യഥാർഥ സ്വാതന്ത്ര്യത്തിൽ ജീവിച്ച കന്യകാമറിയം നമ്മുടെ ക്രിസ്തീയ ജീവിതത്തിന് മാതൃകയും മധ്യസ്ഥയുമാണ്. 'ഇതാ കർത്താവിന്റെ ദാസി നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ'യെന്ന മറിയത്തിന്റെ സമ്മതം സ്വാതന്ത്ര്യത്തിന്റെ അടിയറവല്ല ഉദാത്തതയാണ് വരച്ചു കാണിക്കുന്നത്. സ്വാതന്ത്ര്യത്തെക്കുറിച്ച് ഉന്നതമായ സങ്കൽപ്പവും ജീവിത വിശുദ്ധിയെക്കുറിച്ച് നന്മനിറഞ്ഞ പ്രതീക്ഷയും ജ്വലിപ്പിച്ചുകൊണ്ടാണ് ഈ മാസങ്ങൾ കടന്നുപോകുന്നത്. തമോഗർത്തം പോലെ അസഹിഷ്ണുതയുടെ അന്ധകാരം ചുറ്റും വ്യാപിക്കുമ്പോൾ സ്വർഗാരോപിത രാജ്ഞിയിലേക്ക് നമുക്ക് കണ്ണുകളുയർത്താം ഏവർക്കും സ്വാതന്ത്ര്യദിനത്തിന്റെയും സ്വർഗാരോപണ തിരുനാളിന്റെയും ആശംസകൾ നേരുന്നു.

# മനുഷ്യബന്ധങ്ങളുടെ മാന്ദ്യകാലം

## അകം പുറം



**കെ.എഫ്. ജോർജ്**

ജിഡിപി നോക്കിയാണ് ഒരു രാജ്യം സാമ്പത്തികമായി നല്ല നിലയിലാണോ എന്നു വിലയിരുത്തുക. മൊത്തം ആഭ്യന്തര ഉൽപാദന മൂല്യത്തിന്റെ അളവായ ജിഡിപി കുറയുമ്പോൾ രാജ്യം സാമ്പത്തിക മാന്ദ്യത്തിലേക്കു നീങ്ങുന്നു. കൂടുതൽ തകർച്ച ഒഴിവാക്കാൻ നടപടികളെടുക്കാം.

ഗുണപരമായ മനുഷ്യബന്ധങ്ങളിലെ മാന്ദ്യം വർദ്ധിച്ചു വരുകയാണെന്ന് പഠനങ്ങൾ തെളിയിക്കുന്നു. ഇന്റർനെറ്റും സാമൂഹിക മാധ്യമങ്ങളുമെല്ലാം ഏറെ ഓൺലൈൻ സുഹൃത്തുക്കളെ ദിവസവും സമ്മാനിക്കുമ്പോഴാണ് ഈ വൈരുധ്യം. ടെക്നോളജി വളരുംതോറും ഈ മാന്ദ്യം കൂടിക്കൊണ്ടിരിക്കുന്നതിനാൽ ജിഡിപി കാര്യങ്ങളിലേതുപോലെ ഒറ്റമൂലി പരിഹാരങ്ങളില്ല.

അമേരിക്കയിൽ ഈ വർഷം നടന്ന ഒരു സർവേയിൽ ഏകാന്തത ഇഷ്ടപ്പെടുന്നവർ കൂടിക്കൊണ്ടിരിക്കുന്നതായി കണ്ടെത്തി. ജോലിയിലും സ്വന്തം ജീവിതത്തിലും മാത്രം ശ്രദ്ധ. 40% ചെറുപ്പക്കാർക്ക് ഓൺലൈൻ സുഹൃത്തുക്കൾ മാത്രമേയുള്ളു.

ഇത് എല്ലായിടത്തേയും കാര്യമാണ്. കണക്കിൽ ചില ഏറ്റക്കുറച്ചിലുകൾ ഉണ്ടാകാമെന്നു മാത്രം. പരിചിത ശബ്ദം നേരിട്ടു കേൾക്കുമ്പോൾ സമ്മർദ്ദ ഹോർമോണായ കോർട്ടിസോൾ കുറയുകയും സന്തോഷ ഹോർമോണായ ഓക്സിടോക്സിൻ കൂടുകയും ചെയ്യും. കൈപിടിച്ചുകൊണ്ട്, കണ്ണിൽ നോക്കി വിശേഷങ്ങൾ പങ്കിടുമ്പോൾ കിട്ടുന്ന ആനന്ദം ആ തിളക്കത്തിൽ വീഡിയോ കോളിൽ കിട്ടണമെന്നില്ല.

ജീവിതത്തിനു വേഗം കൂടുമ്പോൾ 'ഞാൻ ഇഷ്ടപ്പെടുന്ന ജീവിതം ഞാൻ സൃഷ്ടിക്കുന്നു' എന്ന ന്യായത്തിൽ ഏകാന്തതയിലേക്കു പിൻവലിയുന്നു. ഏകാന്തത അതിൽത്തന്നെ ഇന്ധനം നിറഞ്ഞ അവസ്ഥയാണെന്നു അമേരിക്കൻ എഴുത്തുകാരൻ ജോൺ കാച്ചാപ്പോ വിശേഷിപ്പിക്കുന്നു. അതു ജ്വലിച്ചു നിൽക്കുമ്പോൾ യാഥാർത്ഥ്യത്തിൽ നിന്ന് അകന്നു പോകും. അനാവശ്യമായി പേടിക്കും. എല്ലാം തിരസ്ക്കരിക്കാനുള്ള പ്രവണത കൂടും. ഏകാന്തതയെ പുണരുമ്പോൾ കാര്യങ്ങളെ പച്ചയായി വിലയിരുത്താനുള്ള കഴിവാണ് കൈമോശം വരുന്നത്.

വീട്ടിലെ ഓമനമൃഗത്തിന് എന്തോ രോഗം വന്നുവെന്ന കാരണത്താൽ ഒരു വിദ്യാർത്ഥി എൻഐടിക്ക് അടുത്തുള്ള കളൻതോടു വച്ച് ജെസിബിക്ക് മുമ്പിലേക്കു ചാടി ജീവൻ ഒടുക്കാൻ ശ്രമിച്ചത് അടുത്തയിടെയാണ്. ജെസിബി മെല്ലെയായിരുന്നതിനാൽ അവൻ രക്ഷപ്പെട്ടു.



സാങ്കേതിക വളർച്ച മനുഷ്യബന്ധങ്ങൾ എളുപ്പമാക്കി. പക്ഷേ, ചങ്കിൽ തൊടുന്ന, വിഷമാവസരങ്ങളിൽ പരസ്പരം ഊന്നുവടിയാകുന്ന ഊഷ്മള ബന്ധങ്ങൾ ഒരു യന്ത്രത്തിനും സൃഷ്ടിക്കാനാവില്ല.

ദാമ്പത്യത്തിൽ തുറന്ന സംസാരവും പെരുമാറ്റവും കുറയുമ്പോൾ പരസ്പരം പ്രോത്സാഹിപ്പിക്കാനും തിരുത്താനുമുള്ള ഇടമാണ് നഷ്ടമാകുന്നത്. 'എനിക്ക് എന്റെ കാര്യം, നിനക്ക് നിന്റെ കാര്യം' എന്ന മട്ടിലേക്ക് കാര്യങ്ങൾ നീങ്ങുമ്പോൾ ഈ ബന്ധം ലക്ഷ്യത്തിൽ നിന്ന് അകലുന്നു. വിവാഹത്തെ വള്ളിക്കെട്ടായി കണ്ട് വിവാഹത്തിലുള്ള താൽപ്പര്യം കുറയുന്നു. സമ്പത്തുവഴിയുള്ള സ്വയംപര്യാപ്തതയും സാങ്കേതിക വളർച്ച നൽകുന്ന മിഥ്യാബോധങ്ങളും ജീവിതത്തെ ആർദ്രവും സുന്ദരവുമാക്കുന്ന ബന്ധങ്ങളെ തിരസ്ക്കരിക്കാൻ പ്രേരിപ്പിക്കുന്നു.

ഉപയോഗിക്കാത്ത ഓട്ടുപാത്രങ്ങളും വിളക്കുകളും ഇടയ്ക്കിടെ മിനുക്കിയില്ലെങ്കിൽ ക്ലാവുപിടിച്ചുപോകും. ബന്ധങ്ങളും അങ്ങനെയാണ്. എന്നാൽ സ്നേഹം ദീർഘക്ഷമയുള്ളതാണ്. എത്രകാലം വേണമെങ്കിലും കാത്തിരിക്കും.

വിരമിച്ച സ്ഥാപനത്തിൽ വീണ്ടും ചെല്ലുമ്പോൾ അവിടെയുള്ളവരുടെ പെരുമാറ്റം ബന്ധങ്ങൾക്ക് നമ്മൾ എന്തുമാത്രം വിലകൊടുത്തിരുന്നുവെന്ന് വ്യക്തമാക്കും. ഉയർന്ന പദവിയിലുള്ളവർ നൽകുന്ന സ്വീകരണം ഔപചാരികമാകാം. എന്നാൽ പ്യൂൺ, തൂപ്പുകാർ തുടങ്ങിയവർ സ്നേഹം പങ്കിടുകയും വിശേഷം തിരക്കുകയും ചെയ്യുന്നുണ്ടെങ്കിൽ അന്നുകാണിച്ച മനുഷ്യപ്പറ്റിന്റെ ബാക്കിപത്രമാണെന്നു കണക്കാക്കാം.

കറയില്ലാത്ത ഊഷ്മളബന്ധങ്ങൾ സൗഭാഗ്യങ്ങളിലേക്കു നയിക്കുന്നു. പഴയ നിയമത്തിലെ റൂത്തിന്റെ ജീവിതം അതാണ് പറയുന്നത്. അമ്മായിയമ്മ നവോമി ഏറെ നിർബന്ധിച്ചിട്ടും പിരിഞ്ഞുപോകാതെ അവരെ പിന്തുടർന്ന റൂത്തിൽ നിന്നാണ് ദാവീദിന്റെ വല്യപ്പനായ ഓബദ് പിറക്കുന്നത്. റൂത്ത് അങ്ങനെ ദൈവപുത്രന്റെ വംശപരമ്പരയിലെ ഒരു കണ്ണിയായി ഉയർത്തപ്പെടുന്നു.

# സ്വാതന്ത്ര്യം പാതിവഴിയിലോ?

**സ്വാതന്ത്ര്യത്തെ രൂപവൽക്കരിക്കുന്ന കാര്യത്തിലും അതിന്റെ യഥാർത്ഥ ബഹിർസ്ഫുരണമായ പൗരാവകാശങ്ങളുടെ കാര്യത്തിലും ഇന്ത്യ പാതിവഴിയിലാണെന്നാണ് വിലയിരുത്തൽ**

▸ പേജ് ഒന്നിൽ നിന്ന് തുടർച്ച

അഞ്ചു ദശകമായി ലോകരാഷ്ട്രങ്ങളുടെ സ്വാതന്ത്ര്യത്തെ വിലയിരുത്തുന്ന ഫ്രീഡം ഇൻ ദ വേൾഡ് റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്ന ഫ്രീഡം ഹൗസ് എന്ന സംഘടനയുടെ സ്വാതന്ത്ര്യസൂചികയിൽ നൂറിൽ 66–ാം സ്ഥാനത്താണ് ഇന്ത്യ. രാഷ്ട്രീയ അവകാശങ്ങളുടെ കാര്യത്തിൽ 40–ൽ 33–ാം സ്ഥാനത്തും പൗരാവകാശങ്ങളിൽ 60–ൽ 33–ാം സ്ഥാനത്തിലുമാണ് ഇന്ത്യ. 78 വർഷം മുമ്പ് പൂർണമായും സ്വതന്ത്രയായ ഇന്ത്യയെ വിശേഷിപ്പിക്കുന്നത് ഭാഗികമായി സ്വതന്ത്രമായ (Partly free) രാജ്യം എന്നാണ്. എല്ലാ തരത്തിലുമുള്ള സ്വാതന്ത്ര്യത്തെ വിശകലനം ചെയ്താണ് അവർ ഇങ്ങനെയൊരു വിലയിരുത്തൽ നടത്തിയിരിക്കുന്നത്.

തെരഞ്ഞെടുപ്പിന്റെയും രാഷ്ട്രീയ പ്രക്രിയകളുടെയും കാര്യത്തിൽ ഇന്ത്യക്ക് മുഴുവൻ മാർക്കും നൽകുമ്പോഴും പൂർണമായ സ്വാതന്ത്ര്യത്തെ രൂപവൽക്കരിക്കുന്ന കാര്യത്തിലും അതിന്റെ യഥാർത്ഥ ബഹിർസ്ഫുരണമായ പൗരാവകാശങ്ങളുടെ കാര്യത്തിലും ഇന്ത്യ പാതിവഴിയിലാണെന്നാണ് അവരുടെ വിലയിരുത്തൽ.

രാജ്യങ്ങളുടെ ജനാധിപത്യത്തെ സമഗ്രമായി വിശകലനം ചെയ്യുന്ന സ്വീഡനിലെ പ്രശസ്തമായ യൂണിവേഴ്സിറ്റി ഓഫ് ഗോഥെൻബെർഗിനു കീഴിലുള്ള 'വി–ഡെം' (വെറൈറ്റീസ് ഓഫ് ഡെമോക്രസി) എന്ന ഗവേഷണ സ്ഥാപനത്തിന്റെ വിലയിരുത്തലിൽ ഇന്ത്യയുടെ സ്ഥാനം ഇക്കാര്യത്തിൽ പ്രത്യാശ്യാ പൂർണമല്ല. റഷ്യയേയും തുർക്കിയേയും പോലെ തെരഞ്ഞെടുക്കപ്പെട്ട ഏകാധിപത്യമാണ് ഇന്ത്യയിലെന്ന് അവർ റിപ്പോർട്ടിലൂടെ സ്ഥാപിക്കുന്നു. 'വി–ഡെം' റിപ്പോർട്ടു പ്രകാരം 42 രാജ്യങ്ങൾ ഇത്തരത്തിൽ ഏകാധിപത്യവൽക്കപ്പെടുകയാണ്. വെറും 29% ജനങ്ങൾ മാത്രമാണ് പൂർണമായും സ്വതന്ത്ര രാജ്യങ്ങളിൽ ജീവിക്കുന്നത്.

നിയമവിരുദ്ധവും സ്വേച്ഛാപരവുമായിട്ടുള്ള തടങ്കലുകൾ, രാഷ്ട്രീയ കൊലപാതകങ്ങൾ, പൊലീസ് അതിക്രമങ്ങൾ, സ്വകാര്യതാ ധ്വംസനം എല്ലാത്തരം ന്യൂനപക്ഷങ്ങളോടുമുള്ള വിവേചനങ്ങൾ, ലൈംഗിക അതിക്രമങ്ങൾ അങ്ങനെ ഒരു കൂട്ടം കാര്യങ്ങളാൽ ഇന്ത്യ വിമർശിക്കപ്പെടുന്നു. ഇവ അന്തർദേശീയതലത്തിൽ ഇന്ത്യയുടെ ജനാധിപത്യ സ്വാതന്ത്ര്യ പരിസ്ഥിതിയെക്കുറിച്ച് നല്ല പ്രതിച്ഛായകളല്ല സൃഷ്ടിക്കുന്നത്.

ലോകരാഷ്ട്രങ്ങളുടെ മുന്നിൽ അഭിമാനിക്കാവുന്ന പല മേഖലകളിലും നമ്മുടെ രാജ്യം വളർന്നിട്ടുണ്ട്. എന്നാൽ അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിലും പ്രാഥമിക വിദ്യാഭ്യാസം ഉറപ്പു വരുത്തുന്നതിലും നമ്മുടെ പല സംസ്ഥാനങ്ങളും ഏറെ പിന്നിലാണ് എന്നത് വിസ്മരിക്കാനാവില്ല. അത്തരം ഇരുളുകളിലേക്ക് വെളിച്ചം തെളിക്കുന്നവർ ഭരണകൂട വിരുദ്ധരായി പ്രഖ്യാപിക്കപ്പെടുകയാണ്. പ്രതിനിധാനം ചെയ്യുന്ന രാഷ്ട്രീയ പാർട്ടിയുടെ



യും വ്യക്തിപരവുമായ ബ്രാൻഡിങ്ങിനായി വിളംബരം ചെയ്യുന്ന സ്വപ്നപദ്ധതികളും അവയുടെ നിറക്കാഴ്ച്ചകളും അവയ്ക്കായി വ്യയം ചെയ്യുന്ന കോടികളും സാധാരണ പൗരന്റെ അവകാശത്തോടുള്ള വെല്ലുവിളി ഉയർത്തുമ്പോൾ എങ്ങനെ രാജ്യത്തിന്റെ ജനാധിപത്യ വ്യവസ്ഥിതിയെക്കുറിച്ച് അഭിമാനിക്കാൻ നമുക്ക് സാധിക്കും? ജനാധിപത്യം അതിന്റെ പൂർണമായ അർത്ഥത്തിൽ നടപ്പിലാകാത്ത പക്ഷം എങ്ങനെ സ്വതന്ത്ര ഭാരതത്തിന്റെ സ്വപ്നങ്ങൾക്ക് ചിറക് മുളക്കും?

## എന്റെ സ്വാതന്ത്ര്യത്തിന്റെ പരിധി

സ്വന്തം താല്പര്യങ്ങൾക്കായും ഭൗതിക നേട്ടങ്ങൾക്കായും മറ്റുള്ളവരുടെ സ്വാതന്ത്ര്യം നിഷേധിക്കുന്നവരുടെ എണ്ണം ഏറുകയാണ്. എല്ലാവരും തങ്ങളുടെ കീഴിൽ വരണമെന്നാണ് അവരുടെ ആഗ്രഹം. അടിമത്തമാണ് സ്വാതന്ത്ര്യമെന്ന് അവർ പറഞ്ഞു പഠിപ്പിക്കുന്നു. എതിർക്കുന്നവരെ ഇല്ലാതാക്കുവാൻ പരിശ്രമിക്കുന്നു. നമ്മുടെ രാജ്യത്തിന്റെ രാഷ്ട്രീയ പരിസ്ഥിതികളിൽ ഈയൊരു ചിത്രം കൂടുതൽ വ്യക്തമാകും. എന്റെ സ്വാതന്ത്രത്തിന്റെ വിനിയോഗം മറ്റൊരുവന്റെ സ്വാതന്ത്ര്യത്തെ ഹനിക്കുന്നില്ല എന്ന് ഉറപ്പു വരുത്തേണ്ടതും ഒരു പൗരധർമ്മം തന്നെയാണ്.

ഇന്ത്യയുടെ ആകർഷകമായ ബഹുസ്വരത അതിന്റെ ഏറ്റവും വലിയ വെല്ലുവിളി നേരിടുന്ന ഇക്കാലത്ത് നമുക്ക് വേണ്ടത് ബഹുസ്വരതയുടെ വൈവിധ്യങ്ങൾ ഉൾക്കൊള്ളുന്ന സാർവലൗകിക സ്വാതന്ത്ര്യമാണ്. മഹാത്മാഗാന്ധിയുടെ വാക്കുകൾ കടമെടുത്താൽ ചുരുക്കം ചില ആളുകൾ അധികാരം കയ്യിലെടുക്കുന്നതിലൂടെയല്ല സ്വതന്ത്രരാജ്യം യാഥാർത്ഥ്യമാകുന്നത്. മറിച്ച്, അധികാര ദുർവിനിയോഗം കാണുമ്പോൾ അതിനെ ചെറുക്കാനുള്ള കഴിവ് എല്ലാ ജനങ്ങളും ആർജിക്കുമ്പോഴാണ്. അതാകട്ടെ ഈ സ്വാതന്ത്ര്യദിനത്തിൽ നാം എല്ലാവരും ഹൃദയത്തിൽ സൂക്ഷിക്കുന്ന സത്ചിന്ത.

*ലേഖകൻ തിരുവമ്പാടി അൽഫോൻസ കോളജ് അഡ്മിനിസ്ട്രേറ്ററും ചുണ്ടത്തുംപൊയിൽ സെന്റ് ജോർജ് ഇടവക വികാരിയുമാണ്*



# സഹനത്തിന്റെ അൽത്താര

**വിശ്വാസത്തിന്റെ അന്തർനേത്രങ്ങളിലൂടെ ഓരോ സഹനത്തെയും അൽഫോൻസാമ്മ നോക്കിക്കണ്ടു. വിശ്വാസത്തിന്റെ മനോഭാവമാണ് അവളെ വ്യത്യസ്തയാക്കിയത്. വിശ്വസിച്ചാൽ സഹനം ലാഭകരമാണെന്ന് അൽഫോൻസാമ്മ നമ്മെ പഠിപ്പിക്കുന്നു**



സ്പെഷ്യൽ സ്റ്റോറി

ഫാ. അന്വേഷ് പാലക്കീൽ



ജർമ്മൻ തത്വചിന്തകനും ദൈവശാസ്ത്ര പണ്ഡിതനുമായ ഡീട്രിച്ച് ബോൾഹോഫർ (Dietrich Bonhoeffer) 'ക്രൈസ്തവനും അക്രൈസ്തവനും' എന്നൊരു കവിത എഴുതിയിട്ടുണ്ട്. അവർ തമ്മിലുള്ള വ്യത്യാസമാണ് കവിതയിൽ അദ്ദേഹം ചൂണ്ടിക്കാണിക്കുന്നത്. അദ്ദേഹം എഴുതുന്നു, 'ലോകത്തുള്ള എല്ലാ മനുഷ്യരും തങ്ങൾക്ക് വേദനിക്കുമ്പോൾ ദൈവത്തിന്റെ പക്കൽ ഓടിക്കൂടുന്നു. എന്നാൽ ദൈവത്തിനു വേദനിക്കുമ്പോൾ ക്രൈസ്തവർ മാത്രം ദൈവത്തിന്റെ പക്കൽ ഓടിയണയുന്നു.' ക്രിസ്തുവിന്റെ സഹനവും മരണവും ക്രൈസ്തവ വിശ്വാസത്തിന്റെ കാതലും അടിസ്ഥാന വിശ്വാസസത്യങ്ങളുമാണ്. ഇതാണ് മറ്റു മതങ്ങളിൽ നിന്ന് ക്രൈസ്തവരെ വേർതിരിക്കുന്നത്. സഹിക്കുന്ന ദൈവത്തെക്കുറിച്ചുള്ള ചിന്ത നമ്മെ ഏറെ ആശ്വസിപ്പിക്കുന്നതും കുരിശെടുക്കാൻ സഹായിക്കുന്നതുമാണ്. കാരണം പിതാവായ ദൈവം മക്കളായ നമ്മെ വീണ്ടെടുക്കുന്നതിന് തന്റെ സ്നേഹത്തിൽ ചാലിച്ച ത്യാഗമാണ് കാണിച്ചു തന്നിരിക്കുന്നത്. ഇങ്ങനെ ദൈവസ്നേഹത്തിന്റെ സഹനാനുഭവങ്ങളെ സ്വന്തം ജീവിതാനുഭവത്തോടും ഹൃദയം നീറുന്ന സാഹചര്യത്തോടും ചേർത്തുവച്ച പുണ്യവതിയാണ് വിശുദ്ധ അൽഫോൻസാമ്മ. അവൾ പറഞ്ഞു, 'ഒരു മണവാട്ടിയുടെ സമ്പത്ത് മുഴുവൻ മണവാളന്റേതു കൂടിയാണ്. എന്റെ മണവാളൻ യേശുവാണ്.'

കാളാശ്ശേരി പിതാവ് ഒരിക്കൽ അന്നക്കുട്ടിയോടു ചോദിച്ചു, 'ഉറക്കമില്ലാത്ത രാത്രികളിൽ നീ എന്തു ചെയ്യും.' 'ഞാൻ സ്നേഹിക്കുകയാണ്' എന്നാണ് അവൾ മറുപടി പറഞ്ഞത്. സഹനത്തെയും സഹനം നൽകിയ ഈശോയേയും സഹനകാരണമായ സകലതിനെയും അവൾ സ്നേഹിക്കുകയായിരുന്നു. സഹനത്തെ സ്നേഹമായി രൂപാന്തരപ്പെടുത്തുന്ന അത്ഭുതവിദ്യ ഹൃദിസ്ഥമായിരുന്നു എന്നതാണ് അൽഫോൻസാമ്മയുടെ ജീവിതദർശനത്തിന്റെ കാതൽ. കരകവിഞ്ഞൊഴുകുന്ന മനുഷ്യവേദനയുടെയും വിവരണാതീതമായ മൃഗീയതയുടെയും ലോകത്തിൽ സഹനത്തിന് ആത്യന്തികമായ ഒരു ലക്ഷ്യവും രക്ഷാകരദൗത്യവുമുണ്ടെന്ന് അൽഫോൻസാമ്മ തെളിയിക്കുകയാണ്.

മനുഷ്യവേദനകൾ ദൈവത്തിന്റെ ദാനവും ജീവിതയാഥാർത്ഥ്യവുമായി അംഗീകരിക്കാനുള്ള ഊർജമാക്കി ആരെയും അവഗണിക്കാതെയും വിധിക്കാതെയും ഒരു പരിഭവവും കൂടാതെയും സഹനത്തിൽ സ്നേഹത്തിന്റെ പൂർണ്ണത കണ്ടെത്തിയെന്നുള്ളത് അൽഫോൻസാമ്മയെ വേറിട്ടു നിർത്തുന്നു. സഹനം എത്രത്തോളം ആകാമെന്നതിന് അളവും പരിധിയും നിശ്ചയിച്ചിട്ടില്ല. കാരണം സർവാംഗ മുറിവുകളോടും കൂടെ, അവസാന തുള്ളി രക്തവും ചിന്തി പ്രാണത്യാഗത്തിനു തയ്യാറാകുമ്പോൾ യേശുനാഥൻ തന്റെ സഹനത്തിന്റെ രക്ഷാകര ദൗത്യത്തെ ലോകത്തിന് മുൻപിൽ വെളിപ്പെടുത്തി.

ജീവിതസഹനങ്ങളിൽ ദൈവസ്നേഹം തിരിച്ചറിഞ്ഞ് അനുഭവിക്കുകയും ആ അനുഭവത്തിലേക്ക് ഇന്നും സഹിക്കുന്ന തന്റെ സഹജരെ നയിക്കുകയും ചെയ്യുന്ന ഈ വിശുദ്ധ നാനാവിധങ്ങളായ സഹനത്തിന്റെ നീർച്ചുഴിയിൽപ്പെട്ട് ഉഴലുന്ന ഇന്നത്തെ മനുഷ്യർക്ക് മാതൃകയും പ്രചോദനവുമാണ്. സമൂഹത്തിന്റെയും കുടുംബത്തിന്റെയും വിലക്കുകൾ വകവയ്ക്കാതെ സ്നേഹത്തിന്റെ ചക്രവാളങ്ങൾ തേടിയിറങ്ങിയ, വിശുദ്ധിയുടെ പടവുകൾ ചവിട്ടിക്കയറിയ ഈ വിശുദ്ധ, ദൈവസ്നേഹത്തെപ്രതി ജീവിതം വ്യയം ചെയ്യുന്നവർക്കു മുന്നിൽ പരമമായ സ്നേഹത്തിന്റെയും വിശുദ്ധിയുടെയും പ്രവാചകയാണ്.

മുപ്പത്തിയാറു കൊല്ലം മാത്രം നീണ്ട ആ ജീവിതത്തിൽ അസാധാരണമായതൊന്നും സംഭവിച്ചിട്ടില്ല. പുറംലോകം അറിയുന്ന തരത്തിലുള്ള യാതൊന്നും ആ സന്യാസിനി ചെയ്തില്ല. പക്ഷേ, അവൾ സ്നേഹിച്ചു. തീക്ഷ്ണമായി സ്നേഹിച്ചു. സഹിച്ചു. വളരെ തീവ്രമായിരുന്നു ആ സഹനം. സഹനബലിയായിരുന്നു അവളുടെ ജീവിതം. സ്നേഹിച്ചും സഹിച്ചും തളർന്ന് ഒരുനാൾ ആ ജീവിതം പൊലിഞ്ഞു. തന്റെ ചിറകിനു കീഴിൽ താഴ്മയോടെ നിന്ന് അവളെ സർവേശ്വരൻ തക്കസമയത്ത് ഉയർത്തി. ആവൃതിക്കുള്ളിൽ നിന്ന് ആ ധന്യജീവിതവും അതിന്റെ പരിമളവും പുറത്തേക്ക് പ്രവഹിച്ചു. അൽഫോൻസാമ്മയുടെ വാക്കുകളിൽ പറഞ്ഞാൽ, 'സഭയാകുന്ന ചെടി വളർന്ന് പുഷ്പിക്കാൻ അതിന്റെ ചുവട്ടിൽ അഴുകിത്തീരാൻ ഞാൻ ആഗ്രഹിച്ചു.' അവളുടെ ആഗ്രഹം സഫലമായി. അൽഫോൻസാമ്മയാകുന്ന ഗോതമ്പുമണി നിലത്തുവീണഴിഞ്ഞപ്പോൾ ധാരാളം ഫലങ്ങൾ അവൾ ചൂടി. 'ഗോതമ്പുമണികൾ നല്ലതുപോലെ ഇടിച്ചുപൊടിക്കുമ്പോൾ വെൺമയേറിയ മാവ് കിട്ടുന്നു. അത് ചൂടാറുമ്പോൾ വിശുദ്ധ കുർബാനയ്ക്കുള്ള ഓസ്തിയായി മാറും. ഇപ്രകാരം നാമും കഷ്ടപ്പാടുകൾകൊണ്ട് ഞെങ്ങി ഞെരുങ്ങി ആ ഓസ്തിപോലെയായിത്തീരണം.' ഏതാനും സന്യാസിനികളോടു സംസാരിക്കവെ സിസ്റ്റർ അൽഫോൻസ പറഞ്ഞ വാക്കുകളാണിത്. അവളുടെ അഭിപ്രായത്തിൽ കഷ്ടതകളും വേദനകളുംകൊണ്ട് ശുദ്ധീകരിക്കപ്പെടുമ്പോൾ ആത്മവീര്യമുള്ളവരാകും. എന്നാൽ വിശ്വാസത്തോടെ ആ കഷ്ടതകൾ സ്വീകരിക്കാത്ത പക്ഷം അനേകം നന്മകൾ നഷ്ടമാകും. വിശ്വാസത്തിന്റെ അന്തർനേത്രങ്ങളിലൂടെ ഓരോ സഹനത്തെയും അവൾ നോക്കിക്കണ്ടു. വിശ്വാസത്തിന്റെ മനോഭാവമാണ് അവളെ വ്യത്യസ്തയാക്കിയത്. വിശ്വസിച്ചാൽ സഹനം ലാഭകരമാണെന്ന് അവൾ തിരിച്ചറിഞ്ഞു. അഴുകി ഇല്ലാതാകുന്ന ഒരു ഗോതമ്പു മണിയാകുകയെന്നതാണ് അൽഫോൻസാമ്മ നമുക്ക് നൽകുന്ന സന്ദേശം. ജീവിക്കുകയെന്നാൽ സ്നേഹിക്കുകയെന്നും സ്നേഹിക്കുകയെന്നാൽ ജീർണ്ണിക്കുകയെന്നുമാണ്.

*താമരശ്ശേരി രൂപത സെന്റ് അൽഫോൻസ മൈനർ സെമിനാരി വൈസ്റെക്ടറാണ് ലേഖകൻ*

സ്മൃതിപഥം

# ആരാണ് പുരോഹിതൻ?

**താമരശ്ശേരി രൂപതയുടെ പ്രഥമ മെത്രാൻ മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരി പിതാവിന്റെ പ്രഭാഷണത്തിൽ നിന്ന്**

അഹറോനെപ്പോലെ വിളിക്കപ്പെടുന്ന ഓരോ പ്രധാനാചാര്യനും ജനങ്ങളുടെ ഇടയിൽ നിന്ന് എടുക്കപ്പെട്ട്, ജനങ്ങൾക്കായി നൽകപ്പെട്ടവരാണ്. ഇത് പൗരോഹിത്യത്തിന്റെ നിർവചനമല്ലെങ്കിലും ഒരു വിവരണമായി എടുക്കാം. ദൈവികകാര്യങ്ങൾ കൈകാര്യം ചെയ്യുവാനും തന്റെ പാപങ്ങൾക്കുവേണ്ടി പരിഹാരം അർപ്പിക്കുന്നതുപോലെ മറ്റുള്ളവരുടെ പാപങ്ങൾക്കുവേണ്ടി ബലിയർപ്പിക്കുവാനും ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട പുരോഹിതർ ബാധ്യസ്ഥരാണ്. പൗരോഹിത്യത്തെക്കുറിച്ച് കേൾക്കുമ്പോൾ പുരികം ചുളിക്കുന്നവർ ആദിമ നൂറ്റാണ്ടിൽ എഴുതപ്പെട്ട ഹെബ്രായർക്കുള്ള ലേഖനത്തിലെ ഈ വചനത്തിൽ നിന്ന് യാഥാർത്ഥ്യം ഉൾക്കൊള്ളണം. അത് ഉൾക്കൊണ്ടാൽ പുരോഹിതർ ആരാണെന്നും പുരോഹിതരുമായുള്ള നമ്മുടെ ബന്ധം എന്താണെന്നും മനസിലാക്കുവാൻ കഴിയും. അവർ സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങി വന്നവരല്ലെന്നും നമ്മുടെ ഇടയിൽ നിന്ന് എടുക്കപ്പെട്ടവരാണെന്നും നമ്മുടെ മണ്ണിന്റെ നിറവും മണവുമെല്ലാം ഈ എടുക്കപ്പെട്ടവരിൽ ഉണ്ടാകുമെന്നും അതുകൊണ്ട് തന്റെ തന്നെ പോരായ്മകൾക്കുവേണ്ടി പരിഹാരം അർപ്പിക്കുന്നവൻ ജനങ്ങൾക്കുവേണ്ടി പരിഹാരം അർപ്പിക്കുവാൻ ഉള്ളവനാണെന്നും ഓർമ്മപ്പെടുത്തുകയാണ്.



ഒരു ക്രൈസ്തവ പുരോഹിതൻ യേശുവിന്റെ ജീവിതത്തിന്റെ തുടർച്ചയാണ്. യേശു എന്തെല്ലാം ചെയ്യുവാൻ വന്നു, അതെല്ലാം തുടരുവാനുള്ള ബാധ്യതയാണ് ഒരു പുരോഹിതനുള്ളത്. നമുക്കെല്ലാവർക്കും ആ ബാധ്യതയുണ്ട്. കാരണം രണ്ടാം വത്തിക്കാൻ കൗൺസിൽ നമുക്ക് നൽകിയ പുതിയ പ്രബോധനത്തിന്റെ വെളിച്ചത്തിൽ സ്ത്രീ – പുരുഷ ഭേദമന്യേ നാം എല്ലാവരും പുരോഹിതരാണ്. അതിനെയാണ് പൊതുപൗരോഹിത്യം എന്നു വിളിക്കുന്നത്. എല്ലാവർക്കും ദൈവവചനം പ്രഘോഷിക്കുവാൻ, ദൈവവചനത്തിന് സാക്ഷ്യം നൽകുവാൻ ബാധ്യതയുണ്ട്. മറ്റുള്ളവരെ നല്ല വഴിക്കു നടത്തുവാൻ, വിശുദ്ധിയിലേക്ക് നയിക്കുവാൻ എല്ലാവർക്കും കടമയുണ്ട്. പക്ഷേ, ഇവയെല്ലാം സവിശേഷമായ വിധം നിർവഹിക്കുവാൻ വേണ്ടി ദൈവം തിരഞ്ഞെടുത്തു മാറ്റി വച്ചവരാണ് പുരോഹിതർ. അതാണ് ശുശ്രൂഷാ പൗരോഹിത്യം.

# ആരാകണം പുരോഹിതൻ?

**വൈദികരുടെ മധ്യസ്ഥനായ വിശുദ്ധ ജോൺ മരിയ വിയാനിയുടെ തിരുനാൾ ആഗസ്റ്റ് നാലിന് തിരുസഭ ആഘോഷിക്കുമ്പോൾ മംഗലപ്പുഴ സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ മേജർ സെമിനാരിയിൽ ഫാ. ബോബി ജോസ് കട്ടിക്കാട് നടത്തിയ പ്രഭാഷണത്തിന്റെ സ്വതന്ത്ര സംഗ്രഹം**



**പ്രീസ്റ്റ് എന്ന വാക്കിന്റെ അർത്ഥതലങ്ങളിലേക്ക് പോകുമ്പോൾ ബ്രിഡ്ജ് മേക്കർ (പാലം പണിയുന്നവൻ) എന്നൊരർത്ഥം കണ്ടെത്താനാകും. മനുഷ്യർക്കിടയിൽ തകർന്നുപോയ പാലവും മനുഷ്യർക്കും ദൈവത്തിനുമിടയിൽ തകർന്നു പോയ പാലവും വീണ്ടെടുക്കേണ്ട മനുഷ്യന്റെ പേരാണ് വൈദികൻ.**

മസൂറിയിൽ ഞങ്ങൾക്കൊരു ആശ്രമമുണ്ട്. 150 വർഷം പഴക്കമുണ്ട് അതിന്. ഏതാനും ദിവസങ്ങൾ അവിടെ പാർക്കേണ്ട കാര്യമുണ്ടായിരുന്നു. 150 വർഷത്തെ കാര്യങ്ങൾ കൃത്യമായി അടയാളപ്പെടുത്തിയിരിക്കുന്ന ഒരു ക്രോണിക്കിൾ അവിടെയുണ്ട്. അതിൽ 1968 ജൂലൈയിലെ ഒരു താളിൽ പത്രറിപ്പോർട്ട് ഒട്ടിച്ചുവച്ചിട്ടുണ്ട്. ലിയോ എന്നു പേരുള്ള വൈദികൻ കൊല്ലപ്പെട്ട വാർത്തയായിരുന്നു അത്. ഫാ. ലിയോയുടെ ഞരക്കം കേട്ട് റോഡരികിൽ ഉണ്ടായിരുന്ന ഒരാൾ അടുത്തുള്ള സ്കൂളിലെ വൈദികനോട് സഹായത്തിനപേക്ഷിച്ചു. മരണാസന്നനാണ് ഫാ. ലിയോയെന്ന് മനസിലാക്കിയ വൈദികൻ മരണാസന്നർക്കുവേണ്ടിയുള്ള കൂദാശ പരികർമ്മം ചെയ്യുവാനായി ഫാ. ലിയോയുടെ അടുത്തേക്ക് ഓടി. അപ്പോഴാണ് എന്തോ ഒന്ന് എടുക്കാൻ മറന്നതായി അദ്ദേഹത്തിന് തോന്നിയത്. അതെടുത്ത് വീണ്ടും ഫാ. ലിയോയുടെ അടുത്തേക്ക് ഓടി. കൂദാശ നൽകി. ഫാ. ലിയോ ശാന്തമായി കടന്നു പോയി.

പിന്നീട് പൊലീസെത്തി. കൂദാശ നൽകിയ വൈദികനോടു ചോദിച്ചു.
'ആരാണ് ഫാ. ലിയോയെ അപകടപ്പെടുത്തിയതെന്ന് അന്ത്യകൂദാശ നൽകിയപ്പോൾ അദ്ദേഹം പറഞ്ഞോ?'
'ഇല്ല' വൈദികൻ മറുപടി പറഞ്ഞു.
'ആരാണ് ഇത് ചെയ്തതെന്ന് നിങ്ങൾ ചോദിച്ചോ?'
'ഇല്ല.'
'കൊലയാളിയെക്കുറിച്ച് നിങ്ങൾ എന്തുകൊണ്ട് അദ്ദേഹത്തോട് ചോദിച്ചില്ല?'
'ഞാൻ ഡിക്റ്ററ്റക്ടീവല്ല വൈദികനാണ്.'
ഞാൻ അവിടെ വച്ച് വായന നിർത്തി.

ആരാകണം വൈദികൻ എന്ന് ആവശ്യത്തിലേറെ പരിശീലിപ്പിക്കപ്പെടുന്ന കാലഘട്ടമാണിത്. എന്താകരുത് വൈദികൻ എന്നു കൂടി നാം പഠിക്കേണ്ടതാണ്. ഏതു ജീവിതാന്തസിനെക്കാളും ആശങ്കകൾ നിറഞ്ഞു നിൽക്കുന്ന ഒന്നാണ് പൗരോഹിത്യം. കാരണം വൈദികരെ സമൂഹം ഉറ്റുനോക്കുന്നു. പ്രീസ്റ്റ് എന്ന വാക്കിന്റെ അർത്ഥതലങ്ങളിലേക്ക് പോകുമ്പോൾ ബ്രിഡ്ജ് മേക്കർ (പാലം പണിയുന്നവൻ) എന്നൊരർത്ഥം കണ്ടെത്താനാകും. മനുഷ്യർക്കിടയിൽ തകർന്നുപോയ പാലവും മനുഷ്യർക്കും ദൈവത്തിനുമിടയിൽ തകർന്നു പോയ പാലവുമൊക്കെ വീണ്ടെടുക്കേണ്ട മനുഷ്യരുടെ പേരാണ് വൈദികൻ. വിശുദ്ധരായ വൈദികർ നമുക്കുണ്ട്. ഒരേയൊരു കാര്യമാണ് അത്തരം വൈദികരെക്കുറിച്ച് ഓർക്കുമ്പോൾ നമ്മൾ പഠിച്ച് കൈമാറേണ്ടത്. അദ്ദേഹത്തെക്കുറിച്ച് അദ്ദേഹത്തിന്റെ കാലം എന്തു പറഞ്ഞു?

ഏതൊരു വ്യക്തിയും ദൈവസന്നിധിയിൽ കണക്ക് നൽകാൻ ബാധ്യസ്ഥരാണ്. ഒരു ഓഡിറ്റിങിന് വൈദികരും വിധേയമാണ്. വേദപുസ്തകത്തിന്റെ വെളിച്ചത്തിൽ ഇതിനെ ധ്യാനവിഷയമാക്കാം.



## അർപ്പണം

അന്ത്യവിചാരണയിൽ പന്ത്രണ്ടു ഗോത്രങ്ങളെ വിധിക്കാൻ പന്ത്രണ്ട് മനുഷ്യർ എണീറ്റുവരുമെന്നാണ് പറയുന്നത്. (ലൂക്ക. 22:28–30) പന്ത്രണ്ട് അപ്പസ്തോലൻമാരിലേക്ക് ഇത് വിരൽ ചൂണ്ടുന്നു. ഒരു കാരണത്തിനുവേണ്ടി പൂർണമായും സമർപ്പിക്കപ്പെട്ടവരാണ് അപ്പസ്തോലന്മാർ. അവരാണ് നമ്മളെ വിധിക്കുകയെന്നാണ് പറയുന്നത്.

ഞാനായിരിക്കുന്ന ഭവനത്തിനടുത്ത് ചെറിയൊരു കട തുറന്നു വച്ചിരിക്കുന്ന ഒരാളുണ്ട്. ഞാൻ രാത്രി വൈകി വരുമ്പോഴും അതിരാവിലെ യാത്ര പോകുമ്പോഴുമെല്ലാം ആ മനുഷ്യൻ ആ കടയിലുണ്ട്. കഷ്ടിച്ച് രണ്ട് രണ്ടര മണിക്കൂറെങ്കിലും അയാൾ ഉറങ്ങുന്നതായി എനിക്ക് തോന്നിയിട്ടില്ല. എന്തോ ചില കാരണങ്ങൾക്ക് വേണ്ടി ഇങ്ങനെ മുഴുവനായി സമർപ്പണം ചെയ്ത മനുഷ്യരുടെ പേരാണ് അപ്പസ്തോലന്മാർ.

പൊക്കുടൻ എന്ന കർഷകതൊഴിലാളിയുടെ മരണം ദേശീയ പത്രങ്ങൾ ഉൾപ്പടെ റിപ്പോർട്ട് ചെയ്തിരുന്നു. മരിക്കുന്നതിന് ഏതാനും നാൾ മുമ്പുവരെ എൺപതു വയസുള്ള ഈ മനുഷ്യൻ കണ്ടലുകൾ കുത്തി നടക്കുകയായിരുന്നു. നെഞ്ചോളം വെള്ളത്തിലിറങ്ങി ചേറിൽ കണ്ടൽ കുത്തുകയെന്നത് എളുപ്പമുള്ളൊരു പണിയല്ല. ഒരു ദേശത്തിന്റെ മുഴുവൻ കണ്ടൽ സംരക്ഷണത്തിന്റെ വലിയൊരു പങ്കുവഹിച്ചത് ഇദ്ദേഹമാണ്. കണ്ടൽ ഉള്ളതുകൊണ്ടാണ് പലതരം മത്സ്യങ്ങളുള്ളത്. കാരണം കണ്ടലിന്റെ വേരുകളുടെ ഇടയിലാണ് മത്സ്യങ്ങൾ മുട്ടയിടുന്നത്. അയാളൊരു അപ്പസ്തോലനാണ്.

## അന്വേഷണം

ഷേബാ രാജ്ഞി നിങ്ങളെ വിധിക്കും എന്ന് യേശു പറഞ്ഞു (മത്താ. 12:42). ഏതോ ഒരു നാട്ടിൽ ഒരാൾക്ക് ജ്ഞാനത്തിന്റെ പൊൻതരിയുണ്ടെന്ന് അറിഞ്ഞ് അയാളിലേക്ക് എത്തിയ ജ്ഞാനാന്വേഷിയായ സ്ത്രീയുടെ പേരാണ് ഷേബ. ജ്ഞാനം അകത്തും പുറത്തും തരുന്ന വലിപ്പമുണ്ട്. മലകയറുന്ന മനുഷ്യർ യാത്ര തുടങ്ങുമ്പോൾ വിചാരിക്കും അവർ മാത്രമേ ഉള്ളുവെന്ന് പക്ഷേ, മല കയറി തുടങ്ങുമ്പോൾ കുന്നിന്റെ ഉയരം കുറയുകയും മനുഷ്യരുടെ ഉയരം വർധിക്കുകയും ചെയ്യുമ്പോൾ ഒത്തിരി പേർ ഒരുമിച്ചു യാത്ര ചെയ്യുകയാണെന്ന് മനസിലാക്കാൻ കഴിയും. അതു പിടുത്തംകിട്ടാത്തവരാണ് സംഘർഷങ്ങളുടെ മുന രാകിമിനുക്കുന്നത്.

## അനഘം

മൂന്നമതായി യേശു പറയുന്നത് നിനവെ നിവാസികൾ നിങ്ങളെ നിശ്ചയമായും വിധിക്കും എന്നതാണ് (മത്താ. 12:41). നിനവെ നിവാസികൾ വചനത്തെ നിഷ്കളങ്കമായെടുത്തവരാണ്. ഇന്നസെന്റ് മൂന്നാമൻ മാർപാപ്പയുടെ മുന്നിൽ പന്ത്രണ്ട് ചെറുപ്പക്കാർ മുട്ടിന്മേൽ നിൽക്കുകയാണ്. സഹജമായ ശൈലിയിൽ മാർപാപ്പ ചോദിച്ചു, 'ഞാൻ നിങ്ങൾക്ക് എന്തു ചെയ്തു തരണമെന്നാണ് നിങ്ങൾ ആഗ്രഹിക്കുന്നത്?' കൂട്ടത്തിലെ മെലിഞ്ഞ ചെറുപ്പക്കാരൻ എഴുന്നേറ്റുനിന്ന് കയ്യിലുള്ള പുസ്തകം ഉയർത്തിക്കാട്ടി പറഞ്ഞു, 'ഒന്നും വേണ്ട പിതാവേ... ഈ പുസ്തകം അനുസരിച്ച് ജീവിക്കാനായി നെറ്റിയിലൊരു കുരിശടയാളം വരച്ചു തന്നാൽ മതി.' ആ മെലിഞ്ഞ ചെറുപ്പക്കാരനാണ് അസ്സീസ്സിയിലെ ഫ്രാൻസിസ്.

മനുഷ്യോന്മുഖ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരെയൊക്കെ അലട്ടുന്ന ഒരു വാക്കാണ് കംപാഷൻ. പഴയകാല ആധാരങ്ങളിൽ പുരോഹിതന്റെ തൊഴിലിന്റെ കോളത്തിൽ എഴുതി വയ്ക്കാറുള്ളത് ദൈവവിചാരം എന്നാണ്.

## ആലംബം

നാലാമതായി വിധിക്കുന്നത് ഓരോ പുതിയ തലമുറയുമാണ് (മത്താ. 25:31–46). അവസാനമായി നിങ്ങൾ കാണുകയോ കാണാതിരിക്കുകയോ ചെയ്ത യാചകർ നിങ്ങളെ വിധിക്കും. അവർക്ക് വക്കീലില്ല. അവരുടെ വക്കീൽ നസ്രത്തിലെ യേശുവാണ്. എനിക്ക് വിശന്നു, എനിക്ക് ദാഹിച്ചു, ഞാൻ പരദേശിയായിരുന്നു, ഞാൻ തടവിലായിരുന്നു, ഞാൻ രോഗിയായിരുന്നു നിങ്ങൾ എന്തു ചെയ്തു? തടവിലിരിക്കുമ്പോൾ ഒരു സ്ട്രോ ചോദിച്ചിട്ട് കിട്ടാതെ കൈ വിറച്ച് വിറച്ച് മരിച്ചുപോയ ഫാ. സ്റ്റാൻ സ്വാമിയെ വിസ്മരിക്കുന്നത് അപരാധമാണ്. മനസുകൊണ്ടെങ്കിലും അദ്ദേഹത്തിന്റെ കൂടെ നിലകൊള്ളാം.

ജോൺ മരിയ വിയാനിയുടെ അവസാന നാളുകളിലൊന്നിൽ അദ്ദേഹത്തിന് കഠിനമായ അസുഖം ബാധിച്ചു. ചുറ്റുമുള്ളവരെല്ലാം ആശുപത്രിയിൽ പോകാൻ അദ്ദേഹത്തോട് ആവശ്യപ്പെട്ടു. എത്ര നിർബന്ധിച്ചിട്ടും വിയാനി ആശുപത്രിയിൽ പോകാൻ കൂട്ടാക്കിയില്ല. ആളുകൾ മാറി മാറി ചോദിച്ചപ്പോൾ പുണ്യാളൻ പറഞ്ഞു, 'ആശുപത്രിയിൽ അടയ്ക്കാൻ എന്റെ കയ്യിൽ പണമില്ല.' ലോകത്ത് ഒരിടത്തും ദരിദ്രനായതിന്റെ പേരിൽ ഒരു വൈദികനും അപമാനിക്കപ്പെട്ടിട്ടില്ല. പക്ഷെ, ധനികനായതിന്റെ പേരിൽ അത് സംഭവിച്ചിട്ടുണ്ട് എന്ന് നോവിസ് മാസ്റ്റർ പറഞ്ഞത് ഓർക്കുന്നു.

വിമോചന സ്വഭാവമുള്ള ദൈവശാസ്ത്ര പഠനങ്ങളുടെ കാലം കഴിഞ്ഞിട്ടില്ല. മനുഷ്യനുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ നിന്ന് അകന്നു പോയപ്പോഴാണ് നാം മറ്റു പലകാര്യങ്ങളിലും പെട്ടുപോയത്. വിമോചന സ്വഭാവമുള്ള ദൈവശാസ്ത്ര വായനയ്ക്ക് സമയമില്ലെങ്കിൽ വൈകാതെ ഇവിടുത്തെ പൗരോഹിത്യസങ്കൽപ്പം അപ്രസക്തമാകും.


പാവനസ്മരണയ്ക്ക്
25-ാം ചരമവാർഷികം 04-07-2025
5-ാം ചരമവാർഷികം 25-09-2025


തോമസ് ത്രേസ്യാമ്മ
തൈക്കൽ, ചെമ്പുകടവ്
പ്രാർത്ഥനാപൂർവ്വം തൈക്കൽ കുടുംബാംഗങ്ങൾ

# വിശ്വാസം ക്രൂശിക്കപ്പെടുമ്പോൾ

**രാജ്യത്തിന്റെ മതേതര നിലപാടുകളിൽ വെള്ളം ചേർക്കുമ്പോൾ രാജ്യത്തിന്റെ ഭാവി തന്നെ അപകടത്തിലാകുന്നു. അധികാരത്തിലേക്കുള്ള ഏണിപ്പടികളായി മതവും മതവിശ്വാസവും മാറുമ്പോൾ ഇന്ത്യ നൂറ്റാണ്ടുകളായി വളർത്തിയ സമീപനത്തിലും ആദർശത്തിലുമാണ് വെള്ളം ചേർക്കപ്പെടുന്നത്**



സ്പെഷ്യൽ സ്റ്റോറി

ഫാ. ജോബിൻ തെക്കേക്കരമറ്റം

എഡി 52-ൽ ക്രിസ്തുശിഷ്യനായ മാർത്തോമാശ്ലീഹായുടെ വരവോടുകൂടി ഭാരതമണ്ണിൽ ക്രിസ്തീയത വേരൂന്നിയെങ്കിലും ഇന്നും ഉത്തരേന്ത്യയിലും കിഴക്കൻ സംസ്ഥാനങ്ങളിലും വിശ്വാസത്തിന്റെ പേരിൽ ക്രൈസ്തവർ പീഡനങ്ങൾ സഹിക്കേണ്ടിവരുന്ന സാഹചര്യങ്ങൾ നിലനിൽക്കുന്നു. ആരാധനാലയങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളുമെല്ലാം വർഗീയവാദികളുടെ തീട്ടുരത്തിൽ നടത്തേണ്ടിവരുന്നു.

ക്രൈസ്തവ പീഡനങ്ങൾ ഉണ്ടാകാത്ത ഒരു ദിനം പോലും രാജ്യത്ത് ഇല്ല എന്നതാണ് യാഥാർത്ഥ്യം. ഒരു വിഭാഗത്തിന്റെ ആരാധനാലയങ്ങൾ നിർമ്മിക്കാനും അവിടെ ആരാധനകൾ നടത്താനും പ്രധാനമന്ത്രി ഓടിനടക്കുന്നു. ക്രൈസ്തവരുടെ തകർപ്പെടുന്ന ആരാധനാലയങ്ങളെക്കുറിച്ച് അറിഞ്ഞ ഭാവമില്ല. സംഘപരിവാറിന്റെ ഓരോ സംഘടനയ്ക്കും ന്യൂനപക്ഷത്തെ ആക്രമിക്കാൻ ഓരോ കാരണങ്ങളാണ്. ഗോഹത്യ, മതപരിവർത്തനം, ഭക്ഷണരീതി, മതനിന്ദ തുടങ്ങി ആക്രമിക്കാൻ തോന്നുമ്പോൾ കാരണങ്ങൾ ഉണ്ടാക്കുന്നവരെ സർക്കാർ ഇന്നുവരെ തടഞ്ഞിട്ടുമില്ല.

## 10 വർഷം 4316 ആക്രമണങ്ങൾ

ഒഡീഷയിലെ ചാർബതി കാർമൽ നികേതനത്തിലെത്തിയ ഒൻപത് അംഗ അക്രമിസംഘം വൈദികരെ ആക്രമിക്കുകയും കൊള്ളയടിക്കുകയും ചെയ്തത് ഇക്കഴിഞ്ഞ മെയ് 23-നാണ്. ഫാ. ലിനസ് ഒസിഡി, ഫാ. സിൽവിൻ ഒസിഡി എന്നിവരെയാണ് ക്രൂരമായി മർദിച്ചത്. മോഷ്ടിക്കാൻ മാത്രമായി എത്തിയവരാണെന്നു പറയുമ്പോഴും കെട്ടിയിട്ട ശേഷം ക്രൂരമായി മർദ്ദിച്ചതും ഇവിടെ ഇനി കണ്ടുപോകരുത് എന്ന് പറഞ്ഞതിലുമൊക്കെ ദുരൂഹതയുണ്ട്.

ബിജെപി അധികാരത്തിലെത്തിയ 2014 മുതൽ 2024 വരെ ക്രൈസ്തവർക്കെതിരെ 4316 അക്രമസംഭവങ്ങൾ ഉണ്ടായതായാണ് യുണൈറ്റഡ് ക്രിസ്ത്യൻ ഫോറത്തിന്റെ റിപ്പോർട്ട്. 2024-ൽ മാത്രം 2834 ആക്രമണങ്ങൾ. നരേന്ദ്രമോദി അധികാരത്തിലെത്തിയ 2014-ൽ ഇത് 127 ആയിരുന്നു. ഇതെല്ലാം കെട്ടിച്ചമച്ച ആരോപണങ്ങളാണെന്ന് സ്ഥാപിക്കാൻ ചില സംഘപരിവാർ മാധ്യമങ്ങളും ഹിന്ദുത്വവാദികൾ വിലയ്ക്കെടുത്തവരും കിണഞ്ഞ് പരിശ്രമിക്കുന്നുണ്ടെങ്കിലും ഒന്നും വ്യാജമാണെന്ന് തെളിയിക്കാനായിട്ടില്ല.

രാജ്യത്ത് ക്രൈസ്തവർക്കെതിരായുള്ള ആക്രമണങ്ങളിൽ പുതിയതാണ് മെയ് 31-ന് രാത്രി 11-ന് ഒഡീഷയിലെ ബെറാപുരിനടുത്ത് ഖൊർധ റോഡ് റെയിൽവേ സ്റ്റേഷനിലുണ്ടായത്. പരിശീലന പരിപാടികളിൽ പങ്കെടുക്കാനായി ജാർസുഗുഡയിലേക്ക് റൂർക്കല രാജ്യറാണി എക്സ്പ്രസിൽ യാത്ര ചെയ്യുമ്പോഴാണ് കന്യാസ്ത്രീക്കും കൂടെയുണ്ടായിരുന്ന കുട്ടികൾക്കും നേരെ സംഘപരിവാർ അതിക്രമങ്ങൾ നടത്തിയത്. ഹോളി ഫാമിലി സന്യാസിനി സമൂഹാംഗമായിരുന്ന 29 വയസുള്ള കന്യാസ്ത്രീയും കൂടെയുണ്ടായിരുന്ന സഹോദരൻ ഉൾപ്പെടെ രണ്ട് ആൺകുട്ടികളും രണ്ട് പെൺകുട്ടികളുമായിരുന്നു ഇരകൾ. കന്യാസ്ത്രീക്ക് നേരെ കയ്യേറ്റവും വധഭീഷണിയുമുണ്ടായി. തങ്ങൾ ജന്മനാക്രൈസ്തവരാണെന്ന് കുട്ടികൾ പറഞ്ഞെങ്കിലും അക്രമികൾ പിൻമാറിയില്ല. അവരെ ട്രെയിനിൽ നിന്ന് വലിച്ചിറക്കി റെയിൽവേ പൊലീസിന്റെ അടുക്കലെത്തിച്ചു. പൊലീസ് കാഴ്ച്ചക്കാരായി നിന്നു. കുട്ടികളുടെമാതാപിതാക്കളും അഭിഭാഷകനും മനുഷ്യാവകാശപ്രവർത്തകരും ഇടപെടുകയും അക്രമികളുടെ ആരോപണം വ്യാജമാണെന്ന് തെളിയിക്കുകയും ചെയ്തതോടെയാണ് പിറ്റേന്ന് വൈകുന്നേരം അവരെ വിട്ടയച്ചത്. ആളുകളെ ചോദ്യം ചെയ്യാനും ശിക്ഷിക്കാനുമൊക്കെ വർഗീയവാദികൾക്ക് ആരാണ് അധികാരം കൈമാറിയത്?



മംഗളൂരുവിൽ തകർക്കപ്പെട്ട ആരാധനാലയം (ഫയൽ ചിത്രം)

## അവിടെയങ്ങനെ ഇവിടെയിങ്ങനെ

ഹിന്ദു ക്ഷേത്രങ്ങൾ ആക്രമിക്കപ്പെട്ടതിനെതിരെ നടപടിയെടുക്കണമെന്ന് 2023 മെയിലെ സന്ദർശനത്തിനിടെ ഓസ്ട്രേലിയൻ പ്രധാനമന്ത്രി ആന്റണി അൽബനീസിനോട് മോദി ആവശ്യപ്പെടുമ്പോൾ മണിപ്പൂരിലെ കലാപത്തിൽ ക്രിസ്ത്യൻ പള്ളികളും സ്ഥാപനങ്ങളും കത്തിച്ചാമ്പലാകുകയായിരുന്നു. കലാപം പൊട്ടിപുറപ്പെട്ടതിനുശേഷം ഇന്നുവരെ പ്രധാനമന്ത്രി മണിപ്പൂർ സന്ദർശിച്ചിട്ടില്ല.

## തെരുവിൽ പടരുന്ന അക്രമങ്ങൾ

ഭാരത സ്വാതന്ത്ര്യത്തിന്റെ 78 സുവർണ്ണ വർഷങ്ങൾ പൂർത്തിയാകുമ്പോൾ ജാതി ചിന്തയും മതഭ്രാന്തും ഭരണകർത്താക്കളുടെ സർവ്വാധിപത്യ പ്രവണതകളും നിലനിൽക്കുന്നു എന്നത് ഖേദകരമാണ്. ഇത് ഭരണഘടനയുടെ കുഴപ്പം അല്ല, ഭരിക്കുന്നവരുടെ അപചയവും ജനങ്ങളുടെ ജാഗ്രത ഇല്ലായ്മയുമാണ്. മതേതരം എന്ന് ആമുഖത്തിൽ തന്നെ പറയുന്ന ഭരണഘടന നിലനിൽക്കെ മതത്തിന്റെ പേരിൽ ആളുകൾ കൊല്ലപ്പെടുകയും ആരാധനാലയങ്ങൾ തകർക്കപ്പെടുകയും ചെയ്യുന്നതെങ്ങനെയാണ്? എന്തുകൊണ്ടാണ് ദളിതരും ആദിവാസികളും വേട്ടയാടപ്പെടുന്നത്? ഇഷ്ടമുള്ള മതത്തിൽ വിശ്വസിക്കാനും വിശ്വാസം പ്രചരിപ്പിക്കാനും സ്വാതന്ത്ര്യമുള്ളിടത്ത് ഇപ്പോഴത്തെ അവസ്ഥ എന്താണ്? മാധ്യമ സ്വാതന്ത്ര്യത്തിന്റെ പട്ടികയിൽ ലോകത്തിന് മുന്നിൽ ഇന്ത്യയ്ക്ക് തലകുനിക്കേണ്ടിവരുന്നത് എന്തുകൊണ്ടാണ്? പരമാധികാരമുള്ള രാജ്യമായിട്ടും എന്തുകൊണ്ടാണ് പോലീസിനും പട്ടാളക്കാർക്കും വഴങ്ങാതെ മണിപ്പൂരിൽ സായുധ സംഘങ്ങൾ അഴിഞ്ഞാടുന്നത്? എന്തുകൊണ്ടാണ് സ്ത്രീകൾ മാനഭംഗത്തിന് ഇരയാവുകയും നഗ്നരായി തെരുവിൽ വലിച്ചെറിയപ്പെടുകയും ചെയ്യുന്നത്? ഇങ്ങനെ എത്രയെത്ര ചോദ്യങ്ങളാണ് രാജ്യമെമ്പാടും ഉയരുന്നത്. പ്രകടനപരതകളാലും വായാടിത്തരങ്ങളാലും രാഷ്ട്രീയ പാർട്ടികൾക്ക് തെരഞ്ഞെടുപ്പ് ജയിക്കാനാകും. പക്ഷേ, ഇന്ത്യ ഒരു പരമാധികാരസ്ഥിതി സമത്വ മതേതര ജനാധിപത്യ റിപ്പബ്ലിക് ആണെന്ന് തോന്നാൻ ഇനിയും കാത്തിരിക്കേണ്ടിവരും.

വിവരാവകാശ നിയമം ഇല്ലായിരുന്നുവെങ്കിൽ ഭരണകൂട-ഉദ്യോഗസ്ഥ ചെയ്തികളുടെ, അവർ തന്നെ തിരുത്തിയ ഭാഷ്യങ്ങളേ ജനങ്ങൾക്ക് വായിക്കാൻ ആകുമായിരുന്നുള്ളൂ. വ്യക്തിപരമോ വ്യക്തിഹത്യാപരമോ അല്ലാത്ത വിവരങ്ങൾ ജനങ്ങൾ അറിയേണ്ടതുണ്ട്. അത് ഇനി ആവശ്യമില്ലെന്ന് ഭരണകൂടം പറയുന്നുണ്ടെങ്കിൽ പലതും മറച്ചുവയ്ക്കുന്നുണ്ട് എന്നാണ് അർത്ഥം. അത് ജനങ്ങളുടെ അല്ല ഭരിക്കുന്നവരുടെ ആധിപത്യമാണ്.

ജനാധിപത്യം കാലാനുസൃതമായി പുതുക്കുന്നില്ലെങ്കിൽ അത് പുതിയ കാലത്തിന്റെ ആവശ്യങ്ങളെ തൃപ്തിപ്പെടുത്തുന്നതായിരിക്കില്ല. മറച്ചുവയ്ക്കുന്നിടത്ത് സുതാര്യത ഇല്ല. നിഷ്പക്ഷമായി നീതി നടപ്പാക്കേണ്ട ന്യായാധിപർ പാർട്ടി പ്രവർത്തകരോ ഔദാര്യം സ്വീകരിക്കുന്നവരോ അല്ലെന്ന് ബോധ്യപ്പെട്ടാൽ ഭരണകൂടം ദുഷിച്ചോ എന്ന സംശയം ഉണ്ടാകുമ്പോഴൊക്കെ അവസാന ആശ്രയം എന്ന നിലയിൽ കോടതികളിലേക്ക് നോക്കുന്ന ജനത്തിന് ആശ്വാസമാകും. ഭരണകൂടത്തിലെ പങ്കല്ല ജനാധിപത്യത്തിലെ പങ്കാണ് കോടതി ഉൾക്കൊള്ളേണ്ടത്. അധികാരത്തിലിരിക്കുന്നവർ നീതിന്യായവ്യവസ്ഥയെ വിലയ്ക്കെടുക്കാൻ ശ്രമിച്ച് സ്വയം ഇരുട്ടത്ത് മാറിനിൽക്കുകയും അരുത്.

ഭാരതത്തിന്റെ നിരവധി ഭാഗങ്ങളിൽ ക്രൈസ്തവർ ആക്രമിക്കപ്പെടുകയും ആരാധനാലയങ്ങൾ തകർക്കപ്പെടുകയും ചെയ്യുന്ന സംഭവങ്ങൾ മാധ്യമങ്ങളിലൂടെ നാം അറിയുന്നുണ്ട്. നാമറിഞ്ഞതിലും എത്രയോ മടങ്ങ് മുകളിലാണ് യാഥാർത്ഥ സംഭവങ്ങൾ.

ഒരു കാലത്ത് ദേവാലയങ്ങൾ പല രാജ്യങ്ങളിലും സുരക്ഷിതസങ്കേതമായി പ്രഖ്യാപിക്കപ്പെട്ടിരുന്നു. ദേവാലയത്തിൽ അഭയം പ്രാപിച്ചിരിക്കുന്നത് ശത്രുപക്ഷമാണെങ്കിൽ പോലും അവരെ ആക്രമിച്ചിരുന്നില്ല. അനധികൃത മുസ്ലിം കുടിയേറ്റക്കാർ യൂറോപ്യൻ രാജ്യങ്ങളിലെ ക്രൈസ്തവദേവാലയങ്ങളിൽ അടുത്തകാലത്തുവരെ അഭയം കണ്ടെത്തുകയും സംരക്ഷിക്കപ്പെടുകയും ചെയ്തിരുന്നു. ദൈവത്തിന് പ്രതിഷ്ഠിക്കപ്പെട്ടിട്ടുള്ള സ്ഥലങ്ങളോടുള്ള മനുഷ്യന്റെ ആദരവിന്റെ പ്രകടനമാണ് അതൊക്കെ. ഇന്ന് ദൈവസന്നിധിയിൽ പ്രാർത്ഥനയ്ക്ക് നിൽക്കുന്ന സാധാരണ മനുഷ്യർ പോലും ആക്രമിക്കപ്പെടുന്നു എന്നത് വലിയ ധർമ്മച്യുതിയുടെ അടയാളമാണ്. മനുഷ്യന് അഭയസ്ഥാനം നല്കുന്ന ദേവാലയങ്ങൾ പോലും ആക്രമിക്കപ്പെടുന്നെങ്കിൽ പിന്നെ മനുഷ്യന് എവിടെയാണ് സുരക്ഷിതത്വം ലഭിക്കുക? ദേവാലയം ആക്രമിക്കപ്പെടുമ്പോൾ ഏതെങ്കിലും വിശ്വാസികളുടെയല്ല മനുഷ്യവംശത്തിന്റെ തന്നെ അവസാനത്തെ സുരക്ഷിതകേന്ദ്രവും തകർക്കപ്പെടുകയാണ്.

## മാനവികത വീണ്ടെടുക്കണം

ദൈവത്തെ മാനിക്കാതെ മനുഷ്യൻ ഒരിക്കലും സുരക്ഷിതരാകാൻപോകുന്നില്ല. കാരണം വിശ്വാസമാണ് പരസ്പരം സ്നേഹിക്കുവാനും ബഹുമാനിക്കുവാനും സഹായിക്കാനും സാധാരണക്കാരായ മനുഷ്യനെ പ്രേരിപ്പിക്കുന്നത്. പരസ്പരസഹകരണത്തെയും സ്നേഹത്തെയും ഉണർത്തുന്ന കേന്ദ്രങ്ങൾ തകർക്കപ്പെടുകയോ നിശബ്ദമാക്കപ്പെടുകയോ അനാഥമാക്കപ്പെടുകയോ ചെയ്യുമ്പോൾ മാനവികത ദേശത്തുനിന്ന് ഉന്മൂലനം ചെയ്യപ്പെടും. ഇപ്പോൾ കേരളക്കരയിലെ ക്രൈസ്തവദേവാലയങ്ങളും വിശ്വാസികളും ആക്രമിക്കപ്പെടുന്നുണ്ടാവില്ല. എന്നാൽ ബോധപൂർവം ക്രൈസ്തവ വിശ്വാസികളെ സ്വകാര്യമായി ഒതുക്കുന്ന ഒരു സംസ്കാരം ദുരിതപൂർണ്ണമായി നമ്മുടെ നാടിനെ ഗ്രസിച്ചിരിക്കുന്നു. ഓരോ വിശ്വാസിയും ഈ യാഥാർത്ഥ്യങ്ങളുടെ മുമ്പിൽ ജാഗരൂകരായിരിക്കണം.

മതേതരത്വം വ്യക്തിയുടെ ഹൃദയങ്ങളിലാണ് ആരംഭിക്കുന്നത്. ഒരേ ചരിത്രവും സംസ്കാരവും പേറുന്ന നമുക്ക് അന്യതാബോധം തോന്നിത്തുടങ്ങി എന്നത് അപകടകരമായ പ്രവണതയാണ്. പരസ്പരം സ്നേഹിക്കുകയും വിട്ടുവീഴ്ചകൾ ചെയ്യുകയും ചെയ്യുന്ന ഒരു സമൂഹത്തിൽ മാത്രമേ സ്വാതന്ത്ര്യവും ജനാധിപത്യവും നിലനിൽക്കുകയുള്ളൂ. വർഗീയത മതേതരത്തിന്റെമേൽ പിടിയുറപ്പിക്കുകയും രാജ്യത്തിന്റെ മതേതര നിലപാടുകളിൽ വെള്ളം ചേർക്കുകയും ചെയ്യുമ്പോൾ രാജ്യത്തിന്റെ ഭാവി തന്നെ അപകടത്തിലാകുന്നു. അധികാരത്തിലേക്കുള്ള ഏണിപ്പടികളായി മതവും മതവിശ്വാസവും മാറുമ്പോൾ ഇന്ത്യ നൂറ്റാണ്ടുകളായി വളർത്തിയ സമീപനത്തിലും ആദർശത്തിലുമാണ് വെള്ളം ചേർക്കപ്പെടുന്നത്.

*(കെസിവൈഎം താമരശ്ശേരി രൂപതാ ഡയറക്ടറാണ് ലേഖകൻ)*

# എൻജിനീയറിങ് പഠനം: ബ്രാഞ്ചുകൾ ഏറെ

**മെക്കാനിക്കൽ, സിവിൽ, ഇലക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക്സ്, ഇലക്ട്രോണിക്സ് ആൻഡ് കമ്യൂണിക്കേഷൻസ്, കമ്പ്യൂട്ടർ എൻജിനീയറിങ് എന്നിവയാണ് പ്രധാന എഞ്ചിനീയറിങ് ശാഖകൾ. ഇവയ്ക്ക് ധാരാളം ഉപശാഖകളുമുണ്ട്. കൂടാതെ വേറെയും നിരവധി എൻജിനീയറിങ് കോഴ്സുകൾ നിലവിലുണ്ട്. ജോലി സാധ്യതയുള്ള ഇത്തരം കോഴ്സുകൾ തെരഞ്ഞെടുക്കുന്നത് ഏറെ ഉചിതമാണ്. പ്രധാന കോഴ്സുകളെ പരിചയപ്പെടാം**



വിദ്യാധനം

പ്രഫ. ചാർലി കട്ടക്കയം

## മെക്കാനിക്കൽ എൻജിനീയറിങ്

● വാഹനങ്ങളുടെ നിർമ്മാണം, എൻജിനുകൾ, മെഷീനുകൾ, ഉപകരണങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട പഠനമാണിത്.

## ഓട്ടോമൊബൈൽ എൻജിനീയറിങ്

● വാഹനങ്ങളുടെ നിർമ്മാണം, ഡിസൈൻ, സ്പെയർ പാർട്സുകൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട പഠനം.

## എയ്റോനോട്ടിക്കൽ

● വ്യോമയാനം, മിസൈലുകൾ, റോക്കറ്റുകൾ, വിക്ഷേപണം, പ്രതിരോധം തുടങ്ങിയവയുമായി ബന്ധപ്പെട്ട പഠനം.

## എയ്റോ സ്പേസ്

● ശൂന്യാകാശ ഗവേഷണം, വാനശാസ്ത്രം, സ്പേസ് ഷിപ്പ് അനുബന്ധ ഉപകരണങ്ങളുടെ നിർമ്മാണം, ഡിസൈൻ, ഗവേഷണം എന്നിവ ഇതിൽ ഉൾപ്പെടുന്നു തിരുവനന്തപുരം ഐഐഎസ്ടി ആണ് ഈ മേഖലയിലെ ഇന്ത്യയിലെ മുൻനിര സ്ഥാപനം

## മറൈൻ എൻജിനീയറിങ്

● കപ്പൽ, സമുദ്രവാഹിനികൾ തുടങ്ങിയവയുടെ നിർമാണം, ഗവേഷണം, ഡിസൈൻ എന്നിവ ഇതിൽ ഉൾപ്പെടുന്നു. ജോലി സാധ്യത വളരെ കൂടുതലുള്ള കോഴ്സാണ് മറൈൻ എൻജിനീയറിങ്ങും മറ്റ് മറൈൻ (മാരിടൈം) കോഴ്സുകളും. കേരളത്തിൽ കുസാറ്റിൽ ഈ കോഴ്സ് ഉണ്ട്.

## നേവൽ ആർക്കിടെക്ചർ & ഷിപ്പ് ബിൽഡിങ്

● കപ്പലുകളുടെ നിർമ്മാണം, രൂപകൽപ്പന തുടങ്ങിയവ പഠന വിധേയമാക്കുന്ന ശാഖയാണിത്. ഓഷ്യൻ എൻജിനീയറിങ് ഹാർബർ എൻജിനീയറിങ് തുടങ്ങിയവയും ബ്രാഞ്ചുകളാണ്.

## അഗ്രികൾച്ചറൽ എൻജിനീയറിങ്

● കൃഷി, കൃഷി ഉപകരണങ്ങൾ, കൃഷി വികസനം, ജലസേചനം തുടങ്ങിയ കാർഷിക മേഖലകളുമായി ബന്ധപ്പെട്ട വിഷയങ്ങൾ. കേരളത്തിൽ മലപ്പുറത്ത് കേളപ്പജി കോളേജ് ഓഫ് അഗ്രികൾച്ചറൽ എൻജിനീയറിങ്, തൃശ്ശൂർ മണ്ണുത്തിയിലെ കോളജ് ഓഫ് ഡയറി സയൻസ് ആൻഡ് ടെക്നോളജി, തൃശ്ശൂർ വെള്ളാനിക്കരയിലെ കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി എന്നിവിടങ്ങളിൽ ഈ കോഴ്സുണ്ട്.

## സെറാമിക് എൻജിനീയറിങ്

● സെറാമിക് ഉൽപ്പന്നങ്ങളായ ഗ്ലാസ്, ഒപ്റ്റിക്കൽ ഫൈബർ, സെമി കണ്ടക്ടറുകൾ, ഇലക്ട്രിക് പവർ ലൈൻ ഉപകരണങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട ഈ കോഴ്സിനും നല്ല ഡിമാന്റ് ഉണ്ട്.

## സിവിൽ എൻജിനീയറിങ്

● എഞ്ചിനീയറിങ് മേഖലയിലെ പരമ്പരാഗത അടിസ്ഥാന കോഴ്സാണിത്. റോഡ്, കെട്ടിടം, പാലം, ടണലുകൾ, വിമാനത്താവളങ്ങൾ, തുറമുഖങ്ങൾ തുടങ്ങിയ നിർമാണ പ്രവർത്തനങ്ങളുടെ സാങ്കേതിക വിദ്യയാണ് പഠന വിഷയം.

## ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ്

● വൈദ്യുതി ഉൽപാദനം, വിതരണം, വൈദ്യുതി ഉപകരണങ്ങളുടെ നിർമ്മാണം, ഇലക്ട്രോണിക്സ് ഉപകരണങ്ങളുടെ നിർമ്മാണം, വാർത്താവിനിമയം തുടങ്ങിയവയുമായി ബന്ധപ്പെട്ട പഠനം.

## ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ

● വാർത്താവിനിമയ സാങ്കേതിക വിദ്യകളുടെ പഠന മേഖല. കമ്മ്യൂണിക്കേഷൻ മേഖലയുടെ പ്രാധാന്യം അനുദിനം കൂടിവരുന്നു. മേൽപ്പറഞ്ഞ സിവിൽ ഇലക്ട്രിക്കൽ ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ എന്നിവ മിക്കവാറും എല്ലാ എൻജിനീയറിങ് കോളജുകളിലുമുള്ള കോഴ്സാണ്.

## ബി. ആർക്ക്

● സിവിൽ എഞ്ചിനീയറിങ്ങിന്റെ ഭാഗമായിരുന്ന ആർക്കിടെക്ചറർ എൻജിനീയറിങ് (ബി ആർക്ക്) ഇപ്പോൾ പ്രത്യേക എൻജിനീയറിങ് വിഭാഗമാണ്. ബി ആർക്കിന് മാത്രമായി ഇപ്പോൾ പ്രത്യേക പ്രവേശന പരീക്ഷ നടത്തുന്നു കെട്ടിടങ്ങളുടെ വാസ്തുഭംഗി, ഡിസൈൻ ശിൽപ്പകല, ഇന്റീരിയർ ഡെക്കറേഷൻ തുടങ്ങിയവ ബി ആർക്കിന്റെ ഭാഗമാണ്.

## കമ്പ്യൂട്ടർ എൻജിനീയറിങ്

● കമ്പ്യൂട്ടർ ഹാർഡ്‌വെയർ, സോഫ്റ്റ്‌വെയർ ആപ്ലിക്കേഷൻ, ഡിസൈൻ തുടങ്ങിയവയുമായി ബന്ധപ്പെട്ട പഠനം. ഐടി മേഖലയാണ് പ്രധാന തൊഴിൽ മേഖല.

## പെട്രോളിയം എൻജിനീയറിങ്

● ക്രൂഡ് ഓയിലിൽ നിന്ന് എൽപിജി ഗ്യാസ് മുതൽ ഡീസലും മണ്ണെണ്ണയും അടക്കം ഒരു ഡസനിലധികം ഉൽപന്നങ്ങൾ നിർമ്മിക്കുന്ന സാങ്കേതികവിദ്യയാണ് പ്രധാന പഠനവിഷയം. ഡെറാഡൂണിലെ യൂണിവേഴ്സിറ്റി ഓഫ് പെട്രോളിയം ആന്റ് എനർജി സ്റ്റഡീസ്, ധൻബാദിലെ ഇന്ത്യൻ സ്കൂൾ ഓഫ് മൈൻസ്, കൂടാതെ മഹാരാഷ്ട്രയിലും ആന്ധ്രപ്രദേശിലും തമിഴ്നാട്ടിലുമുള്ള ചില കോളജുകളിലുമാണ് പെട്രോളിയം എൻജിനീയറിങ് കോഴ്സുകൾ ഉള്ളത്.

## ബയോ മെഡിക്കൽ

● ബയോ മെഡിക്കൽ എൻജിനീയറിങ്ങുകാരാണ് ആരോഗ്യ സംരക്ഷണ രംഗത്തെ സാങ്കേതിക വിദഗ്ധർ. മെഡിക്കൽ ഉപകരണങ്ങളുടെ ഡിസൈൻ, നിർമാണം, സർവീസ് തുടങ്ങിയവയെല്ലാം ഇവരുടെ മേൽനോട്ടത്തിലാണ്. മുംബൈ, വാരണാസി ഐഐടികൾ, മണിപ്പാൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, കോയമ്പത്തൂർ ശ്രീരാമകൃഷ്ണ കോളജ് എന്നിവിടങ്ങളിൽ ഈ കോഴ്സ് ഉണ്ട്. കുസാറ്റിന്റെ കീഴിൽ തൃക്കാക്കരയിലെ മോഡൽ എൻജിനീയറിങ് കോളജ്, കൊല്ലം ടികെഎം കോളജ്, തിരുവനന്തപുരം സിഇടി, പാലക്കാട് ഗവ. എൻജിനീയറിങ് കോളജ്, കൊടകര സഹൃദയ കോളജ് എന്നിവിടങ്ങളിലും ഈ കോഴ്സ് ഉണ്ട്.

## ഫുഡ് ടെക്നോളജി

● ബിടെക് ഇൻ ഫുഡ് ടെക്നോളജിയാണ് ഈ രംഗത്ത് വിദഗ്ധരെ സൃഷ്ടിക്കുന്നത്. കേരളത്തിൽ കൊല്ലം ടികെഎം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലും കാർഷിക സർവകലാശാലയുടെ കീഴിൽ തവനൂരുള്ള കേളപ്പജി കോളജിലും ഫുഡ് എൻജിനീയറിങ്ങിൽ ബിടെക് ഉണ്ട്. ഹരിയാനയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫുഡ് ടെക്നോളജി, തഞ്ചാവൂരിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ക്രോപ് പ്രോസസിങ് തുടങ്ങിയ സ്ഥാപനങ്ങൾ ഫുഡ് ടെക്നോളജിയിൽ ബിടെക്, എംടെക് കോഴ്സുകൾക്ക് പ്രശസ്തമാണ്.

## പ്രിന്റിങ് ടെക്നോളജി

● അത്യാധുനിക പ്രിന്റിങ് മെഷീനുകളുടെ രൂപകൽപന, പ്രിന്റിങ് ഉൽപന്നങ്ങളുടെ നിർമ്മാണം, ഡിജിറ്റലൈസേഷൻ ഓഫ് പ്രിന്റിങ്, മാനേജ്മെന്റ് എന്നിവയെല്ലാം പഠന വിഷയങ്ങളാണ്. പ്രിന്റിങ് മെഷീൻ നിർമാണ കമ്പനികൾ, പത്ര സ്ഥാപനങ്ങൾ, പ്രസുകൾ, പാക്കേജിങ് ഇൻഡസ്ട്രി എന്നിവയിൽ ജോലി ലഭിക്കാം.

## ഡെയറി സയൻസ് ആന്റ് ടെക്നോളജി

● ഹരിയാനയിലെ കർണാലിലുള്ള നാഷണൽ ഡെയറി ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടാണ് ഈ മേഖലയിലെ പ്രമുഖ സ്ഥാപനം. ഇവിടെ എംടെക്കിനും ഗവേഷണത്തിനുമുള്ള അവസരവുമുണ്ട്. ഡെയറി സയൻസിൽ ഡെയറി എൻജിനീയറിങ്, ഡെയറി മൈക്രോബയോളജി, അനിമൽ ന്യൂട്രീഷൻ, ഡെയറി എക്കണോമിക്സ്, അനിമൽ ജനിറ്റിക്സ് ആന്റ് മാനേജ്മെന്റ് എന്നിവയിൽ സ്പെഷ്യലൈസേഷൻ ഉണ്ട്.

## ലെതർ ടെക്നോളജി

● ലെതർ ടെക്നോളജിയുടെ ദേശീയ പരിശീലന സ്ഥാപനമാണ് ചെന്നൈ അഡയാറുള്ള സെൻട്രൽ ലെതർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്. ഇൻസ്റ്റിറ്റ്യൂട്ടിന് അഹമ്മദാബാദ്, ജലന്തർ, കാൺപൂർ, കൊൽക്കത്ത എന്നിവിടങ്ങളിൽ എക്സ്റ്റൻഷൻ സെന്ററുകളുമുണ്ട്. ഇവിടെ ബിടെക്, എംടെക്, റിസർച്ച് പ്രോഗ്രാമുകളുണ്ട്. കാൺപൂരിലെ ഹർകോർട്ട് ലെതർ ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ട്, മുംബൈ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി തുടങ്ങി ചുരുക്കം സ്ഥാപനങ്ങളിൽ മാത്രമേ ഈ കോഴ്സ് ഉള്ളൂ.

## റെയിൽവേ എൻജിനീയറിങ്

● റെയിൽവേയിലെ ടെക്നിക്കൽ കേഡറിൽ ഉള്ള നിയമനങ്ങൾക്ക് ഈ കോഴ്സ് കഴിഞ്ഞവർക്ക് മുൻഗണന ലഭിക്കുന്നു. റെയിൽ മന്ത്രാലയത്തിന്റെ കീഴിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പെർമനന്റ് വേ ആണ് ഈ കോഴ്സ് നടത്തുന്നത്. അഡ്രസ്സ്. www.ipwindia.com

## എയർക്രാഫ്റ്റ് മെയിന്റനൻസ്

● എയർ ക്രാഫ്റ്റുകളുടെ സുരക്ഷ ഉറപ്പുവരുത്തുവാൻ ഉത്തരവാദിത്തപ്പെട്ടവരാണ് എയർക്രാഫ്റ്റ് എൻജിനീയർമാർ. ഡയറക്ടർ ജനറൽ ഓഫ് സിവിൽ ഏവിയേഷന്റെ (DGCA) കീഴിൽ ഇന്ത്യയിൽ ഏതാനും സ്ഥാപനങ്ങളിൽ ഈ കോഴ്സ് നടത്തുന്നുണ്ട്.

## മൈനിങ് /മിനറൽ എൻജിനീയറിങ്

● പ്രകൃതിയിലുള്ള അമൂല്യ ധാതുക്കളെ വേർതിരിച്ചെടുത്ത് സംസ്കരിക്കുക, അതിനുള്ള സാങ്കേതികവിദ്യ വികസിപ്പിക്കുക തുടങ്ങിയവ ഉൾപ്പെട്ട മേഖലയാണ് മൈനിങ്/ മിനറൽ എൻജിനീയറിങ്. വിവിധ ഐഐടികൾക്കും എൻഐടികൾക്കും പുറമേ മൈനിങ് മേഖലയിൽ വിദഗ്ധ കോഴ്സുകൾ ലഭ്യമാക്കുന്ന സ്ഥാപനങ്ങളാണ് ധൻബാദിലെ ഇന്ത്യൻ സ്കൂൾ ഓഫ് മൈൻസ്, ബനാറസ് ഹിന്ദു യൂണിവേഴ്സിറ്റിയുടെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി എന്നിവ.

## അപ്ലൈഡ് ഇലക്ട്രോണിക്സ്

● ഇലക്ട്രോണിക്സ് വിഷയങ്ങളോടൊപ്പം ഇൻസ്ട്രുമെന്റേഷനും പ്രാധാന്യം നൽകുന്ന ശാഖയാണിത്. വിവിധ ഇലക്ട്രോണിക് ഉപകരണങ്ങൾ ഉപയോഗിച്ചുള്ള ഇലക്ട്രോണിക് നിയന്ത്രണ സംവിധാനങ്ങളെക്കുറിച്ചുള്ള പഠനമാണ് പ്രധാനം.

## ഇൻഫർമേഷൻ ടെക്നോളജി

● കമ്പ്യൂട്ടറും കമ്മ്യൂണിക്കേഷൻ സാധ്യതകളും ഉപയോഗപ്പെടുത്തിയുള്ള പഠനമാണിത്. നെറ്റ്‌വർക്ക് കമ്പ്യൂട്ടർ ഓട്ടോമേഷൻ, ഇൻഫർമേഷൻ സെക്യൂരിറ്റി, ഡാറ്റാ സയൻസ്, ക്ലൗഡ് കമ്പ്യൂട്ടിങ് എന്നിവയും ഉൾപ്പെടുന്നു.

## ബയോടെക്നോളജി

● ബയോ ഇൻഫർമാറ്റിക്സ്, ജെനിറ്റിക് സയൻസ്, മൈക്രോബയോളജി, സെൽബയോളജി തുടങ്ങിയ ഉൾപ്പെടുന്ന ബയോടെക്നോളജി ജീവശാസ്ത്രത്തിലെ നൂതന സാങ്കേതികവിദ്യകൾ വികസിപ്പിച്ചെടുക്കുന്ന കോഴ്സാണിത്.

● എഐ, മെക്കട്രോണിക്സ്, റോബോട്ടിക് & ഓട്ടോമേഷൻ, സൈബർ സെക്യൂരിറ്റി, മെഷീൻ ലേണിങ് തുടങ്ങിയ വിഷയങ്ങളിലും ഇപ്പോൾ എൻജിനീയറിങ് കോഴ്സുകളുണ്ട്. *(2025 ജനുവരി-ഫെബ്രുവരി ലക്കത്തിൽ ഇവയെക്കുറിച്ച് വിശദീകരിച്ചിട്ടുണ്ട്.)*



താമരശ്ശേരി രൂപതയുടെ പ്രഥമ മെത്രാൻ മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരിയുടെ 31-ാം ചരമ വാർഷികത്തോടനുബന്ധിച്ച് താമരശ്ശേരി മേരിമാതാ കത്തീഡ്രലിൽ നടന്ന അനുസ്മരണ ശുശ്രൂഷ. ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ മുഖ്യകാർമികത്വം വഹിച്ചു. വികാരി ജനറൽ മോൺ. അബ്രഹാം വയലിൽ, ഫാ. തോമസ് ചിലമ്പിക്കുന്നേൽ എന്നിവർ സഹകാർമികരായിരുന്നു

# ഫാ. ഫെബിൻ പുതിയാപറമ്പിലിന് മോൺസിഞ്ഞോർ പദവി

താമരശ്ശേരി രൂപതാ വൈദികനും ഇറാനിലെ അപ്പസ്തോലിക് ന്യൂൺഷ്യേച്ചറിൽ സെക്രട്ടറിയുമായ ഫാ. ഫെബിൻ സെബാസ്റ്റ്യൻ പുതിയാപറമ്പിലിനെ മാർപാപ്പ മോൺസിഞ്ഞോർ പദവിയിലേക്ക് ഉയർത്തി. ആനക്കാംപൊയിൽ പുതിയാപറമ്പിൽ സെബാസ്റ്റ്യൻ-ഡോളി ദമ്പതികളുടെ മകനായ ഫാ. ഫെബിൻ 2014-ലാണ് പൗരോഹിത്യം സ്വീകരിച്ചത്. കാനൻ നിയമത്തിൽ ഡോക്ടറേറ്റ് നേടിയിട്ടുണ്ട്. പുല്ലൂരാംപാറ, ചേവായൂർ ഇടവകകളിൽ അസി. വികാരിയായും മേരിക്കുന്ന് പിഎംഒസിയിൽ അസി. ഡയറക്ടറായും സേവനം ചെയ്തു. രൂപതാ കോടതിയിൽ ജഡ്ജിയായും പ്രവർത്തിച്ചു. ബൊളീവിയ, ഗ്രീസ് എന്നിവിടങ്ങളിലെ അപ്പസ്തോലിക് ന്യൂൺഷ്യേച്ചറിൽ സെക്രട്ടറിയായിരുന്നു.



ഫാ. ഫെബിൻ പുതിയാപറമ്പിൽ

## ബഥാനിയയിൽ അഖണ്ഡ ജപമാല സമർപ്പണം 25-ാം വർഷത്തിലേക്ക്

# ഇനി, ജപമാല ഭക്തിയുടെ ദിനരാത്രങ്ങൾ

**പുല്ലൂരാംപാറ** ● താമരശ്ശേരി രൂപതയുടെ ആത്മീയ നവീകരണ കേന്ദ്രമായ ബഥാനിയ റിന്യൂവൽ സെന്ററിൽ ദിവ്യകാരുണ്യ ആരാധനയും അഖണ്ഡജപമാല സമർപ്പണവും ജൂലൈ 17-ന് ആരംഭിക്കും. അഖണ്ഡ ജപമാല സമർപ്പണം ആരംഭിച്ചിട്ട് 25 വർഷങ്ങൾ പൂർത്തിയാകുകയാണെന്ന പ്രത്യേകതയും ഇത്തവണയുണ്ട്. ലോക സമാധാനവും കുടുംബവിശുദ്ധീകരണവുമാണ് ഇത്തവണത്തെ മുഖ്യനിയോഗങ്ങൾ.

ജൂലൈ 17-ന് രാവിലെ 9.30-ന് ഗാന ശുശ്രൂഷയും 10-ന് വിശുദ്ധ കുരിശിന്റെ വഴിയും 10.45-ന് സ്തുതി ആരാധനയും നടക്കും. തുടർന്ന് 11.15-ന് ആഘോഷമായ വിശുദ്ധ കുർബാന. ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ മുഖ്യകാർമികത്വം വഹിക്കും. 12.30-ന് ദിവ്യകാരുണ്യ ആരാധനയും ജപമാല സമർപ്പണവും ആരംഭിക്കും.

101 ദിവസം രാപകലുകൾ ഇടമുറിയാതെ നടത്തുന്ന ദിവ്യകാരുണ്യ ആരാധനയും അഖണ്ഡജപമാല സമർപ്പണവും ഒക്ടോബർ 25-ന് സമാപിക്കും.

എല്ലാ ദിവസവും കുമ്പസാരത്തിനും സ്പിരിച്വൽ ഷെയറിങ്ങിനുമുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. 24 മണിക്കൂറും ആരാധനയുണ്ടാകും. ഞായർ ഒഴികെ എല്ലാ ദിവസവും രാവിലെ ആറിനും ഉച്ചയ്ക്ക് 12നും വൈകിട്ട് ഏഴിനും ദിവ്യബലിയർപ്പണം നടക്കും.

എല്ലാ ദിവസവും പകൽ മൂന്നിനും പുലർച്ചെ മൂന്നിനും കുരിശിന്റെ വഴിയും കരുണക്കൊന്തയും നടത്തും.

എല്ലാ ദിവസവും ഉച്ചയ്ക്കും രാത്രിയും നേർച്ച ഭക്ഷണമുണ്ട്. ആരാധനയ്ക്കാവശ്യമായ എണ്ണ, മെഴുകുതിരി തുടങ്ങിയവ സമർപ്പിക്കുവാനും ഭക്തവസ്തുക്കൾ വെഞ്ചരിക്കാനുമുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

വാഹനങ്ങൾക്ക് പ്രത്യേകം പാർക്കിങ് സൗകര്യമുണ്ട്. പ്രാർത്ഥനാ ഗ്രൂപ്പുകൾക്കും ഭക്തസംഘടനകൾക്കും പ്രത്യേകം പ്രാർത്ഥനാ സൗകര്യം ഒരുക്കിയിട്ടുണ്ട്.

ഡയറക്ടർ ഫാ. റോണി പോൾ കാവിൽ, അസി. ഡയറക്ടർ ഫാ. ആൽബിൻ വിലങ്ങുപാറ എന്നിവർ നേതൃത്വം നൽകും.

## കയ്യെഴുത്തു മാസിക: കുപ്പായക്കോട് ഒന്നാമത്

**താമരശ്ശേരി** ● ചെറുപുഷ്പ മിഷൻലീഗ് രൂപതാ സമിതി സംഘടിപ്പിച്ച കയ്യെഴുത്തു മാസിക മത്സരത്തിൽ കുപ്പായക്കോട് ശാഖ എപ്ലസ് ഗ്രേഡോടെ രൂപതാതലത്തിൽ ഒന്നാം സ്ഥാനം നേടി.

തിരുവമ്പാടി, കൂരാച്ചുണ്ട് ശാഖകൾ എപ്ലസ് ഗ്രേഡോടെ രണ്ടും കൂടരഞ്ഞി, ചക്കിട്ടപാറ ശാഖകൾ എപ്ലസ് ഗ്രേഡോടെ മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി.

കല്ലാനോട്, കണ്ണോത്ത്, പുല്ലൂരാംപാറ, കട്ടിപ്പാറ, വേനപ്പാറ, കൊണ്ടോട്ടി ശാഖകൾ തയ്യാറാക്കിയ കയ്യെഴുത്തു മാസികകൾ എ ഗ്രേഡ് നേടി.

## നിശബ്ദതയ്ക്കും പ്രാർത്ഥനയ്ക്കുമായി സെന്റ് ജോർജ് വൈദിക ഭവനം കക്കാടംപൊയിലിൽ ഒരുങ്ങുന്നു

**കക്കാടംപൊയിൽ** ● വൈദികർക്കായി കക്കാടംപൊയിലിൽ നിർമിക്കുന്ന സെന്റ് ജോർജ് വൈദികഭവനത്തിന് ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ തറക്കല്ലിട്ടു. റൂബി ജൂബിലി പ്രോജക്ടിന്റെ ഭാഗമായാണ് വൈദികർക്ക് നിശബ്ദ ധ്യാനത്തിനും പ്രാർത്ഥനയ്ക്കുമായി ഭവനം നിർമിക്കുന്നത്. ഒരു വർഷത്തിനുള്ളിൽ നിർമാണം പൂർത്തിയാക്കും.

വികാരി ജനറൽ മോൺ. അബ്രഹാം വയലിൽ, ചാൻസലർ ഫാ. സെബാസ്റ്റ്യൻ കാവളക്കാട്ട്, ഫാ. ഡാന്റിസ് കിഴക്കരക്കാട്ട് എന്നിവർ നേതൃത്വം നൽകി.



## ഫെയ്ത്ത് അറ്റ് ഹോം

**താമരശ്ശേരി** ● മതബോധന വിദ്യാർത്ഥികളുടെ മാതാപിതാക്കൾക്കായി രൂപതാ മതബോധന കേന്ദ്രം സംഘടിപ്പിക്കുന്ന സായാഹ്ന സെമിനാർ 'ഫെയ്ത്ത് അറ്റ് ഹോം' കൂരാച്ചുണ്ട് സെന്റ് തോമസ് ഫൊറോന ഇടവകയിൽ സംഘടിപ്പിച്ചു. കൂരാച്ചുണ്ട് ഫൊറോന വികാരി ഫാ. വിൻസെന്റ് കണ്ടത്തിൽ ഉദ്ഘാടനം ചെയ്തു. മതബോധന രൂപതാ ഡയറക്ടർ ഫാ. ജോൺ പള്ളിക്കാവയലിൽ, സോണി മോൻ എന്നിവർ ക്ലാസ് നയിച്ചു.

ചർച്ചകൾ, ക്വിസ് മത്സരങ്ങൾ, ഗെയിമുകൾ എന്നിവ ഉൾക്കൊള്ളിച്ചുള്ള 'ഫെയ്ത്ത് അറ്റ് ഹോം' ദിവ്യകാരുണ്യ ആരാധനയോടെയാണ് സമാപിച്ചത്.

## സ്വർഗ്ഗവാസത്തിന്റെ 12-ാം വർഷം (17-06-2025)



**മേരി ജോൺ ആരനോലിക്കൽ**

**കുണ്ടായിത്തോട്, കോഴിക്കോട്**

**പ്രാർത്ഥനകളോടെ ഭർത്താവ് എ.ജെ. ജോൺ, മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ**

# 'ഫെയ്ത്ത് മേറ്റ്സ്' പഠന ശിബിരം നടത്തി

**താമരശ്ശേരി** ● സീറോ മലബാർ സഭാതലത്തിൽ പരിഷ്ക്കരിച്ച മതബോധന പ്ലസ്ടു ടെക്സ്റ്റ് ബുക്ക് പരിചയപ്പെടുത്തുന്നതിനായി രൂപതാ മതബോധന കേന്ദ്രത്തിന്റെ നേതൃത്വത്തിൽ 'ഫെയ്ത്ത് മേറ്റ്സ്' എന്ന പേരിൽ പഠനശിബിരം നടത്തി. താമരശ്ശേരി എംഎസ്ടി സാന്തോം സെമിനാരിയിൽ നടത്തിയ പഠനശിബിരം ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ഉദ്ഘാടനം ചെയ്തു. മതബോധന ഡയറക്ടർ ഫാ. ജോൺ പള്ളിക്കാവയലിൽ അധ്യക്ഷത വഹിച്ചു.

ആധുനിക ബോധനരീതികൾ ഉപയോഗിച്ചു തയ്യാറാക്കിയിരിക്കുന്ന പരിഷ്ക്കരിച്ച പ്ലസ്ടു പുസ്തകത്തിലെ ആശയങ്ങൾ കുട്ടികളിലേക്ക് ആഴത്തിലിറങ്ങുന്നതാണെന്നും അധ്യാപകർ അതിനുള്ള വഴികാട്ടികളാകണമെന്നും ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പറഞ്ഞു.

സീറോ മലബാർ സഭാതലത്തിൽ കാക്കനാട് നടത്തിയ പഠനക്യാമ്പിൽ പങ്കെടുത്ത സണ്ണി കോക്കാപ്പിള്ളിൽ, സിസ്റ്റർ ജിസ്‌ലെറ്റ് എംഎസ്ജെ, ബോണി ആനത്താനം, സോണി മോൻ എന്നിവർ ക്ലാസുകൾ നയിച്ചു. പാഠപുസ്തക അവതരണ രീതിയെക്കുറിച്ച് സണ്ണി കോക്കാപ്പിള്ളിയും ചിഹ്നങ്ങളെയും നിറങ്ങളെയും കുറിച്ച് ബോണി ആനത്താനവും വിശദീകരിച്ചു. തുടർന്ന് ഗ്രൂപ്പുകളായി തിരിച്ച് മോഡൽ ക്ലാസുകൾ സംഘടിപ്പിച്ചു. വിവിധ ഇടവകകളിൽ നിന്നായി 120 അധ്യാപകർ പങ്കെടുത്തു.



'ഫെയ്ത്ത് മേറ്റ്സ്' പഠന ശിബിരം ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ഉദ്ഘാടനം ചെയ്യുന്നു

റൂബി ജൂബിലി ആചരണം: ജൂലൈ, ആഗസ്റ്റ് കർമ്മപദ്ധതികൾ

റൂബി ജൂബിലി വിശേഷങ്ങൾ

# യുവജന ശാക്തീകരണം, വിശ്വാസ പരിപോഷണം

● താമരശ്ശേരി രൂപതയുടെ റൂബി ജൂബിലി ആചരണത്തിന്റെ ഭാഗമായി ജൂലൈ യുവജന മാസമായി ആചരിക്കും. അതിനുള്ള കർമ്മ പദ്ധതികൾ തയ്യാറായി. കെസിവൈഎം രൂപതാ ഡയറക്ടർ ഫാ. ജോബിൻ തെക്കേക്കരമറ്റം യുവജന മാസാചരണത്തിന് നേതൃത്വം നൽകും.

ജൂലൈ ആറിന് ഇടവകാ തലത്തിൽ യുവജന ഞായർ ആഘോഷവും പുതിയ അംഗങ്ങൾക്ക് സ്വീകരണവും നൽകും.

ഇടവകാതലത്തിൽ യൂത്ത് ടോക്സ് സംഘടിപ്പിക്കും. വിദേശരാജ്യങ്ങളിലുള്ള യുവജനങ്ങൾ, യൂണിറ്റുകളിലെ യുവജനങ്ങൾ, വൈദികർ, ആനിമേറ്റർമാർ എന്നിവർ ചേർന്ന് സംഘടിപ്പിക്കുന്ന ഓൺലൈൻ മീറ്റിങ്ങാണ് 'യൂത്ത് ടോക്സ്.' യുവജനങ്ങളുടെ വിശേഷങ്ങൾ പങ്കുവയ്ക്കുന്നതിനും, വിശ്വാസ ജീവിതത്തെക്കുറിച്ച് ആരായുന്നതിനും അവസരങ്ങൾ ഒരുക്കുകയാണ് ലക്ഷ്യം.

താമരശ്ശേരി രൂപതാ യുവജനപ്രസ്ഥാനത്തിലെ കഴിഞ്ഞകാല യുവജന നേതാക്കന്മാരുടെയും, നിലവിലെ യൂണിറ്റ് ആനിമേറ്റർമാരുടെയും സംഗമം ജൂലൈ 12-ന് സംഘടിപ്പിക്കും.

ഇടവകയിലെ യുവജനങ്ങൾ, വികാരിയച്ചനോടും ആനിമേറ്ററോടുമൊപ്പം വൈകിട്ട് പള്ളിമുറ്റത്ത് ഒരുമിച്ചു കൂടുന്ന 'പള്ളിമുറ്റം' പ്രോഗ്രാം ഇടവകകളിൽ ജൂലൈയിൽ നടക്കും. പ്രാർത്ഥന, പാട്ട്, സ്പിരിചൽ ഷെയറിങ്, അത്താഴം എന്നിവ 'പള്ളിമുറ്റം' പ്രോഗ്രാമിന്റെ ഭാഗമാണ്. കെസിവൈഎം മുൻകാല ഡയറക്ടർമാരുടെയും, നിലവിലെ മേഖല ഡയറക്ടർമാരുടെയും സംഗമം ജൂലൈ 24-ന് സംഘടിപ്പിക്കും.

ഇടവകാതലത്തിൽ യുവജനങ്ങളുടെ നേതൃത്വത്തിൽ ദീർഘകാല പദ്ധതികൾക്കും 2025 ജൂലൈയിൽ തുടക്കം കുറിക്കും. മാസത്തിലൊരിക്കൽ വൃദ്ധസദനങ്ങൾ സന്ദർശിക്കുക, അശരണർക്ക് പൊതിച്ചോറ് നൽകുക, പിടിയരി ശേഖരിച്ച് വിതരണം ചെയ്യുക തുടങ്ങിയവയാണ് ദീർഘകാല പദ്ധതികൾ. മികച്ച രീതിയിൽ പദ്ധതികൾ നടത്തുന്ന യൂണിറ്റുകൾക്ക് രൂപതാ തലത്തിൽ സമ്മാനം നൽകും.

● ആഗസ്റ്റ് വിശ്വാസപരിപോഷണ മാസമായി ആചരിക്കും. മതബോധന രൂപതാ ഡയറക്ടർ ഫാ. ജോൺ പള്ളിക്കാവയലിൽ നേതൃത്വം നൽകും. മാസാചരണത്തിന്റെ ഭാഗമായി വിവിധ കർമ്മപദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്.

മതബോധന വിദ്യാർത്ഥികൾക്ക് മാതാപിതാക്കളോടൊപ്പം പങ്കെടുക്കാവുന്ന ഓൺലൈൻ ഫാമിലി ക്വിസ്, 2024-25 വിശ്വാസ പരിശീലന വർഷത്തിൽ ഒരു ദിവസം പോലും മുടങ്ങാതെ ദിവ്യബലിയിൽ പങ്കെടുത്ത കുട്ടികളുടെ രൂപതാതല സംഗമം, ഗ്രേയ്സ് ഫെസ്റ്റ് എന്ന പേരിൽ ഏകദിന വിശ്വാസോത്സവം എന്നിവയും 2025 ആഗസ്റ്റിൽ നടത്തും.

# പ്രകൃതി സംരക്ഷണത്തിന് നാടിനൊപ്പം

● ഇടവകകളിൽ ജൂബിലി വൃക്ഷത്തൈ ● മാലിന്യ സംസ്ക്കരണത്തിന് മാതൃകയായി ഇടവകകളിൽ വേസ്റ്റ് ബിന്നുകൾ
● അടിവാരം മുതൽ ലക്കിടി വരെയുള്ള ചുരം റോഡ് വൃത്തിയാക്കി

● റൂബി ജൂബിലിയുടെ ഭാഗമായി ജൂൺ പരിസ്ഥിതി മാസമായി ആചരിച്ചു. രൂപതാതലത്തിൽ വിവിധ കർമ്മപദ്ധതികൾ നടപ്പിലാക്കി. ഇടവകകളിൽ ജൂബിലി വൃക്ഷത്തൈ നട്ടു. ഇതിന്റെ ഭാഗമായി താമരശ്ശേരി ബിഷപ്സ് ഹൗസ് പരിസരത്ത് ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ വൃക്ഷത്തൈ നട്ടു. രൂപതയിലെ വീടുകളിൽ വൃക്ഷത്തൈകൾ വിതരണം ചെയ്യുന്ന പദ്ധതി കല്ലുരുട്ടി പള്ളിയിൽ നടന്ന ചടങ്ങിൽ ബിഷപ് ഉദ്ഘാടനം ചെയ്തു. ഇൻഫാമിന്റെ നേതൃത്വത്തിൽ സൗജന്യമായാണ് പന്ത്രണ്ടായിരത്തിലധികം വൃക്ഷതൈകൾ വിതരണം ചെയ്യുന്നത്. ജൈവ, അജൈവ മാലിന്യങ്ങൾ വേർതിരിച്ചു ശേഖരിക്കുവാനുള്ള മാലിന്യ സംഭരണികൾ രൂപതയിലെ എല്ലാ പള്ളികളിലും സ്ഥാപിച്ചു. താമരശ്ശേരി രൂപതയുടെ നേതൃത്വത്തിൽ രൂപതാംഗങ്ങൾ ഒന്നുചേർന്ന് വയനാട് ചുരം ശുചീകരിച്ചു.

'എല്ലാ ജീവജാലങ്ങളും അധിവസിക്കുന്ന ഭവനവും കുടുംബവുമാണ് ഭൂമി എന്ന തിരച്ചറിവിൽ ആവാസവ്യവസ്ഥയെ സംരക്ഷിക്കണം. കാർഷികസംസ്കാരവും കാർഷികാടിത്തറയുമുള്ള രൂപതയെ സംബന്ധിച്ചിടത്തോളം പരിസ്ഥിതി സംരക്ഷണം എന്നും പ്രസക്തമാണ്. ജൈവ, അജൈവ മാലിന്യങ്ങളെ വേർതിരിച്ച് ശേഖരിക്കുകയും സംസ്ക്കരിക്കുകയും ചെയ്യുന്നത് ഒരു സംസ്കാരമായി വളർത്തിയെടുക്കണം. രൂപതയിലെ എല്ലാ ദേവാലയങ്ങളിലും സ്ഥാപനങ്ങളിലും പ്ലാസ്റ്റിക് ഉപയോഗം പരമാവധി ലഘൂകരിക്കും. മാലിന്യ സംസ്കരണം ഓരോ മനുഷ്യന്റെയും സമൂഹത്തോടുള്ള ഉത്തരവാദിത്തമാണ്' - ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പറഞ്ഞു.

അജൈവ മാലിന്യങ്ങൾ സംഭരിക്കാൻ ചുവന്ന വേസ്റ്റ് ബാസ്കറ്റും ജൈവ മാലിന്യങ്ങൾ ശേഖരിക്കാൻ പച്ച വേസ്റ്റ് ബാസ്കറ്റുമാണ് രൂപതയിൽ നിന്ന് എല്ലാ പള്ളികളിലും എത്തിച്ചത്. വിവിധ ഇടവകകളിൽ നിന്നുള്ള നാനൂറിൽ പരം ആളുകളാണ് താമരശ്ശേരി ചുരം വൃത്തിയാക്കാൻ മുന്നിട്ടിറങ്ങിയത്. അടിവാരം മുതൽ ലക്കിടി വരെയുള്ള ചുരം റോഡിൽ ഉപേക്ഷിക്കപ്പെട്ട പ്ലാസ്റ്റിക്കും ചില്ലുകുപ്പികളും അടക്കം മുഴുവൻ മാലിന്യങ്ങളും നീക്കം ചെയ്തു.

അന്തരീക്ഷത്തെ മലിനമാക്കുന്ന പുക പുറന്തള്ളുന്ന പ്രവർത്തനങ്ങൾ പരമാവധി കുറയ്ക്കുക, മാലിന്യങ്ങൾ വലിച്ചെറിയുന്നതും അവ കത്തിക്കുന്നതും ഒഴിവാക്കുക, കാർബൺ ബഹിർഗമനം കുറഞ്ഞ പാചകരീതികൾ അവലംബിക്കുക, നാട്ടിലെ ശുദ്ധജല സ്രോതസ്സുകൾ ശുചീകരിക്കുന്ന കൂട്ടായ പ്രവർത്തനങ്ങൾ എല്ലാ ഇടവകകളിലും സംഘടിപ്പിക്കുക, മഴവെള്ള സംഭരണികളുടെ നിർമാണം പ്രോത്സാഹിപ്പിക്കുക, പുരപ്പുറത്ത് വീഴുന്ന മഴവെള്ളം ഉപയോഗിച്ച് കിണറുകൾ 'റീചാർജ്' ചെയ്യാനുള്ള പദ്ധതികൾ ആവിഷ്കരിക്കുക, പള്ളികളിലും സ്ഥാപനങ്ങളിലും പ്ലാസ്റ്റിക് ഉപയോഗം പരമാവധി ലഘുകരിക്കുക, ജൈവ-അജൈവ മാലിന്യങ്ങളെ വേർതിരിച്ചു ശേഖരിക്കുകയും സംസ്കരിക്കുകയും ചെയ്യുക, കമ്പോസ്റ്റ് പിറ്റുകൾ എല്ലാ വീടുകളിലും ക്രമീകരിക്കുക, ബയോഗ്യാസ് പ്ലാന്റുകളുടെ നിർമ്മാണം, മരങ്ങൾ നട്ടുപിടിപ്പിക്കുക തുടങ്ങിയ പരിസ്ഥിതി സൗഹൃദ നടപടികളും രൂപത ആഹ്വാനം ചെയ്തിരുന്നു.

പരിസ്ഥിതി മാസാചരണത്തിന് റൂബി ജൂബിലി കമ്മിറ്റി ചെയർമാൻ ഫാ. ജോൺ ഒറവുങ്കര, ഫാ. ജിൽസൺ തയ്യിൽ എന്നിവർ നേതൃത്വം നൽകി.



റൂബി ജൂബിലിയോടനുബന്ധിച്ച് പരിസ്ഥിതി മാസാചരണത്തിന്റെ ഭാഗമായി ബിഷപ്സ് ഹൗസ് പരിസരത്ത് ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ജൂബിലി വൃക്ഷത്തൈ നടുന്നു



ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിലിന്റെ നേതൃത്വത്തിൽ താമരശ്ശേരി ചുരം വൃത്തിയാക്കുന്നു

## ഹാർദ്ദമായ സ്വാഗതം



താമരശ്ശേരി രൂപതയുടെ മുഖപത്രമായ മലബാർ വിഷന്റെ ചീഫ് എഡിറ്ററായി നിയമിതനായ ഫാ. റോയ് തേക്കുംകാട്ടിൽ

## നേട്ടം



ഏഴാം ക്ലാസ് വിദ്യാർത്ഥികൾക്കായുള്ള സീറോ മലബാർ സഭാതല പ്രതിഭാസംഗമത്തിൽ പ്രതിഭയായി തിരഞ്ഞെടുക്കപ്പെട്ട ക്രിസ് ബി. ഫ്രാൻസിസ് വള്ളിയാംപൊയ്കയിൽ. പുല്ലൂരാംപാറ ഇടവകാംഗം.

## എഫ്എസ്ടി സംഗമം നടത്തി

**താമരശ്ശേരി** ● രൂപതയിലെ സിസ്റ്റർമാരുടെ കൂട്ടായ്മയായ ഫെലോഷിപ്പ് ഓഫ് താമരശ്ശേരി സിസ്റ്റേഴ്സിന്റെ (എഫ്എസ്ടി) സംഗമം 'ഇഗ്നൈറ്റ് 2K25' താമരശ്ശേരി ബിഷപ്സ് ഹൗസിൽ നടന്നു. രൂപത വികാരി ജനറൽ മോൺ. അബ്രഹാം വയലിൽ ഉദ്ഘാടനം ചെയ്തു. രൂപതാ ചാൻസലറും എഫ്എസ്ടി ഡയറക്ടറുമായ ഫാ. സെബാസ്റ്റ്യൻ കവളക്കാട്ട് അധ്യക്ഷത വഹിച്ചു.

ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ അനുഗ്രഹ പ്രഭാഷണം നടത്തി. ദൈവത്തിന്റെ കരുണാർദ്ര സ്നേഹത്തിന് സ്വയം സമർപ്പിക്കാനും എല്ലാത്തിന്റെയും അടിസ്ഥാനം ദൈവത്തിന്റെ കരുണയാണെന്ന് സഹജീവികളെ ബോധ്യപ്പെടുത്തുവാനും സാധിക്കണമെന്ന് ബിഷപ് പറഞ്ഞു.

Dilexit Nos എന്ന ചാക്രിക ലേഖനത്തെ കുറിച്ചുള്ള ഓറിയന്റേഷൻ പ്രോഗ്രാമിന് റവ. ഡോ. ജേക്കബ് അരീത്തറ നേതൃത്വം നൽകി. ക്രിസ്തുവിന്റെ തിരുഹൃദയം ധ്യാന വിഷയമാക്കി, അത് ജീവിതത്തിൽ പകർത്തി ജീവിതസാക്ഷ്യം ആക്കി മാറ്റാനും പ്രേക്ഷിതമണ്ഡലങ്ങളിൽ ആ സ്നേഹം പകർന്നു നൽകി ക്രിസ്തുവിന്റെ സ്നേഹത്തിന് സാക്ഷികളാകാനും കഴിയണമെന്ന് അദ്ദേഹം പറഞ്ഞു. രൂപതാ ഫിനാൻസ് ഓഫീസർ ഫാ. ബെന്നി മുണ്ടനാട്ട്, സിസ്റ്റർ ബിൻസി എംഎസ്ജെ എന്നിവർ പ്രസംഗിച്ചു.

# ഉണർത്തുപാട്ടായി 'പ്രേഷിത ഭേരി – 25'

**കോടഞ്ചേരി** ● ചെറുപുഷ്പ മിഷൻലീഗ് കേരള സംസ്ഥാന സമിതിയുടെയും താമരശ്ശേരി രൂപതയുടെയും പ്രവർത്തന വർഷം 'പ്രേഷിത ഭേരി–25' താമരശേരി രൂപത വികാരി ജനറൽ മോൺ. അബ്രഹാം വയലിൽ ഉദ്ഘാടനം ചെയ്തു. ചെറുപുഷ്പ മിഷൻലീഗ് സംസ്ഥാന പ്രസിഡന്റ് രഞ്ജിത് മുതുപ്ലാക്കൽ അധ്യക്ഷത വഹിച്ചു.

ചെറുപുഷ്പ മിഷൻലീഗ് സംസ്ഥാന വൈസ് ഡയറക്ടർ ഫാ. ജിതിൻ വേലിക്കകത്ത് മുഖ്യസന്ദേശം നൽകി. താമരശ്ശേരി രൂപത ഡയറക്ടർ ഫാ. ജോർജ് വെള്ളാരംകാലായിൽ ആമുഖ പ്രഭാഷണം നടത്തി.



'പ്രേഷിത ഭേരി–25' താമരശേരി രൂപത വികാരി ജനറൽ മോൺ. അബ്രഹാം വയലിൽ ഉദ്ഘാടനം ചെയ്യുന്നു

കോടഞ്ചേരി ഫൊറോന വികാരി ഫാ. കുര്യാക്കോസ് ഐക്കൊളമ്പിൽ, സംസ്ഥാന സെക്രട്ടറി ജെയ്സൺ പുളിച്ചുമാക്കൽ, കോടഞ്ചേരി ശാഖാഗം സാന്റാമരിയ റോബിൻസൺ, താമരശ്ശേരി രൂപത വൈസ് ഡയറക്ടർ സിസ്റ്റർ പ്രിൻസി സിഎംസി, രൂപത സീനിയർ വൈസ് പ്രസിഡന്റ് ആൻമേരി കൊച്ചുതൊട്ടിയിൽ, രൂപത ജൂനിയർ വൈസ് പ്രസിഡന്റ് ആൻലിയ സജി മെഴുകനാൽ, അരുൺ ജോസഫ് എന്നിവർ പ്രസംഗിച്ചു.

കോടഞ്ചേരി ഫൊറോന അസിസ്റ്റന്റ് വികാരി ഫാ. ജിയോ കടുകന്മാക്കൽ, കോടഞ്ചേരി മേഖല പ്രസിഡന്റ് ആന്റണി ചൂരപൊയ്കയിൽ, ശാഖ വൈസ് ഡയറക്ടർ സിസ്റ്റർ ഹെലൻ എഫ്സിസി എന്നിവർ നേതൃത്വം നൽകി.

# 'ചലഞ്ച്' പൂർത്തിയാക്കി യൂക്കരിസ്റ്റിക് ആർമി: സൈക്കിൾ സമ്മാനം നൽകി കൂരാച്ചുണ്ട് ഇടവക



ഒരു വർഷം മുടങ്ങാതെ വിശുദ്ധ കുർബാനയിൽ പങ്കെടുത്ത് സൈക്കിൾ സമ്മാനം നേടിയ കുട്ടികൾ ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിലിനും വികാരി ഫാ. വിൻസെന്റ് കണ്ടത്തിലിനുമൊപ്പം

ഒരു വർഷം മുടങ്ങാതെ വിശുദ്ധ കുർബാനയിൽ പങ്കെടുക്കുക എന്ന 'ചലഞ്ച്' ഏറ്റെടുത്ത് പൂർത്തിയാക്കിയ കൂരാച്ചുണ്ട് ഫൊറോന ദേവാലയത്തിലെ യൂക്കരിസ്റ്റിക് ആർമി അംഗങ്ങൾക്ക് സൈക്കിൾ സമ്മാനിച്ചു. മൂന്നു വയസുകാരിയടക്കം 28 കുട്ടികളാണ് മുടങ്ങാതെ വിശുദ്ധ കുർബാനയിൽ പങ്കെടുത്ത് സൈക്കിൾ നേടിയത്. ജൂൺ ഏഴിന് വിശുദ്ധ കുർബാനയർപ്പണത്തിനു ശേഷം ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ സൈക്കിളുകൾ സമ്മാനിച്ചപ്പോൾ പ്ലാറ്റിനം ജൂബിലി വർഷത്തിൽ കൂരാച്ചുണ്ട് ഫൊറോന ഇടവകയ്ക്ക് അതൊരു അഭിമാന നിമിഷമായി മാറി.

കുട്ടികളെ വിശുദ്ധ കുർബാനയോട് അടുപ്പിക്കാൻ ഇടവക നടത്തുന്ന പരിശ്രമങ്ങൾ മാതൃകാപരമാണെന്ന് ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പറഞ്ഞു. 'പ്രതിഫലം ലഭിക്കുകയെന്നത് ആരും ആഗ്രഹിക്കുന്ന കാര്യമാണ്. ബൈബിളിലും പ്രതിഫലത്തെക്കുറിച്ച് സൂചിപ്പിക്കുന്നുണ്ട്. കുട്ടികളുടെ ത്യാഗത്തിനും ആത്മസമർപ്പണത്തിനും ദൈവം നൽകിയ പ്രതിഫലമാണ് ഇവിടെ സമ്മാനിക്കുന്ന സൈക്കിളുകൾ.' ബിഷപ് കൂട്ടിച്ചേർത്തു.

കൂരാച്ചുണ്ട് ഫൊറോന വികാരി ഫാ. വിൻസെന്റ് കണ്ടത്തിലിന്റെ നേതൃത്വത്തിൽ ഉദാരമനസ്കരുടെ സഹായത്തോടെയാണ് സൈക്കിളുകൾ വാങ്ങിയത്. 'സമ്മാനം നേടുക എന്നതിനേക്കാൾ ഈശോയ്ക്കു വേണ്ടി ജീവിക്കാനും വിശുദ്ധ കുർബ്ബാനയിലൂടെ ആത്മീയ അഭിഷേകമുള്ളവരായി, വിശുദ്ധ കുർബാനയുടെ സൈന്യമായി നിലകൊള്ളാൻ കുട്ടികൾക്ക് കരുത്ത് പകരുകയാണ് ഇത്തരമൊരു പദ്ധതിയിലൂടെ ലക്ഷ്യമിട്ടത്.' ഫാ. വിൻസെന്റ് കണ്ടത്തിൽ പറഞ്ഞു.

2024 ജൂൺ ഒന്നു മുതൽ 2025 മെയ് 31 വരെയായിരുന്നു 'ചലഞ്ച്'. 2025 വർഷത്തിലെ ചലഞ്ച് ജൂൺ ഒന്നിന് ആരംഭിച്ചു. 29 കുട്ടികൾ ഈ വർഷത്തെ ചലഞ്ചിന്റെ ഭാഗമാണ്.

## മലബാർ വിഷൻ മാട്രിമോണിയൽ

മാട്രിമോണിയൽ പരസ്യങ്ങൾ
വരൻ/വധുവിന്റെ ഫോട്ടോയൊടുകൂടി
പ്രസിദ്ധീകരിക്കും. വ്യക്തി വിവരങ്ങളും
ഫോട്ടോയും 97 44 99 555 3
എന്ന നമ്പറിലേക്ക് വാട്സാപ് ചെയ്യൂ.

### വധുവിനെ അന്വേഷിക്കുന്നു



താമരശ്ശേരി രൂപത RC യുവാവ്, 32 വയസ്സ്, വെളുത്ത നിറം, 170 cm ഉയരം.
Hotel Management Diploma.
അബുദാബിയിൽ ജോലി.
അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.
ഫോൺ: 9645818036, 9539626224

### വധുവിനെ അന്വേഷിക്കുന്നു

താമരശ്ശേരി രൂപത RC യുവാവ്,
Age:27, Height: 178cm, Occupation: B-TECH, NETWORK ENGINEER
ഹൈദരാബാദിൽ ജോലി.
അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.
ഫോൺ: 9846613540, 9745162370

### വധുവിനെ അന്വേഷിക്കുന്നു

താമരശ്ശേരി രൂപത RC യുവാവ്,
34 വയസ്സ്, ഇരുനിറം, 175 cm ഉയരം.
Degree,
സ്വകാര്യ സ്ഥാപനത്തിൽ ജോലി.
അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.
ഫോൺ: 8075987067

### വരനെ അന്വേഷിക്കുന്നു

താമരശ്ശേരി രൂപത RC യുവതി.
26 വയസ്. ഡാറ്റാ അനലിസ്റ്റ്.
അയർലന്റിൽ ജോലി. അവിടെ ജോലി ചെയ്യുന്നവരോ, അങ്ങോട്ടു പോകുവാൻ താൽപര്യമുള്ളവരോ ആയ യുവാക്കളിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിക്കുന്നു.
ഫോൺ: 9946609482, 8547769486

# ക്രിസ്തു ചൈതന്യത്തിൽ പ്രശോഭിച്ച അജപാലകൻ

## മെയ് എട്ടിന് അന്തരിച്ച താമരശ്ശേരി രൂപതാ വൈദികൻ ഫാ. മാത്യു പുള്ളോലിക്കലിനെ അനുസ്മരിക്കുന്നു

സേവനം ചെയ്ത ഇടവകകളിലെല്ലാം ക്രിസ്തുവിന്റെ ചൈതന്യത്തിൽ പ്രശോഭിച്ച ഫാ. മാത്യു പുള്ളോലിക്കൽ 2025 മെയ് എട്ടിന് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. ഈരൂട് വിയാനി പ്രീസ്റ്റ് ഹോമിൽ വിശ്രമജീവിതം നയിച്ചു വരികെയായിരുന്നു അന്ത്യം. ചുറ്റുമുള്ളവരെ സ്വന്തമായി കരുതി ചേർത്തു നിർത്തുന്നതായിരുന്നു അച്ചന്റെ ശൈലി. ദൈവജനത്തിന് പ്രിയങ്കരനായ വൈദികനായിരുന്നു അദ്ദേഹം.

'ഞാൻ എന്തായിരിക്കുന്നുവോ, അത് ദൈവകൃപയാലാണ്' എന്ന ആപ്തവാക്യത്തിൽ അടിയുറച്ച് ജീവിച്ചിരുന്ന മാത്യു പുള്ളോലിക്കലച്ചൻ കുടിയേറ്റത്തിന്റെ ആദ്യനാളുകളിൽ അസൗകര്യങ്ങൾ മാത്രം കൈമുതലായുണ്ടായിരുന്ന ഇടവകകളിൽ തന്റെ ശക്തമായ നേതൃത്വവും കഠിനാദ്ധ്വാനവും കൊണ്ട് ഇടവകജനത്തെ മുന്നോട്ട് നയിച്ച അജപാലകനായിരുന്നു.

1947 ജനുവരി 12ന് പാലാ രൂപതയിലെ പാളയം സെന്റ് മൈക്കിൾസ് ഇടവകയിൽ പരേതരായ പുള്ളോലിക്കൽ കുര്യാക്കോസ്-ഏലി ദമ്പതികളുടെ ഏഴുമക്കളിൽ അഞ്ചാമനായി ജനിച്ചു. കടപ്ലാമറ്റം, സെന്റ് ആന്റണീസ് ഹയർ സെക്കൻഡറി സ്കൂളിൽ പ്രൈമറി, സെക്കൻഡറി വിദ്യാഭ്യാസം പൂർത്തിയാക്കിയ ശേഷം തലശ്ശേരി രൂപതയുടെ സെന്റ് ജോസഫ്സ് മൈനർ സെമിനാരിയിൽ സെമിനാരി പഠനം ആരംഭിച്ചു. തുടർന്ന് കോട്ടയം വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് മേജർ സെമിനാരിയിലെ വൈദിക പരിശീലനത്തിനൊടുവിൽ പാളയം സെന്റ് മൈക്കിൾസ് ഇടവകയിൽ വെച്ച് 1974 ഡിസംബർ 18-ന് തലശ്ശേരി രൂപതയുടെ പ്രഥമ മെത്രാൻ അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിൽ നിന്ന് വൈദികപട്ടം സ്വീകരിക്കുകയും പ്രഥമ ദിവ്യബലിയർപ്പിക്കുകയും ചെയ്തു.



1974-ൽ കൂരാച്ചുണ്ട് ഇടവകയിൽ അസിസ്റ്റന്റ് വികാരിയായി അജപാലന ദൗത്യം ആരംഭിച്ചു. അങ്ങാടിക്കടവ്, ആലക്കോട് എന്നീ ഇടവകകളിലും അസിസ്റ്റന്റ് വികാരിയായി സേവനം ചെയ്തു. തുടർന്ന് രണ്ടാംകടവ്, അരീക്കാമല, കക്കാടംപൊയിൽ, ചെമ്പുകടവ്, പൂഴിത്തോട്, മഞ്ചേരി, കൂമംകുളം, കുപ്പായക്കോട്, ചാപ്പൻതോട്ടം, വിലങ്ങാട്, ചെമ്പനോട, കല്ലാനോട്, കൂരാച്ചുണ്ട്, കല്ലുരുട്ടി, കാക്കവയൽ, വാണിയമ്പലം, വലിയകൊല്ലി, വാലില്ലാപ്പുഴ എന്നീ ഇടവകകളിൽ വികാരിയായും സേവനമനുഷ്ഠിച്ചിട്ടുണ്ട്.

സേവനം ചെയ്ത ഇടവകകളിലെല്ലാം അച്ചന്റെ കയ്യൊപ്പു ചാർത്തിയ എന്തെങ്കിലുമൊക്കെയുണ്ടാകും. അരീക്കമല ഇടവകയിലെ പള്ളിമുറി, എൽപി സ്കൂൾ കെട്ടിടം, കക്കാടംപൊയിലിൽ അടിസ്ഥാന സൗകര്യ വികസനം, വിലങ്ങാട്ട് പാലൂർ കുരിശുപള്ളി, കല്ലാനോട് സെന്റ് ജോർജ് കുരിശുപള്ളി, കിളികുടുക്കി കുരിശുപള്ളിയിലെ പിയാത്ത തിരുസ്വരൂപം, കൂരാച്ചുണ്ട് പള്ളിയിലെ മദ്ബഹ, ഗ്രോട്ടോ, ഷോപ്പിങ് കോംപ്ലക്സ്, യുപി സ്കൂൾ കെട്ടിടം, വാലില്ലാപ്പുഴയിൽ രണ്ടു കുരിശുപള്ളികൾ, കാക്കവയൽ കുരിശുപള്ളി, ചെമ്പുകടവിൽ സൺഡേ സ്കൂൾ കെട്ടിടം എന്നിങ്ങനെ അച്ചന്റെ കയ്യൊപ്പു പതിഞ്ഞ പ്രവർത്തികൾ അതത് ഇടവക ചരിത്രത്താളുകളിൽ തലയെടുപ്പോടെ നിൽക്കുന്നു. കൂടാതെ രൂപതയിലെ വിവിധ സംഘടനകളുടെയും പ്രസ്ഥാനങ്ങളുടേയും മേഖല ഡയറക്ടറായും സേവനം ചെയ്തിട്ടുണ്ട്.

2019-ൽ ഔദ്യോഗിക ജീവിതത്തിൽ നിന്ന് വിരമിച്ചു. ഈരൂട് വിയാനി വൈദിക മന്ദിരത്തിൽ വിശ്രമജീവിതം നയിച്ചുവരവെ 2025 മെയ് എട്ടിന് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു.

മേരി മാത്യു വയലുങ്കൽ, പരേതരായ അന്നക്കുട്ടി എള്ളുങ്കൽ, ത്രേസ്യാമ്മ മാലിയിൽ, കുര്യാക്കോസ് പുള്ളോലിക്കൽ, ഏലിക്കുട്ടി പുതിയാപറമ്പിൽ, പി. കെ. ജോസഫ് പുള്ളോലിക്കൽ എന്നിവർ സഹോദരങ്ങളാണ്.

ഈരൂട് സെന്റ് ജോസഫ്സ് ദൈവാലയത്തിൽ നടന്ന മൃതസംസ്കാര ശുശ്രൂഷകൾക്ക് ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

# വിലങ്ങാടിന് സിഎംഐയുടെ കൈത്താങ്ങ്: കൈമാറിയത് അഞ്ച് വീടുകൾ

**കോഴിക്കോട്** ● വിലങ്ങാട് മണ്ണിടിച്ചിലിൽ ദുരിതമനുഭവിക്കുന്ന കുടുംബങ്ങൾക്കായി ചാവറ ഭവന പദ്ധതി പ്രകാരം സിഎംഐ സഭ അഞ്ചു വീടുകളുടെ നിർമ്മാണം പൂർത്തിയാക്കി. വിലങ്ങാട് ഉരുൾപൊട്ടലിന് ഒരു വർഷം പൂർത്തിയാകുമ്പോഴും നിരവധി കുടുംബങ്ങൾക്ക് മതിയായ പാർപ്പിടവും സർക്കാരിന്റെ പിന്തുണയും ലഭിക്കാത്ത സാഹചര്യത്തിലാണ് സിഎംഐ സഭ ദുരിതമനുഭവിക്കുന്ന കുടുംബങ്ങൾക്കായി ചാവറ ഭവന പദ്ധതി പ്രകാരം ഭവനങ്ങൾ നിർമ്മിച്ചു നൽകുവാൻ ആരംഭിച്ചത്. സിഎംഐ സഭയുടെ വിവിധ പ്രൊവിൻസുകളുടെ സഹകരണത്തോടെയാണ് ചാവറ ഭവന പദ്ധതി ആവിഷ്ക്കരിച്ചത്.

കോഴിക്കോട് സെന്റ് തോമസ് പ്രൊവിൻസിന്റെ മേൽനോട്ടത്തിലാണ് ചാവറ ഭവന പദ്ധതി നടപ്പിലാക്കിയത്.



ചാവറ ഭവന പദ്ധതി പ്രകാരം സിഎംഐ സഭ നിർമിച്ചു നൽകിയ വീടുകളിലൊന്ന്

രൂപതാ വാർത്തകളും സഭാ വാർത്തകളും മറ്റു വിശേഷങ്ങൾക്കുമായി QR കോഡ് സ്കാൻ ചെയ്യൂ






## വീട് സമ്മാനിച്ച് ദേവഗിരി ഇടവക

**വിലങ്ങാട്** ● ഉരുൾപൊട്ടലിൽ വീടും സ്ഥലവും പൂർണമായി നഷ്ടപ്പെട്ട കുടുംബത്തിന് ദേവഗിരി സെന്റ് ജോസഫ്സ് ഇടവക സമൂഹം വീടു നിർമിച്ചു നൽകി. വീടിന്റെ വെഞ്ചരിപ്പും താക്കോൽ ദാനവും ദേവഗിരി ഇടവക വികാരി ഫാ. പോൾ കുരീക്കാട്ടിൽ സിഎംഐ വിലങ്ങാട് സെന്റ് ജോർജ് ഫൊറോനാ വികാരി ഫാ. വിൽസൺ മുട്ടത്തുകുന്നേൽ എന്നിവർ ചേർന്ന് നിർവഹിച്ചു. മഞ്ഞക്കുന്ന് സെന്റ് അൽഫോൻസാ പള്ളി വികാരി ഫാ. ബോബി പൂവത്തിങ്കൽ, ഫാ. ജോണി കൊച്ചുതാഴത്ത്, ദേവഗിരി അസി. വികാരി ഫാ. അജോ മറ്റപ്പള്ളിൽ എന്നിവരും ദേവഗിരി ഇടവക പ്രതിനിധികളും ചടങ്ങിൽ സംബന്ധിച്ചു. പത്ത് സെന്റ് സ്ഥലം വാങ്ങി 1000 ചതുരശ്ര അടിയിലാണ് വീട് നിർമിച്ചിരിക്കുന്നത്.


VIMALA BOOK CENTRE
AMALAPURI, KOZHIKODE - 673 001
ക്രിസ്തീയ ഭക്തവസ്തുക്കളുടെ ശേഖരം
തിരുവസ്ത്രങ്ങൾ, രൂപങ്ങൾ, സക്രാരി,
കാസ, പീലാസ, ഫോട്ടോ ഫ്രെയിം,
പ്രാർത്ഥനാ പുസ്തകങ്ങൾ
ജപമാല, ഭക്തവസ്തുക്കൾ Etc..
TIME: 9.30 AM TO 6.00 PM
+91 8089 423 888/0495 276 12 07

# കൃഷി ലാഭകരമാക്കാൻ 'വികസിത് കൃഷി സങ്കൽപ് അഭിയാൻ'

**യുവജനങ്ങളെ കൃഷിയിലേക്ക് ആകർഷിക്കാനായി കൃഷിയുടെ മികച്ച സാധ്യതകളെയും അഗ്രിടെക്നോളജിയേയും സമൂഹത്തിന്റെ താഴേത്തട്ടിലേക്ക് എത്തിക്കുന്നു**

മലബാർ വിഷൻ

## പദ്ധതി പരിചയം



**ഡോ. ഹിമ സുബിൻ കൂനംതടത്തിൽ**

കേന്ദ്രസർക്കാർ കർഷകർക്കായി അവതരിപ്പിച്ച ഏറ്റവും പുതിയ പദ്ധതിയാണ് വികസിത് കൃഷി സങ്കൽപ്പ് അഭിയാൻ. വികസിത് ഭാരത് @2047 എന്ന ദീർഘദർശനത്തിന്റെ ഭാഗമായി, ഇന്ത്യയിലെ കൃഷി മേഖലയെ പരിപൂർണമായി ഉണർത്താനും, കർഷകസൗഹൃദ രീതിയിൽ ആധുനികവൽക്കരിക്കാനും ലക്ഷ്യമിട്ടാണ് പദ്ധതി ആരംഭിച്ചിരിക്കുന്നത്.

രാജ്യത്തെ 50 ശതമാനത്തിൽ അധികം ജനവിഭാഗത്തിന്റെ ജീവനോപാധി എന്ന നിലയിൽ കൃഷി ഏറെ തന്ത്രപ്രധാനമാണ്. അതിനാൽത്തന്നെ ഈ പദ്ധതി വഴി സർക്കാർ ലക്ഷ്യം വെക്കുന്നത് കൃഷി ലാഭകരമാക്കുക, അതിൽ നിന്ന് മികച്ച വരുമാനം കാർഷിക കുടുംബങ്ങളിൽ എത്തിക്കുക എന്നതാണ്. രാജ്യത്ത് വിവിധ കൃഷി ഗവേഷണ സ്ഥാപനങ്ങളിലെ ശാസ്ത്രജ്ഞർ ഇതിനായി മുന്നിട്ടിറങ്ങുമെന്ന് സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. പഞ്ചായത്ത് തലത്തിൽ കൃഷി വിജ്ഞാന കേന്ദ്രം അടിസ്ഥാനമാക്കി കർഷകരെ ഒരുമിച്ചുകൂട്ടി ആധുനിക കാർഷിക സാങ്കേതികവിദ്യകൾ അവർക്ക് പകർന്നു കൊടുക്കുന്ന രീതിയിൽ ഈ പദ്ധതി കഴിഞ്ഞ മാസങ്ങളിലായി രാജ്യമെങ്ങും നടന്നു വരികയാണ്. കാലാവസ്ഥാ വ്യതിയാനം മൂലം കാർഷിക രംഗത്ത് ഉണ്ടാകുന്ന വിള നാശവും മറ്റു പ്രശ്നങ്ങളും പരിഹരിക്കുക എന്നതാണ് മുഖ്യലക്ഷ്യം. മാത്രമല്ല നിലവിലുള്ള കാർഷിക പദ്ധതികളായ പി.എം. കിസാൻ (PM KISAN), കർഷക ബീമാ യോജന (PMFBY), മണ്ണിന്റെ ആരോഗ്യ കാർഡ്, കിസാൻ ക്രെഡിറ്റ് കാർഡ് എന്നിവ കൂടുതൽ കർഷകരിലേക്ക് എത്തിക്കാൻ സർക്കാർ ശ്രമിക്കുന്നു.



കൃഷി രംഗത്തെ കൂടുതൽ ഡിജിറ്റലൈസ് ചെയ്യാൻ ഡിജിറ്റൽ സാങ്കേതികവിദ്യയുടെ സഹായത്തോടെയുള്ള ഡ്രോൺ ഉപയോഗം, പ്രിസിഷൻ അഗ്രികൾച്ചർ, മണ്ണിന്റെ ഡിജിറ്റൽ പരിശോധന തുടങ്ങിയവ പഞ്ചായത്ത് തലത്തിൽ നടപ്പാക്കാൻ കൃഷി ഗവേഷകർ ശ്രമം ആരംഭിച്ചു കഴിഞ്ഞു.

ആഗോള മാർക്കറ്റിൽ കൂടുതൽ ഡിമാൻഡ് ഉള്ള ജൈവ ഉൽപ്പന്നങ്ങൾ ജൈവകൃഷിയിലൂടെ പ്രോത്സാഹിപ്പിക്കാൻ പദ്ധതി ലക്ഷ്യം വെക്കുന്നു.

കേരളത്തിൽ വ്യാപകമായി കാണപ്പെടുന്ന ചെറു കൃഷിയിടങ്ങളും ചെറിയ ഭൂവിന്യാസവും കണക്കിലെടുത്ത്, കർഷക ഉത്പാദക സംഘടനകൾ (FPOs) ശക്തിപ്പെടുത്താൻ അഭിയാൻ ശ്രമിക്കുന്നു. ദുരന്തസാധ്യതകൾ (പെരുമഴ, പ്രളയം) കൂടുതൽ അനുഭവിക്കുന്ന സംസ്ഥാനമായ കേരളത്തിൽ, കാലാവസ്ഥാ പ്രതിരോധശേഷിയുള്ള വിളകൾ, മുന്നൊരുക്കമുള്ള കൃഷി പദ്ധതികൾ തുടങ്ങിയവ ഈ സ്കീം വഴി പ്രോത്സാഹിപ്പിക്കുന്നു.

കേരള സർക്കാർ പദ്ധതികളായ സുഭിക്ഷ കേരളം, ഹരിതകേരളം, കേരള ജൈവ കൃഷിനയം എന്നിവയുമായി ചേർന്നാണ് ഈ പദ്ധതിയുടെ പ്രവർത്തനം. അയൽക്കൂട്ടം, കുടുംബശ്രീ എന്നിവയുമായി ചേർന്ന് കൃഷിയുടെ മൂല്യ വർദ്ധനവും ഭക്ഷ്യ സംസ്കരണവും അതിനുവേണ്ട ടെക്നോളജികളും ഈ പദ്ധതിയിലൂടെ നേരിട്ട് പഠിക്കാനാകും.

കൃഷി വിജ്ഞാന കേന്ദ്രങ്ങൾ, കൃഷിഭവനുകൾ എന്നിവ മുഖേന തദ്ദേശ തലത്തിൽ നടത്തുന്ന പരിശീലന പരിപാടികളിലൂടെ കർഷകർക്ക് കൃഷി ലാഭകരമാക്കാനും മികച്ച കൃഷി സാധ്യതകൾ കണ്ടെത്താനും അഭിയാൻ ഏറെ ഗുണകരമാണ്. യുവജനങ്ങളെ കൃഷിയിലേക്ക് ആകർഷിക്കാനായി കൃഷിയുടെ മികച്ച സാധ്യതകളെയും അഗ്രിടെക്നോളജിയെയും അഭയാനിലൂടെ സമൂഹത്തിന്റെ താഴേത്തട്ടിലേക്ക് എത്തിക്കുന്നു. അഗ്രിസ്റ്റാർട്ടപ്പുകൾക്ക് വേണ്ട സാങ്കേതിക, സാമ്പത്തിക സഹായങ്ങൾ ലഭിക്കാനും ഇത് ഉപകരിക്കുന്നു

ഈ പദ്ധതിയെക്കുറിച്ച് കൂടുതൽ അറിയാനായി തൊട്ടടുത്തുള്ള കൃഷിഭവനിലോ കൃഷി വിജ്ഞാൻ കേന്ദ്രത്തിലോ ബന്ധപ്പെടാവുന്നതാണ്.

കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിവിധ കൃഷി പരിശീലന പദ്ധതികൾ കൃത്യമായി ഉപയോഗിച്ചാൽ വരുംകാലങ്ങളിലെ കൃഷിയിലെ സാധ്യതകൾ മനസ്സിലാക്കാനും കൃഷി ലാഭകരമാക്കി ജീവിതം മെച്ചപ്പെടുത്താനും സഹായിക്കും

*(ലേഖിക കേന്ദ്ര കൃഷി മന്ത്രാലയത്തിന് കീഴിൽ കാസർകോടുള്ള ഐസിഎആർ-സെൻട്രൽ പ്ലാന്റേഷൻ ക്രോപ്പ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ശാസ്ത്രജ്ഞയാണ്)*

# മികച്ച ലാഭം നേടാൻ ഹൈടെക് മീൻകുളം

## കൃഷിപാഠം

ജെകെവി

മത്സ്യക്കൃഷിക്കാർക്ക് ഏറെ ഗുണകരവും ലാഭം നൽകുന്നതുമായ ന്യൂജെൻ രീതിയാണ് ബയോ ഫ്ളോക്. ഫിഷ് ടാങ്കിലെ മത്സ്യങ്ങളുടെ ഭക്ഷണാവശിഷ്ടങ്ങളും വിസർജ്യവും ലവണങ്ങളും കലർന്ന വെള്ളത്തെ ഫിൽട്ടർ ചെയ്യാനായി പമ്പ് ചെയ്ത് ചെറിയ മെറ്റലും മണലുമൊക്കെ വിരിച്ച ട്രേകളിലൂടെ ഒഴുക്കി തിരിച്ച് ടാങ്കിലേക്ക് വിടുന്ന രീതിയാണ് അക്വാപോണിക്സിന്റേത്. ഇങ്ങനെ വെള്ളമൊഴുകി പോകുന്ന ട്രേകളിൽ പച്ചക്കറികൾ വളർത്തുകയും ചെയ്യാം. ബയോ ഫ്ളോക്സും അക്വാപോണിക്സും സംയോജിപ്പിച്ചാൽ മികച്ച ലാഭം ഉറപ്പ്.

സദാ എയ്റേഷൻ (വായുസഞ്ചാരം) സൗകര്യമുള്ള ടാങ്കിൽ ഹെറ്ററോട്രോഫിക് ബാക്ടീരിയയെ വളർത്തി മത്സ്യം പുറന്തള്ളുന്ന അമോണിയ, നൈട്രേറ്റ്, നൈട്രൈറ്റ് തുടങ്ങിയ ഘടകങ്ങളെ വിഘടിപ്പിക്കുകയും സൂക്ഷ്മജീവി സാന്ദ്രത വർധിപ്പിക്കുകയും ചെയ്യുന്നതാണു ബയോഫ്ളോക് രീതി. വൻതോതിൽ ഉണ്ടാകുന്ന ഈ ബാക്ടീരിയകൾ തന്നെ പിന്നീട് മത്സ്യത്തിനു ഭക്ഷണമാവുകയും ചെയ്യും. ഏതുതരം മത്സ്യവും ചെമ്മീനും ഇങ്ങനെ വളർത്താം. വെള്ളം മാറ്റുകയേ വേണ്ടാത്തതിനാൽ ജലദൗർലഭ്യമുള്ള സ്ഥലങ്ങളിൽ പരീക്ഷിക്കാവുന്ന ഏറ്റവും മികച്ച കൃഷി രീതിയാണിത്.

അടിഭാഗം കോൺക്രീറ്റ് ചെയ്ത ശേഷം വശങ്ങൾ 10 മില്ലി മീറ്റർ 8 മില്ലിമീറ്റർ കമ്പികൾ ഉപയോഗിച്ച് വൃത്താകൃതിയിൽ ഒരു ഗ്രിഡ് തയാറാക്കണം. ഇതിനിടയിൽ മുകളിൽ പ്ലാസ്റ്റിക് ഷീറ്റ് വിരിച്ച് അതിനു മുകളിലായി 550 ജിഎസ്എമ്മിൽ കുറയാത്ത കട്ടിയുള്ള ടാർപോളിൻ ഷീറ്റ് വലിച്ചു കെട്ടി അടിഭാഗം കോൺ ആകൃതിയിൽ നിർമിക്കാം. നടുവിലായി അഞ്ച് ഇഞ്ച് വ്യാസമുള്ള പൈപ്പ് പുറത്തേക്ക് വെള്ളം കളയുന്ന രീതിയിൽ ഇട്ടാണ് ടാങ്ക് നിർമിക്കുക. ബയോഫ്ളോക് മത്സ്യങ്ങൾക്ക് ഭക്ഷണമായി നൽകുന്നത് സാധാരണ തീറ്റയും ഒപ്പം ഫ്ളോക്കും കൂടിയാണ്. രണ്ടായിരത്തിലധികം ബാക്ടീരിയകൾ, ആൽഗ, ഫംഗസ് എന്നിവ അടങ്ങിയതാണ് ഒരു ഫ്ളോക്. മത്സ്യങ്ങൾ സ്ഥിരമായി ഫ്ളോക് ഭക്ഷിക്കുന്നത് മത്സ്യത്തീറ്റ കുറയ്ക്കാൻ സാധിക്കുമെന്നതും ബയോഫ്ളോക് പദ്ധതിയുടെ നേട്ടമാണ്.



### അക്വാപോണിക്സ്

മണ്ണും രാസവളങ്ങളും കീടനാശിനികളും പൂർണമായി ഒഴിവാക്കി മത്സ്യങ്ങളോടൊപ്പം പച്ചക്കറികളും പഴങ്ങളും ജൈവരീതിയിൽ ഉൽപാദിപ്പിക്കാൻ സഹായിക്കുന്ന കൃഷിസങ്കേതമാണ് അക്വാപോണിക്സ്.

മത്സ്യം വളർത്താനുള്ള ടാങ്കും മത്സ്യവും, ചെടികൾ വളർത്താനുള്ള ഗ്രോ ബെഡും ചെടികളും, വെള്ളം ഒഴുക്കി സംക്രമണം ചെയ്യിക്കുന്നതിനാവശ്യമായ പമ്പ് എന്നിവയാണ് അക്വാപോണിക്സ് കൃഷിരീതിയുടെ അടിസ്ഥാന ഘടകങ്ങൾ. മത്സ്യം വളർത്തുന്ന ടാങ്കിൽ അടിയുന്ന മത്സ്യ വിസർജ്യങ്ങൾ, തീറ്റ അവശിഷ്ടങ്ങൾ എന്നിവയിലുണ്ടാകുന്ന അമോണിയ മത്സ്യങ്ങൾക്കു ഹാനികരമാകാതെ അക്വാപോണിക്സ് സിസ്റ്റത്തിലുണ്ടാകുന്ന നൈട്രിഫൈയിങ് ബാക്ടീരിയകൾ നൈട്രേറ്റാക്കി മാറ്റുന്നു. ഈ നൈട്രേറ്റ് ചെടികൾക്കു നല്ല വളമാണ്. മത്സ്യ ടാങ്കിലെ ജലം പമ്പ് ഉപയോഗിച്ചു ഗ്രോ ബെഡ്ഡിൽക്കൂടി ഒഴുക്കി തിരികെ ടാങ്കിലെത്തുമ്പോഴേക്കും മാലിന്യങ്ങൾ നീക്കം ചെയ്യപ്പെട്ടതും ഒക്സിജൻ സമ്പുഷ്ടവുമായിരിക്കും.

ഫിഷ് ടാങ്കിലെ വെള്ളം ചെറിയ മോട്ടർ വഴി മുകളിൽ സ്റ്റാൻഡിൽ സെറ്റ് ചെയ്ത ഫിൽറ്ററുകളിലേക്കും ട്രേകളിൽ ബേബി മെറ്റൽ നിറച്ച് നട്ടു വച്ചിട്ടുള്ള പച്ചക്കറിക്കൃഷികളിലേക്കും കടന്നു പോകത്തക്കവിധം പമ്പ് ചെയ്യുന്നു. ഇവ ഫിൽറ്റർ ചെയ്തും ട്രേകളിലൂടെ കടന്നും തിരികെ മത്സ്യടാങ്കിൽ എത്തിച്ചേരുന്നു. ടാങ്കിലെ മീനിന്റെ ഭക്ഷണാവശിഷ്ടവും വിസർജ്യവും എല്ലാം അടങ്ങിയ വെള്ളം ശുദ്ധിയായി തിരികെ ടാങ്കിലെത്തും. വെള്ളത്തിലെ മാലിന്യവും അമോണിയുമെല്ലാം പച്ചക്കറികൾക്ക് ആവശ്യമായ പോഷണം നൽകുന്നു.

# പുത്തൻ വാതായനങ്ങൾ തുറന്ന് അൽഫോൻസ കോളജ്

മലയോര മേഖലയിലെ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ സ്വപ്നങ്ങൾക്ക് ചിറകു നൽകി തിരുവമ്പാടി അൽഫോൻസ കോളജ് പതിനൊന്നാം വർഷത്തിലേക്ക്. താമരശ്ശേരി രൂപത എഡ്യൂക്കേഷണൽ ട്രസ്റ്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഉന്നത വിദ്യാഭ്യാസ സ്ഥാപനമായ അൽഫോൻസ കോളജ് ന്യൂജെൻ കോഴ്സുകൾ കൂടി ഉൾപ്പെടുത്തി ശ്രദ്ധേയമാവുകയാണ്.

കോളജ് വിദ്യാഭ്യാസത്തിനൊപ്പം പ്രൊഫഷണൽ കോഴ്സുകൾ കൂടി പരിശീലിക്കുന്നത് വിദ്യാർത്ഥികളുടെ ജോലി സാധ്യതകൾ വർധിപ്പിക്കും. കോളജ് പഠനം പൂർത്തിയാക്കുന്നതോടുകൂടി വിദ്യാർത്ഥികളെ സ്വയം പര്യാപ്തതത്തിലേക്ക് നയിക്കുക എന്ന ലക്ഷ്യമാണ് അൽഫോൻസ കോളജ് വിഭാവനം ചെയ്യുന്നത്– കോളജ് അഡ്മിനിസ്ട്രേറ്റർ ഫാ. മനോജ് കൊല്ലംപറമ്പിൽ പറഞ്ഞു.

കോളജ് ആരംഭിച്ച് ഏഴുവർഷത്തിനുള്ളിൽ നാക്ക് അക്രഡിറ്റേഷൻ സ്വന്തമാക്കാൻ സാധിച്ചു എന്നത് അൽഫോൻസാ കോളജിന്റെ മികവിന് ഉദാഹരണമാണ്. നിരവധി യൂണിവേഴ്സിറ്റി റാങ്കുകൾ നേടാൻ സാധിച്ചു എന്നതും ഏറെ അഭിമാനകരമായ നേട്ടമാണ്.

### കോളജിന് പുതിയ പ്രിൻസിപ്പൽ

അൽഫോൻസ കോളജിന്റെ നാലാമത്തെ പ്രിൻസിപ്പലായി ഡോ. ഷൈജു ഏലിയാസ് അതിരംപുഴയിൽ ചുമതലയേറ്റു. താമരശ്ശേരി രൂപതയിലെ മഞ്ഞുവയൽ ഇടവകാംഗമായ ഡോ. ഷൈജു സോഷ്യൽ വർക്കിൽ ഡോക്ടറേറ്റ് കരസ്ഥമാക്കിയിട്ടുണ്ട്.



ഡോ. ഷൈജു ഏലിയാസ്

രൂപതയുടെ യുവജനപ്രസ്ഥാനമായ കെസിവൈഎം രൂപത പ്രസിഡന്റായിരുന്നു. മികച്ച വാഗ്മി, ലൈഫ് സ്കിൽ, വ്യക്തിത്വ വികസന പരിശീലകൻ എന്നീ നിലകളിലും ശ്രദ്ധേയനാണ്. കൈതപ്പൊയിൽ ലിസ കോളജിൽ അധ്യാപകനായിരുന്നു. സിഒഡിയുടെ പ്രോജക്ട് ഓഫീസറായും പ്രവർത്തിച്ചിട്ടുണ്ട്.

### അഭിമാന നേട്ടം

താമരശ്ശേരി രൂപതാ വൈദികനും തിരുവമ്പാടി അൽഫോൻസാ കോളജ് IQAC കോ-ഓഡിനേറ്ററുമായ ഫാ. ജിയോ മാത്യു പുതുശ്ശേരിപുത്തൻപുരയിൽ പിഎച്ച്ഡി നേടി. ബാംഗ്ലൂർ ക്രൈസ്റ്റ് യൂണിവേഴ്സിറ്റിയിൽ നിന്ന് Issues of Reforms Resistances and Movements among the Adivasis of Wayanad എന്ന വിഷയത്തിലാണ് പിഎച്ച്ഡി.



ഫാ. ജിയോ മാത്യു

പുഷ്പഗിരി പുതുശ്ശേരിപുത്തൻപുരയിൽ മത്തായി–വൽസമ്മ ദമ്പതികളുടെ മകനാണ്. 2009–ൽ പൗരോഹിത്യം സ്വീകരിച്ചു. തോട്ടുമുക്കം, കോടഞ്ചേരി, പാറോപ്പടി ഇടവകകളിൽ അസി. വികാരിയായും മഞ്ഞക്കുന്ന്, കരിമ്പ് ഇടവകകളിൽ വികാരിയായും സേവനം ചെയ്തിട്ടുണ്ട്. ഇപ്പോൾ വലിയകൊല്ലി ഇടവക വികാരിയാണ്.

### അൽഫോൻസ മെറിറ്റോറിയസ് സ്കോളർഷിപ്പ്

പഠനത്തിൽ ഉന്നത നിലവാരം പുലർത്തുന്ന കുട്ടികളെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ വിഭാവനം ചെയ്ത പദ്ധതിയാണ് മെറിറ്റോറിയസ് സ്കോളർഷിപ്പ്. നാലുവർഷ ഡിഗ്രി പ്രോഗ്രാമിൽ ചേർന്നിരിക്കുന്ന വിദ്യാർത്ഥികൾക്കാണ് സ്കോളർഷിപ്പ് നേടാനുള്ള സുവർണ്ണാവസരം ഒരുക്കിയിരിക്കുന്നത്. എല്ലാവർഷവും ആദ്യ സെമസ്റ്റർ യൂണിവേഴ്സിറ്റി പരീക്ഷയിൽ 90 ശതമാനത്തിലധികം മാർക്ക് കരസ്ഥമാക്കുന്ന വിദ്യാർഥികൾക്കാണ് 5000 രൂപയുടെ മെറിറ്റോറിയസ് സ്കോളർഷിപ്പ് കോളജ് നൽകുന്നത്. ഈ പദ്ധതിയുടെ ഉദ്ഘാടനം കഴിഞ്ഞദിവസം നടന്ന ഗ്രാജുവേഷൻ സെറിമണിയിൽ കോളജ് ഡയറക്ടർ ഫാ. ജോസഫ് പാലക്കാട്ട് നിർവഹിച്ചു.




തിരുവമ്പാടി അൽഫോൻസ കോളജിലെ ബിരുദദാന ചടങ്ങിൽ ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ദീപം തെളിക്കുന്നു. ഡോ. കെ. വി. ചാക്കോ, ഫാ. സ്കറിയ മങ്ങരയിൽ, ഡോ. ഡിനോജ് സെബാസ്റ്റ്യൻ, ഫാ. ജോസഫ് വർഗീസ് പാലക്കാട്ട്, ഡോ. ഷൈജു ഏലിയാസ്, സാനിയ മോൾ ചാൾസ് എന്നിവർ സമീപം

## അൽഫോൻസ കോളജിൽ ബിരുദദാനം നടത്തി

അൽഫോൻസ കോളജിൽ 2025–ൽ ഡിഗ്രി പഠനം പൂർത്തിയാക്കിയ വിദ്യാർത്ഥികളുടെ ബിരുദദാന ചടങ്ങ് സംഘടിപ്പിച്ചു. ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ അധ്യക്ഷത വഹിച്ചു. കാലിക്കറ്റ് യൂണിവേഴ്സിറ്റി രജിസ്ട്രാർ ഡോ. ഡിനോജ് സെബാസ്റ്റ്യൻ മുഖ്യാതിഥിയായിരുന്നു. വിദ്യാഭ്യാസത്തിലെ മികവ് ഒരിക്കലും അവഗണിക്കപ്പെടരുത്, അത് അംഗീകരിക്കപ്പെടുമ്പോൾ കൂടുതൽ വളരാൻ വിദ്യാർത്ഥികളെ പ്രചോദിപ്പിക്കുമെന്ന് ഡോ. ഡിനോജ് സെബാസ്റ്റ്യൻ പറഞ്ഞു.

ഇംഗ്ലീഷ്, സൈക്കോളജി, ജേർണലിസം, ബിസിനസ്സ് അഡ്മിനിസ്ട്രേഷൻ, കോമേഴ്സ് എന്നീ വിഷയങ്ങളിൽ ബിരുദം പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്കാണ് സർട്ടിഫിക്കറ്റ് നൽകിയത്. ഒന്നാം വർഷ സർവകലാശാല പരീക്ഷയിൽ തൊണ്ണൂറു ശതമാനത്തിൽ കൂടുതൽ മാർക്ക് നേടിയ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകി.

ചടങ്ങിൽ കോളജ് മാനേജർ ഫാ. സ്കറിയ മങ്കരയിൽ, ഡയറക്ടർ ഫാ. ജോസഫ് പാലക്കാട്ട്, പ്രിൻസിപ്പൽ ഡോ. ഷൈജു ഏലിയാസ്, ഡോ. കെ. വി.ചാക്കോ, വിവിധ വകുപ്പ് മേധാവികൾ, യൂണിയൻ വൈസ് ചെയർപേഴ്സൺ സാനിയമോൾ ചാൾസ്, അനുമോൾ ജോസ് എന്നിവർ പ്രസംഗിച്ചു. കോളജ് അഡ്മിനിസ്ട്രേറ്റർ ഫാ. മനോജ് കൊല്ലംപറമ്പിൽ, വൈസ് പ്രിൻസിപ്പൽ എം. സി. സെബാസ്റ്റ്യൻ, റോബിൻ ജോർജ് എന്നിവർ ചടങ്ങുകൾക്ക് നേതൃത്വം നൽകി.

### പുതിയ കോഴ്സുകൾ, പുതിയ സാധ്യതകൾ



പരമ്പരാഗത ബിരുദ കോഴ്സുകൾക്കൊപ്പം കൂടുതൽ ജോലി സാധ്യതകൾ ഉള്ള കോഴ്സുകളിലേക്ക് കോളജ് ശ്രദ്ധയൂന്നുകയാണ്. നിലവിലുള്ള കോഴ്സുകൾക്ക് പുറമേ ബിസിഎ, എംഎസ്സി സൈക്കോളജി എന്നീ വിഷയങ്ങൾ കൂടി ഈ അധ്യയന വർഷം ആരംഭിക്കും. കൂടാതെ ഏവിയേഷൻ മാനേജ്മെന്റ്, ലോജിസ്റ്റിക്സ് ആന്റ് സപ്ലൈചെയിൻ മാനേജ്മെന്റ് എന്നീ ആഡ് ഓൺ പ്രോഗ്രാമുകൾ കൂടി ഈ വർഷം ആരംഭിക്കും.

കൂടുതൽ വിവരങ്ങൾക്ക്: **0495 2254055, 8606890272**

## 'ആദരവ് 2025' സംഘടിപ്പിച്ചു

**താമരശ്ശേരി** ● വിശ്വാസപരിശീലനത്തിൽ 25, 40 വർഷങ്ങൾ പൂർത്തിയാക്കിയവരെയും ഒന്നാം ക്ലാസ് മുതൽ പ്ലസ്ടു വരെ മുടങ്ങാതെ വിശ്വാസ പരിശീലന ക്ലാസുകളിൽ പങ്കെടുത്തവരെയും വിശ്വാസപരിശീലനരംഗത്ത് മികവു പുലർത്തിയവരെയും ആദരിക്കുന്നതിനായി താമരശ്ശേരി രൂപത വിശ്വാസ പരിശീലന കേന്ദ്രം 'ആദരവ് 2025' സംഘടിപ്പിച്ചു.

ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ഉദ്ഘാടനം ചെയ്തു. മോൺ. അബ്രഹാം വയലിൽ മുഖ്യ പ്രഭാഷണം നടത്തി.

വിവിധ പുരസ്ക്കാരങ്ങളും ചടങ്ങിൽ വിതരണം ചെയ്തു. രൂപതാ ഡയറക്ടർ ഫാ. ജോൺ പള്ളിക്കാവയലിൽ, ഷിബു മാത്യു എടാട്ട്, സെബാസ്റ്റ്യൻ കൈതാരത്ത്, മാത്തുകുട്ടി പുത്തൻപുരയ്ക്കൽ, ഷീന പാപ്പാടിയിൽ എന്നിവർ പ്രസംഗിച്ചു.

### സ്നേഹസ്മരണയ്ക്ക്
### 2-ാം ചരമവാർഷികം



**ലൂയീസ് കാഞ്ഞിരത്തിങ്കൽ**

മാലാപറമ്പ്

ജനനം:02-07-1954 മരണം: 17-07-2023

ഞാനാണ് പുനരുത്ഥാനവും ജീവനും.
എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും (യോഹ.11-25)

പ്രാർത്ഥനയോടെ സന്തപ്ത കുടുംബാംഗങ്ങൾ

### തീരാനോവിന്റെ ഒരു വർഷം

09-08-2025



**ജോയൽ തോമസ്**

പുരയിടത്തിൽ, ചക്കിട്ടപ്പാറ

പ്രാർത്ഥനയോടെ കുടുംബാംഗങ്ങൾ
ബന്ധുക്കൾ, സുഹൃത്തുക്കൾ

# നൈജീരിയയിൽ ഉയരുന്ന നിലവിളികൾ

**മൊത്തം ജനസംഖ്യയിൽ പകുതിയോടടുത്താണെങ്കിലും നൈജീരിയയിൽ ക്രിസ്ത്യാനികൾ നിലനിൽപ്പിനായി പാടുപെടുകയാണ്. ഭീകരമായ വംശഹത്യയാണ് നൈജീരിയയിൽ അരങ്ങേറുന്നത്**



സ്പെഷ്യൽ സ്റ്റോറി

**ജിൽസൺ ജോസ്**

നൈജീരിയയിലെ ബെന്യൂവിൽ കത്തോലിക്കാ പുനരധിവാസ കേന്ദ്രത്തിൽ അഭയാർത്ഥികളായി കഴിഞ്ഞിരുന്നവരെ പുറത്തുനിന്ന് പൂട്ടി ഭീകരർ തീവച്ചു കൊന്ന വാർത്ത നടുക്കത്തോടെയാണ് ലോകം കേട്ടത്. മൊത്തം ജനസംഖ്യയിൽ പകുതിയോടടുത്താണെങ്കിലും നൈജീരിയയിൽ ക്രിസ്ത്യാനികൾ നിലനിൽപ്പിനായി പാടുപെടുകയാണ്. ഭീകരമായ വംശഹത്യയാണ് നൈജീരിയയിൽ അരങ്ങേറുന്നത്.

## എന്താണ് പ്രശ്നം?

മരുഭൂമിവൽക്കരണവും ജനസംഖ്യാ വർധനവും കൃഷിയോഗ്യമായ ഭൂമിക്കുവേണ്ടിയുള്ള അക്രമങ്ങൾക്ക് തുടക്കമിട്ടു. മുസ്ലിം തീവ്രവാദ ഗ്രൂപ്പായ ബോക്കോ ഹറാം, ഇസ്ലാമിക് സ്റ്റേറ്റ്, ഫുലാനി തീവ്രവാദ ഗ്രൂപ്പുകൾ എന്നിവയുടെ ഉദയത്തോടെ കലാപങ്ങൾക്ക് വർഗ്ഗീയ നിറം ലഭിച്ചു. ബോക്കോ ഹറാമും അതിൽ നിന്ന് അടർന്നു വന്ന ഇസ്ലാമിക് സ്റ്റേറ്റും (വെസ്റ്റ് ആഫ്രിക്ക പ്രൊവിൻസ്) ക്രിസ്ത്യാനികളെ തിരഞ്ഞു പിടിച്ച് കൊല്ലുകയാണ്. കൃഷി ഭൂമിയും സ്വത്തുക്കളും സ്വന്തമാക്കുന്നതിനൊപ്പം ക്രിസ്ത്യാനികളുടെ ഉന്മൂലനമാണ് ഈ തീവ്രവാദ ഗ്രൂപ്പുകളുടെ ലക്ഷ്യം.

## എവിടെയാണ് പ്രശ്നം?

നൈജീരിയുടെ ദക്ഷിണ മേഖലയിൽ ക്രിസ്ത്യാനികൾക്കാണ് ഭൂരിപക്ഷം. മറ്റു മേഖലകളെ അപേക്ഷിച്ച് ഇവിടെ താരതമ്യേന കുറ്റകൃത്യ നിരക്ക് കുറവാണ്.

മുസ്ലിം ഭൂരിപക്ഷമായ വടക്കൻ പ്രദേശങ്ങളിൽ ക്രിസ്ത്യാനികൾ അടക്കമുള്ള ന്യൂനപക്ഷങ്ങൾ വംശഹത്യക്ക് നിരന്തരം വിധേയരായിക്കൊണ്ടിരിക്കുകയാണ്. മുസ്ലീം തീവ്രവാദ ഗ്രൂപ്പുകളായ ബോക്കോ ഹറാം, ഐഎസ് എന്നിവ നിരന്തരം ആക്രമണങ്ങൾ നടത്തുന്നു.

മധ്യദേശത്ത് ക്രിസ്ത്യൻ–മുസ്ലിം ജനസംഖ്യ ഏകദേശം തുല്യമാണ്. ഇവിടെ കർഷകരും ഫുലാനി ഗോത്രവർഗ്ഗ തീവ്രവാദികളും തമ്മിൽ വലിയ തോതിൽ സംഘർഷം നിലനിൽക്കുന്നു. കൂടാതെ മുസ്ലീം തീവ്രവാദ സംഘങ്ങൾ ക്രിസ്ത്യാനികളെ ലക്ഷ്യമിട്ട് നിരന്തരം ആക്രമണങ്ങൾ അഴിച്ചു വിടുന്നു. കഴിഞ്ഞ മാസം 200 പോരെ ചുട്ടുകൊന്നത് ഈ പ്രദേശത്താണ്.

## ആരാണ് ബോക്കോ ഹറാം?

യാഥാസ്ഥിതിക ഇസ്ലാം മത പ്രഭാഷകനായിരുന്ന മുഹമ്മദ് യൂസഫാണ് 2002–ൽ ബോക്കോ ഹറാമെന്ന മുസ്ലിം തീവ്രവാദ സംഘടനയ്ക്ക് തുടക്കമിടുന്നത്. ഇസ്ലാമിന്റെ സലഫി–ജിഹാദിസ്റ്റ് വ്യാഖ്യാനങ്ങളിലൂടെ യുവാക്കളെ ആകർഷിക്കാൻ യൂസഫിനായി. ശരിയത്ത് നിയമം നടപ്പിലാക്കുക, പാശ്ചാത്യ വിദ്യാഭ്യാസം നിർത്തലാക്കുക എന്നിവയായിരുന്നു പ്രധാന ലക്ഷ്യങ്ങൾ. 2009–ൽ അദ്ദേഹം കൊല്ലപ്പെട്ടതോടെ നേതൃത്വം അബുബക്കർ ഷെക്കാവു ഏറ്റെടുത്തു. അൽ ക്വയ്ദയോടും ഐഎസിനോടും സഖ്യം സ്ഥാപിച്ചു.

തട്ടിക്കൊണ്ടുപോകൽ, കൊള്ള എന്നിവയായിരുന്നു ബോക്കോ ഹറാമിന്റെ ആദ്യകാല ഫണ്ടിങ് മാർഗങ്ങൾ. തുടർന്ന് അൽ ക്വയ്ദ, അൽ ഷബാബ്, ഐഎസ് തുടങ്ങിയ തീവ്രവാദ ഗ്രൂപ്പുകളുടെ സാമ്പത്തിക സഹായം ലഭിച്ചു തുടങ്ങി.

2009 മുതൽ 2024 വരെ ലഭ്യമായ കണക്കുകൾ പരിശോധിച്ചാൽ ഏകദേശം 2400 ആക്രമണങ്ങൾ ബോക്കോ ഹറാം നടത്തി. 15,889 പേർ ഈ ആക്രമണങ്ങളിൽ കൊല്ലപ്പെട്ടു. സ്കൂൾ കുട്ടികളെയടക്കം തട്ടിക്കൊണ്ടു പോകുന്നത് പതിവാണ്. 2024–ൽ നടന്ന കലാപങ്ങളിൽ 66 ശതമാനവും കൊല്ലപ്പെട്ടത് ബോക്കോ ഹറാമിന്റെയും ഐഎസിന്റെയും ആക്രമണങ്ങളിലാണ്. 20 ലക്ഷം പേരാണ് പലായനം ചെയ്തത്. 57,546 വീടുകളും 2,789 ആരാധനാലയങ്ങളും തകർക്കപ്പെട്ടു.

## നൈജീരിയയിലും ഐഎസ്?

ബോക്കോ ഹറാമിൽ നിന്ന് അടർന്നു വന്ന ഒരു വിഭാഗമാണ് ഇസ്ലാമിക് സ്റ്റേറ്റ് വെസ്റ്റ് ആഫ്രിക്ക പ്രൊവിൻസ് എന്ന പേരിൽ തീവ്രവാദ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്. 2015 മുതൽ സജീവമാണ്. നൈജീരിയയുടെ വടക്കൻ ഭാഗങ്ങളിലാണ് ഇവർ പ്രധാനമായും കേന്ദ്രീകരിച്ചിരിക്കുന്നത്. പത്തു വർഷത്തിനുള്ളിൽ പതിനായിരത്തിനു മുകളിൽ കൊലകൾക്ക് ഐഎസ് നേതൃത്വം നൽകി. പള്ളികൾ, ആർമി ബേസ്, സന്നദ്ധ പ്രവർത്തക കേന്ദ്രങ്ങൾ എന്നിവ ലക്ഷ്യമിട്ടാണ് പലപ്പോഴും ഐസ് ഭീകരർ ആക്രമണങ്ങൾ ആസൂത്രണം ചെയ്യുന്നത്.

## ആരാണ് ഫുലാനികൾ?

കന്നുകാലി മേയ്ക്കുന്ന നാടോടികളായ ഗോത്ര വിഭാഗമാണ് ഫുലാനികൾ. ഇവരിൽ ഭൂരിപക്ഷവും ഇസ്ലാം മത വിശ്വാസികളാണ്. നൈജീരിയയുടെ മിഡിൽ ബെൽറ്റിൽ കൃഷിഭൂമി സ്വന്താക്കുന്നതിനായി ക്രിസ്ത്യാനികളെ കൂട്ടക്കുരിതി നടത്തുന്നത് ഫുലാനി വിഭാഗത്തിലെ ചില തീവ്രവാദികളാണ്. അവർക്ക് തീവ്രവാദ സംഘടനകളുടെ സഹായവും ലഭിക്കുന്നുണ്ട്.

## നൈജീരിയയിൽ സർക്കാരില്ലേ?

സർക്കാരുണ്ട്. പക്ഷേ, ചത്തതിലൊക്കുമേ ജീവിച്ചിരിക്കിലും എന്നതാണ് സ്ഥിതി. അക്രമങ്ങൾ അടിച്ചമർത്താനും ഭീകരരെ നിലയ്ക്കു നിർത്താനും സർക്കാരിനു കഴിയുന്നില്ല. പട്ടാളത്തിനും പൊലീസിനും കൃത്യമായ പരിശീലനങ്ങളോ ഫണ്ടിങ്ങോ ലഭിക്കാത്തതുകൊണ്ടുതന്നെ തീവ്രവാദികളോടു പൊരുതി നിൽക്കാനാകുന്നില്ല. ഇന്റലിജൻസ് വിഭാഗം അതിന്റെ അതിശൈശവ ദിശയിലാണ്. ഉദ്യോഗസ്ഥ തലത്തിൽ നിലനിൽക്കുന്ന അഴിമതി തീവ്രവാദികളിലേക്ക് ആയുധങ്ങളെത്താൻ എളുപ്പമാക്കുന്നു. ലോകശ്രദ്ധ വേണ്ടവിധം പതിയുന്നില്ലെന്നതും അക്രമങ്ങൾ വർധിക്കാൻ കാരണമായി ചൂണ്ടികാണിക്കപ്പെടുന്നു.

## ആഫ്രിക്കയിലെ പ്രശ്നക്കാർ

നൈജീരിയ ഉൾപ്പെടുന്ന പശ്ചിമ ആഫ്രിക്കയിലും മധ്യആഫ്രിക്കയിലും മുസ്ലിം തീവ്രവാദികൾ നിരന്തരം കലാപം സൃഷ്ടിക്കുകയാണ്. നൈജർ, ചാഡ്, കാമറൂൺ എന്നീ രാജ്യങ്ങളിൽ ബോക്കോ ഹറാം, ഐഎസ്, അൽ ക്വയ്ദ തീവ്രവാദികൾ ഭീകരത അഴിച്ചു വിടുമ്പോൾ ബുർക്കിനോ ഫാസോ, മാലി എന്നീ രാജ്യങ്ങളിൽ അൽ ക്വയ്ദ ഭീകരരും ഇസ്ലാമിക് സ്റ്റേറ്റ് ഓഫ് ഗ്രേറ്റർ സഹാറ, ജമാഅത്ത് നസ്ര് അൽ ഇസ്ലാം വൽ മുസ്ലിമിനും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

കിഴക്കൻ ആഫ്രിക്കൻ രാജ്യങ്ങളായ സൊമാലിയ, കെനിയ, യുഗാണ്ട, ഡെമോക്രാറ്റിക് റിപ്പബ്ലിക് ഓഫ് കോംഗോ എന്നിവിടങ്ങളിൽ അൽ ക്വയ്ദയുടെ സഹായമുള്ള അൽ ഷബാബ്, ഐഎസ് സഹായമുള്ള അലൈഡ് ഡെമോക്രാറ്റിക് ഫോഴ്സ് തുടങ്ങിയ സംഘടനകളാണ് ഭീകരാക്രമണം അഴിച്ചു വിടുന്നത്.

ലിബിയ, ഈജിപ്ത്, ടുണീഷ്യ എന്നിവിടങ്ങളിൽ ഐഎസ് ഭീകരരും അൽ ക്വയ്ദയുടെ സഹായമുള്ള ഭീരക സംഘടനകളും ഭീതി പടർത്തുന്നു. മൊസാംബിക്കിൽ ഐഎസ് സഹായമുള്ള സംഘടനകളാണ് ഭീകരത അഴിച്ചുവിടുന്നത്.



നൈജീരിയയിൽ ബോക്കോ ഹറാം തീവ്രവാദികളുടെ ആക്രമണത്തിൽ കൊല്ലപ്പെട്ടവർക്ക് അന്തിമോപചാരം അർപ്പിക്കുന്ന ഗ്രാമവാസികൾ (ഫയൽ ചിത്രം)

**ഹൃദയം നിറഞ്ഞ നന്ദിയോടെ...**



ചീഫ് എഡിറ്ററായി കഴിഞ്ഞ രണ്ട് വർഷം
മലബാർ വിഷനെ ശക്തമായി നയിക്കുകയും
വളർത്തുകയും ചെയ്ത ഞങ്ങളുടെ
പ്രിയപ്പെട്ട റോണി പോൾ കാവിൽ അച്ചന്
മലബാർ വിഷൻ കുടുംബത്തിന്റെ
ഹൃദയം നിറഞ്ഞ നന്ദി...
പുതിയ കർമ്മ മേഖലയിൽ എന്നും
വിജയങ്ങൾ കൈവരട്ടെ...



# പുല്ലൂരാംപാറ ബഥാനിയ റിന്യൂവൽ സെന്ററിൽ ദിവ്യകാരുണ്യ ആരാധനയും അഖണ്ഡ ജപമാല സമർപ്പണവും



**2025 ജൂലൈ 17 വ്യാഴാഴ്ച മുതൽ ഒക്ടോബർ 25 ശനിയാഴ്ച വരെ**

25 വർഷത്തിലേക്ക്

## പ്രധാന നിയോഗങ്ങൾ: ലോകസമാധാനവും കുടുംബവിശുദ്ധീകരണവും

താമരശ്ശേരി രൂപതയുടെ ആത്മീയ നവീകരണ കേന്ദ്രമായ ബഥാനിയ റിന്യൂവൽ സെന്ററിൽ
**101 ദിവസം (2424 മണിക്കൂർ)**
നീണ്ടുനിൽക്കുന്ന ദിവ്യകാരുണ്യ ആരാധനയും അഖണ്ഡ ജപമാല സമർപ്പണവും നടത്തപ്പെടുന്നു.

| ശുശ്രൂഷകൾ 2025 ജൂലൈ 17 | | | |
|---|---|---|---|
| | 09.30 AM: ഗാനശുശ്രൂഷ<br>10.00 AM: കുരിശിന്റെ വഴി<br>10.45 AM: സ്തുതി ആരാധന | 11.15 AM: ആഘോഷമായ വിശുദ്ധ കുർബ്ബാന, ദൈവവചന പ്രഘോഷണം-മുഖ്യകാർമ്മികൻ: അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ | 12.30 PM: ദിവ്യകാരുണ്യ ആരാധനയും ജപമാലസമർപ്പണവും ആരംഭിക്കുന്നു.<br>01.00 PM: നേർച്ച ഭക്ഷണം |

## പ്രത്യേകം ശ്രദ്ധിക്കുക

● 24 മണിക്കൂറും ആരാധന ഉണ്ടായിരിക്കുന്നതാണ്. ● ഞായർ ഒഴികെ എല്ലാ ദിവസവും രാവിലെ 6.00 നും ഉച്ചയ്ക്ക് 12.00 നും വൈകുന്നേരം 7.00 നും ദിവ്യബലി ഉണ്ടായിരിക്കുന്നതാണ്. ● 12.00 മണിക്കുള്ള ദിവ്യബലിയോടനുബന്ധിച്ച് വചനപ്രഘോഷണവും രോഗശാന്തി ശുശ്രൂഷയും ഉണ്ടായിരിക്കും. ● എല്ലാ ദിവസവും കുമ്പസാരത്തിനും സ്പിരിച്വൽ ഷെയറിംങ്ങിനും സൗകര്യം ഉണ്ടായിരിക്കുന്നതാണ്. ● എല്ലാ ദിവസവും ഉച്ചയ്ക്കും, രാത്രിയിലും നേർച്ചഭക്ഷണം നൽകുന്നതാണ്. ● ആരാധനയ്ക്കാവശ്യമായ എണ്ണ, മെഴുകുതിരി തുടങ്ങിയവ സമർപ്പിക്കാവുന്നതാണ്. ● ഭക്തവസ്തുക്കൾ വെഞ്ചരിക്കാനുള്ള സൗകര്യമുണ്ട്. ● എല്ലാദിവസവും പകൽ 3 മണിക്കും പുലർച്ചെ 3 മണിക്കും കുരിശിന്റെ വഴിയും കരുണ കൊന്തയും നടത്തപ്പെടുന്നു. ● ദമ്പതികളും കുടുംബങ്ങളും ഒരുമിച്ച് പ്രാർത്ഥനയ്ക്കെത്തുന്നത് അനുഗ്രഹപ്രദമാണ്. ● വാഹനങ്ങൾക്ക് പ്രത്യേകം പാർക്കിംഗ് സൗകര്യമുണ്ട്. ● പ്രാർത്ഥനാ ഗ്രൂപ്പുകൾക്കും ഭക്തസംഘടനകൾക്കും പ്രത്യേകം പ്രാർത്ഥനാ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

**പ്രാർത്ഥനാവശ്യങ്ങൾക്ക് ബന്ധപ്പെടുക: 9539 884 280, 9539 535 364**


# ക്വിസ് കോർണർ 2025

## 2025 ജൂലൈ – ആഗസ്റ്റ് ചോദ്യങ്ങൾ



**ഈ ലക്കത്തിൽ നിന്നുമാണ് ചോദ്യങ്ങൾ തയ്യാറാക്കിയിരിക്കുന്നത്**

1. ഒരു രാജ്യം സാമ്പത്തികമായി നല്ല നിലയിലാണോ എന്ന് വിലയിരുത്തുന്നത് എന്ത് അടിസ്ഥാനത്തിലാണ്?
2. ലോകരാഷ്ട്രങ്ങളുടെ സ്വാതന്ത്ര്യത്തെ വിലയിരുത്തുന്ന സംഘടനയുടെ പേര്?
3. ഫ്രീഡം ഇൻ ദി വേൾഡ് റിപ്പോർട്ട് പ്രകാരം സ്വാതന്ത്ര്യ സൂചികയിൽ ഇന്ത്യയുടെ സ്ഥാനം എത്ര?
4. 'ക്രൈസ്തവനും അക്രൈസ്തവനും' എന്ന കവിത രചിച്ചതാര്?
5. വിശ്വസിച്ചാൽ സഹനം ലാഭകരമാണെന്ന് പറഞ്ഞ പുണ്യവതി ആര്?
6. യുണൈറ്റഡ് ക്രിസ്ത്യൻ ഫോറത്തിന്റെ റിപ്പോർട്ട് പ്രകാരം 2024-ൽ ഇന്ത്യയിൽ ക്രൈസ്തവർക്കെതിരെയുണ്ടായ ആക്രമണങ്ങളുടെ എണ്ണം?
7. ഈയിടെ മാർപാപ്പയിൽ നിന്ന് മോൺസിഞ്ഞോർ പദവി ലഭിച്ച താമരശ്ശേരി രൂപത വൈദികന്റെ പേര്?
8. റൂബി ജൂബിലിയുടെ ഭാഗമായി 'പള്ളിമുറ്റം' എന്ന പ്രോഗ്രാം സംഘടിപ്പിക്കുന്ന സംഘടന ഏത്?
9. താമരശ്ശേരി രൂപത ചെറുപുഷ്പ മിഷൻ ലീഗിന്റെയും സംസ്ഥാന സമിതിയുടെയും 2025 പ്രവർത്തന വർഷത്തിന്റെ പേര് എന്ത്?
10. കേന്ദ്ര സർക്കാർ കർഷകർക്കായി അവതരിപ്പിച്ച ഏറ്റവും പുതിയ പദ്ധതി ഏത്?

**ഉത്തരങ്ങൾ 2025 ആഗസ്റ്റ് 18 ന് മുമ്പ് ലഭിക്കണം**

*2025 മെയ് – ജൂൺ ലക്കം വിജയികളായവർ:*

● ഒന്നാം സമ്മാനം, 1000 രൂപ
**അൽഫോൻസ ജോസ്**
പുളിക്കപടവിൽ, തോട്ടുമുക്കം

● രണ്ടാം സമ്മാനം, 500 രൂപ
**സി. ജെ. ഫ്രാൻസിസ്**
ചിറക്കടവിൽ, ചെമ്പനോട

● മൂന്നാം സമ്മാനം, 250 രൂപ
**പി. ടി. ബിജു പനയത്തിൽ**
പെരിന്തൽമണ്ണ

ഉത്തരങ്ങൾ അയയ്ക്കേണ്ട വാട്സാപ് നമ്പർ
**9744 99 5553**

സമ്മാനങ്ങൾ സ്പോൺസർ ചെയ്യുന്നത്
**ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**

## 2025 മേയ് – ജൂൺ ലക്കം ഉത്തരങ്ങൾ

1. ലിയോ പതിമൂന്നാമൻ, 2. 1986 ജൂലൈ 3ന്, 3. 1541, 4. എന്റെ ജീവിതം, എന്റെ ഇഷ്ടം, 5. അഗ്നിവീർ, 6. 1995 ജൂൺ 6, 7. വി.ടി കുമാരൻമാസ്റ്റർ, 8. ജൂലൈ, 9. ഫാ. ജോർജ് മുണ്ടനാട്ട്, 10. 4594

## പൊതുനിർദ്ദേശങ്ങൾ

● പേജിന്റെ വലതു വശത്ത് നൽകിയിരിക്കുന്ന സ്ഥലത്ത് ഉത്തരങ്ങൾ എഴുതി, പേരും വിലാസവും രേഖപ്പെടുത്തി അയയ്ക്കേണ്ടതാണ്. ● വാട്സാപ്പിലൂടെ ഉത്തരങ്ങൾ അയയ്ക്കുന്നവർ ഉത്തരങ്ങൾ രേഖപ്പെടുത്തിയ ക്വിസ് കോർണർ ഭാഗം മാത്രം ഫോട്ടോ എടുത്തോ സ്കാൻ ചെയ്തോ അയയ്ക്കണം. ഉത്തരങ്ങൾ വായിച്ചെടുക്കാൻ പാകത്തിനു വേണം ഫോട്ടോയെടുത്ത് അയയ്ക്കാൻ. അവ്യക്തമായ ഉത്തരങ്ങളുള്ളവ പരിഗണിക്കില്ല. ● പേപ്പറുകളിൽ എഴുതിയോ വാട്സാപ്പിൽ ടൈപ്പ് ചെയ്തോ അയയ്ക്കുന്ന ഉത്തരങ്ങൾ മത്സരത്തിനായി പരിഗണിക്കുന്നതല്ല.
● വിലാസം: എഡിറ്റർ, മലബാർ വിഷൻ, പിഎംഒസി, മേരിക്കുന്ന് പിഒ, കോഴിക്കോട് 673012. ● സംശയങ്ങൾക്ക് വിളിക്കുക: 97 44 99 5553

ഇവിടെ മുറിക്കുക

**ഉത്തരങ്ങൾ ഇവിടെ എഴുതുക**

| | |
|---|---|
| 1 | |
| 2 | |
| 3 | |
| 4 | |
| 5 | |
| 6 | |
| 7 | |
| 8 | |
| 9 | |
| 10 | |

പേര്: ..............................................

വീട്ടുപേര്: ..............................................

ഇടവക: ..............................................

ഫോൺ: ..............................................





Printed and Published by Fr. Benny Alex Karackatt on behalf of Diocese of Thamarassery and printed at Roshni Publications (P) Ltd, Calicut-12 and published at PMOC, Marikkunnu, Calicut-12. Editor: Fr. Roy Thekkumkattil